കേരള സർക്കാർ

ലക്കം 1 നവംബർ 2022

# ecostat news

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഔദ്യോഗിക മാഗസിൻ

## ഇക്കോസ്റ്റാറ്റ് ന്യൂസ്




**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്**

വികാസ് ഭവൻ, തിരുവനന്തപുരം

വെബ്സൈറ്റ്: www.ecostat.kerala.gov.in




കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി


നം. 674/പ്രസ്/സി.എം.ഒ/22. 20 ഒക്ടോബർ, 2022.

<u>സന്ദേശം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 'എക്കോസ്റ്റാറ്റ് ന്യൂസ്' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

നമ്മുടെ സംസ്ഥാനത്ത് ശാസ്ത്രീയമായ പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സഹായകരമാകുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്നതാകും മാസിക എന്നു കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

**The Director**
Economics & Statistics Dept.
E-Mail: ecostatdir@gmail.com


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001

ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in

facebook.com/cmokerala twitter.com/cmokerala

വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853

www.keralacm.gov.in

# ഉള്ളടക്കം





***ചീഫ് എഡിറ്റർ***

**ശ്രീ സജീവ് പി. പി.**
ഡയറക്ടർ

***അസോസിയേറ്റ് എഡിറ്റേഴ്സ്***

**ശ്രീമതി ലതാകുമാരി സി. എസ്.**
അഡീഷണൽ ഡയറക്ടർ (ജനറൽ)

**ശ്രീ വിനോദൻ ടി. പി.**
സീനിയർ ജോയിന്റ് ഡയറക്ടർ (പി.പി.സി)

***അസിസ്റ്റന്റ് എഡിറ്റേഴ്സ്***

**ശ്രീ ഡി. എസ്. ഷിബുകമാർ**
ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ)

**ശ്രീ പ്രീത് വി.എസ്.**
നോസോളജിസ്റ്റ്

**ശ്രീ എസ്. വിനയചന്ദ്രൻ പിള്ള**
അസിസ്റ്റന്റ് ഡയറക്ടർ (പി.പി.സി)

**ശ്രീ രാജേന്ദ്രൻ കുറ്റിക്കാട്**
അസിസ്റ്റന്റ് ഡയറക്ടർ (പ്രൈസസ്)

**ശ്രീ ഹരീഷ് എസ്.**
സ്ക്രൂട്ടിണി ഓഫീസർ (ഐ & ഇഎസ്)

**ശ്രീ സാജൻ സി. കെ.**
ലൈബ്രേറിയൻ

***ലേ ഔട്ട് ആന്റ് ഡിസൈൻ***
**ശ്രീ ഹരീഷ് എസ്.**
സ്ക്രൂട്ടിണി ഓഫീസർ (ഐ & ഇഎസ്)

***ടൈപ്പ് സെറ്റിംഗ്***
**ശ്രീമതി ഷിനു ജി.**
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
**ശ്രീ കിരൺ സുരേന്ദ്രൻ**
എൽ. ഡി. ടൈപ്പിസ്റ്റ്


മാഗസിനിൽ ഉപയോഗിച്ചിരിക്കുന്ന ചില ചിത്രങ്ങൾക്കും ഫോട്ടോകൾക്കും വിവിധ വെബ്സൈറ്റുകളോട് കടപ്പാട്.

ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.


1. രാജ്യങ്ങളുടെ സുസ്ഥിരവികസനത്തിൽ സ്റ്റാറ്റിസ്റ്റിക്സിന്റെ പങ്ക്........................................3
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും ഡാറ്റയും ........................................................5
3. The Galaxy of Brave New Data Science World ...................................................................8
4. നെൽകൃഷിയുടെ വിസ്തൃതി - ജില്ലാ അടിസ്ഥാനത്തിൽ 2011-12 മുതൽ 2020-21 വരെ ........11
5. കാർഷിക കേരളം 1956 ലും 2022 ലും ..................................................................................16
6. മണ്ണു സംരക്ഷണ പഠന സർവേ.................................................................................................19
7. 79-ാം റൗണ്ട് ദേശീയ സാമ്പിൾ സർവേ.......................................................................................22
8. കാർഷിക സെൻസസ് 2021-22....................................................................................................24
9. ആഭ്യന്തര മൊത്ത വരുമാനം (ജി.എസ്.ഡി.പി) ...........................................................................27
10. കേരളത്തിലെ സംഘടിത ഉൽപാദനമേഖല - താരതമ്യ പഠനം ............................................32
11. ജനനനിരക്ക് സൂചകങ്ങളുടെ അവലോകനം ............................................................................37
12. മിഷൻ അന്ത്യോദയയും കേരളവും ..........................................................................................41
13. ദേശീയ കുടുംബാരോഗ്യ സർവേയും കേരളവും .......................................................................45
14. 2022 ൽ വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ..................................................................51
15. സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസ)............................56

# എഡിറ്റോറിയൽ

രാജ്യത്തെ സ്ഥിതിവിവര സംവിധാനത്തിൽ മെച്ചപ്പെട്ട ഒന്നാണ് കേരള സംസ്ഥാനത്തെ സ്ഥിതിവിവര സംവിധാനം. സംസ്ഥാനത്തെ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് കൈകാര്യം ചെയ്യുന്ന നോഡൽ ഏജൻസി എന്ന നിലയിൽ വകുപ്പ് വിവിധങ്ങളായ വിഷയങ്ങളിൽ വർഷം തോറും ഡാറ്റാ ശേഖരണം നടത്തി വിശകലനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി സമയ ബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നു. വകുപ്പ് ഡിറക്ടറേറ്റിലെ വിവിധ വിഭാഗങ്ങൾ അവരവരുമായി ബന്ധപ്പെട്ട പദ്ധതികളുടെ റിപ്പോർട്ടുകളാണ് ഇത്തരത്തിൽ പ്രസിദ്ധീകരിക്കുന്നത്.

നിർബന്ധമായും ചെയ്യുന്ന റിപ്പോർട്ടുകൾ കൂടാതെ ആനുകാലിക പ്രാധാന്യമുളള വിഷയങ്ങളിലും ഡാറ്റാ ശേഖരണം നടത്തി, വിശകലനം ചെയ്ത് യഥാസമയം സർക്കാരുകൾക്കും ഡാറ്റാ ഉപയോക്താക്കൾക്കും നൽകുന്നത് ആസൂത്രണ പ്രക്രിയയിൽ ഡാറ്റായ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് സഹായിക്കുന്നതാണ്. ഇത്തരത്തിൽ ഉളള ഒരു ഉദ്യമം എന്ന നിലയിലാണ് 'ecostat news' എന്ന പ്രസിദ്ധീകരണം ഇവിടെ അവതരിപ്പിക്കുന്നത്. 2000 വർഷത്തിൽ തുടങ്ങി 2006 ൽ നിലച്ചുപോയ ഈ മാഗസിൻ കൂടുതൽ പ്രാധാന്യം നൽകി കൊണ്ട് മെച്ചപ്പെട്ട ലേഖനങ്ങൾ ഉൾപ്പെടുത്തി മാസം തോറും പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഡാറ്റായുടെ ഉപയോഗത്തിലുളള കൂടുതൽ കണ്ടെത്തലുകൾ നടത്തുന്നതിനും ഡാറ്റാഗ്യാപ് മനസ്സിലാക്കുന്നതിനും ഡാറ്റായുടെ മെച്ചപ്പെട്ട വിശകലനത്തിനും അപഗ്രഥനത്തിനും സാഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വകുപ്പ് ശേഖരിക്കുന്ന ഡാറ്റായുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഇത്തരത്തിൽ സ്വയം അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലൂടെ സാധ്യമാകുന്നതാണ്. ഈ രീതിയിലുളള അപഗ്രഥനങ്ങളുടെയും, കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെയും ഒരു സമാഹാരമാണ് ഈ മാഗസിൻ.

പുനരാരംഭിക്കുന്ന ecostat news-ന്റെ ആദ്യപതിപ്പ് കേരളപ്പിറവി ദിനമായ 2022 നവംബർ 1-ാം തീയതി പ്രകാശനം ചെയ്യുകയാണ്. ഇതിൽ ഉൾപ്പെടുത്തുന്നതിനായ് ലേഖനങ്ങൾ തയ്യാറാക്കി നൽകിയ ഡയറക്ടറേറ്റ്/ജില്ലാ/താലൂക്ക് ഓഫീസുകളിലെ ഉദ്യോഗസ്ഥരെയെല്ലാം പ്രത്യേകം അഭിനന്ദിക്കുന്നു.

ecostat news-ന്റെ പേജ് ഡിസൈനിംഗ്, ലേ ഔട്ട് ജോലികൾ എന്നിവ നിർവഹിച്ച ഡയറക്ടറേറ്റിലെ ഐ & ഇ എസ് വിഭാഗത്തിലെ ശ്രീ ഹരീഷ് എസ്., ടൈപ്പ് സെറ്റിംഗ് ജോലികൾ നിർവഹിച്ച ഡയറക്ടറേറ്റിലെ ഫെയർ കോപ്പി വിഭാഗത്തിലെ ശ്രീ കിരൺ സുരേന്ദ്രൻ., ശ്രീമതി ഷിനു ജി. എന്നിവരേയും, ഇതിന് മുൻകൈ എടുത്ത കമ്പ്യൂട്ടർ വിഭാഗത്തേയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരളപ്പിറവി ദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിനാൽ ഉളളടക്കം പരമാവധി മലയാളത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. തുടർന്നുളള ലക്കങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഈ പ്രസിദ്ധീകരണത്തെ വിലയിരുത്തി പോരായ്മകൾ കാണുന്നുവെങ്കിൽ അത് പരിഹരിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ, കൂടാതെ ലേഖനങ്ങൾ എന്നിവ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

**സജീവ് പി. പി.**
ചീഫ് എഡിറ്റർ & ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

തിരുവനന്തപുരം
20/10/2022




**സരോജിനി പുൽപറമ്പിൽ**
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2
സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
തളിപ്പറമ്പ്

# രാജ്യങ്ങളുടെ സുസ്ഥിര വികസനത്തിൽ സ്റ്റാറ്റിസ്റ്റിക്സിന്റെ പങ്ക്

ഏതൊരു രാജ്യത്തിന്റെയും വികസനത്തിന്റെ അടിസ്ഥാനം വിവിധങ്ങളായ ഡാറ്റയുടെ സമാഹരണവും, വിശകലനവും, വിനിയോഗവുമാണ്. ഇന്നലെകളുടെ ചുവട്ടുറപ്പിൽ നിന്ന് നാളെകളുടെ ഉയരങ്ങളിലേക്ക് എത്തണമെങ്കിൽ ഡാറ്റയുടെ കാര്യക്ഷമമായ ഉപയോഗം നടപ്പിലാക്കേണ്ടതുണ്ട്. ഇവിടെയാണ് സ്റ്റാറ്റിസ്റ്റിക്സിന്റെ പ്രാധാന്യം ഉയർന്നുവരുന്നത്. നിലവിലുള്ള വിഭവങ്ങൾ ഇന്നത്തെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോടൊപ്പം ഭാവിതലമുറയ്ക്കു കൂടി ലഭ്യമാകത്തക്കവിധത്തിൽ കാര്യക്ഷമമായി വിനിയോഗിക്കുമ്പോഴാണ് സുസ്ഥിരവികസനം സാധ്യമാകുന്നത്. ഇന്നിന്റെ ആവശ്യങ്ങളെ നിവർത്തിക്കുന്നതോടൊപ്പം നാളെയുടെ ഭാവി കെട്ടിപ്പടുക്കുന്നതിൽ ഡാറ്റയുടെ പങ്ക് വളരെ പ്രാധാന്യമേറിയതാണ്.

രാജ്യത്തിന്റെ ഭാവിപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഓരോ വർഷവും അവതരിപ്പിക്കുന്ന ബജറ്റുകളുടെ പ്രാധാന്യം നമുക്കറിയാവുന്നതാണ്. ഇതിനായി ഉപയോഗിക്കുന്ന ഡാറ്റയുടെ നിലവാരത്തെ ആശ്രയിച്ചാണ് രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സാധ്യമാകുന്നത്. നാം ഉപയോഗിക്കുന്ന ഡാറ്റ ഗുണമേന്മയുള്ളവയാകണമെങ്കിൽ കൃത്യതയുള്ളതും സമകാലികവുമായ വിവരങ്ങൾ ആയിരിക്കണം ലഭ്യമാകേണ്ടത്. ഗുണനിലവാരമുള്ള ഡാറ്റ അടിസ്ഥാന വിവരങ്ങളായിരിക്കുമ്പോൾ അതിൽ കെട്ടിപ്പെടുക്കുന്ന ഭാവിയും സുരക്ഷിതമായിരിക്കും. ഒരു പ്രത്യേക ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുള്ള പ്രശ്നപരിഹാരങ്ങൾക്കും, ആരോഗ്യകരമായ വാദങ്ങൾക്കും സമീപനങ്ങൾക്കും ഏത് മേഖലകളിലും ഡാറ്റ ഉപയോഗപ്പെ ടുത്തുന്നു. ഒരു രാജ്യത്തിന്റെ നട്ടെല്ല് എന്നത് കൃഷിയും വ്യവസായവും

സേവനവും ഉൾപ്പെടുന്ന പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാണ്. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ കാർഷിക മേഖലയിലധിഷ്ഠിതമായ സമ്പദ്വ്യവസ്ഥയുള്ളവയാണ്. കാർഷിക മേഖലയിലും അനുബന്ധ മേഖലക ളിലുമായി തൊഴിൽ ചെയ്യുന്നവർ ധാരാളമുണ്ട്. ഇവയിലെ ഓരോ ഡാറ്റയുടെയും വിശകലനം നിലവിലുള്ള അവസ്ഥകൾ അറിയുന്നതിനും ഭാവിയിൽ ഏത് രീതിയി ലുള്ള വികസന സാധ്യതകൾ കൊണ്ടുവരണമെന്ന തീരുമാ നങ്ങൾക്കും അടിത്തറയിടുന്നു. ഇന്ത്യയെപ്പോലുള്ള വികസിത രാജ്യങ്ങ ളിൽ വ്യാവസായിക മേഖലയും സേവനമേഖലയും വികസിച്ചു കൊണ്ടിരിക്കുന്നു. 2020-21 കാലത്ത് ഇന്ത്യയിൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിലേക്ക് 25.92%-മാണ് വ്യവസായ മേഖലയുടെ സംഭാവന. സർവീസ് മേഖല 54%, കാർഷിക മേഖല 20.19% എന്നിങ്ങനെയാണ് സംഭാവന നൽകിയത്. ഈ കണക്കുകളിൽ നിന്ന് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ സേവനമേഖലയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്നതായി കാണാം.

സാമൂഹ്യമേഖലയിൽ ഉണ്ടാകുന്ന വികസനം രാജ്യ ത്തിന്റെ പുരോഗതിയെ സൂചിപ്പിക്കുന്നു. ക്ഷേമരാഷ്ട്രം എന്നത് മാനസികവും ശാരീരികവുമായ ആരോഗ്യം നില നിൽക്കുന്ന ജനതയിലൂടെ മാത്രമേ സാധ്യമാകൂ. ആരോഗ്യ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ചികിത്സയിൽ ഉയർന്നു വരുന്ന നൂതനസാങ്കേതികവിദ്യകൾ, രോഗികൾ ഡോക്ടർ മാർ, നേഴ്സുമാർ തുടങ്ങിയവരുടെ എണ്ണം, പുതിയ മരുന്നു കളുടെ ഉപയോഗം, രോഗമുക്തരായവരുടെ എണ്ണം, വാക്സി നുകളുടെ വിതരണം എന്നിങ്ങനെ പലതരം ഡാറ്റാകൾ ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിൽ 75% ജനങ്ങൾ ഗ്രാമീണ മേഖലയിൽ അധിവസിക്കുമ്പോൾ കിടത്തി ചികിത്സാ സൗകര്യം അടങ്ങിയ ആശുപത്രികൾ 30% മാത്രമേയുള്ളൂ എന്നത് ആരോഗ്യമേഖലയിലെ പിന്നാക്കാവസ്ഥ വിളി ച്ചോതുന്നു. അതുപോലെ ഇന്ത്യയിൽ പൊതുമേഖലയിലെ ആശുപത്രി സൗകര്യങ്ങൾ 20% മാത്രമാണ്. ബാക്കിയു ള്ളവ സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്.

ഒരു രാജ്യത്തിന്റെ സമ്പത്തിൽ പ്രധാനമായ താണ് ഉയർന്ന വിദ്യാഭ്യാസവും ജീവിതനിലവാരവും ഉള്ള ജനത. 2020-ൽ ലോകജനസംഖ്യയുടെ 17.7%-മാണ് ഇന്ത്യൻ ജനസംഖ്യ എന്ന് കണക്കാക്കുന്നു. 10 വർഷത്തി ലൊരിക്കൽ ഇന്ത്യയിൽ നടത്തുന്ന ജനസംഖ്യാകണ ക്കെടുപ്പ് രാജ്യത്തുള്ള ഏറ്റവും വലിയ ഡാറ്റാ ശേഖരങ്ങളിൽ ഒന്നാണ്. ജനങ്ങളുടെ ജീവിതനിലവാരം, സ്ത്രീ-പുരുഷാനു പാതം, ജനനമരണ നിരക്ക്, ജനസാന്ദ്രത ഇങ്ങനെ വിവിധങ്ങളായ കണക്കുകൾ ഇതിലൂടെ ലഭ്യമാകുന്നു.

ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ വികാസം അനുദിനം നടന്നുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ ഏത് കോണിലും ഏത് മേഖലകളിലും സാങ്കേതികവിദ്യകൾ ഉപ യോഗിക്കുന്നുവെന്ന് നമുക്കറിയാം. ഡാറ്റയുടെ ഉപയോഗം ഏറ്റവും കൂടുതൽ നടത്തപ്പെടുന്നവയാണ് കമ്പ്യൂട്ടർ ശൃംഖലകൾ. ഇന്ന് ലോകത്തിന്റെ കണക്കു കൂട്ടലുകൾ ഈ കമ്പ്യൂട്ടർ ശൃംഖലകളിലൂടെയാണ് തീരുമാനിക്കപ്പെടുന്നത്. ശാസ്ത്രത്തിന്റെ വികസനത്തിലും ഡാറ്റാകളുടെ ഉപയോഗം നടക്കുന്നു. കണക്കുകളെ അടിസ്ഥാനമാക്കിയാണ് ശാസ്ത്ര ത്തിന്റെ ഓരോ ചുവടുവയ്പ്പും. പ്രപഞ്ചത്തിലെ ഏത് ശാസ്ത്രശാഖയും ഓരോ രാജ്യത്തിന്റെയും വികസ ത്തിലുള്ള ആണിക്കല്ലുകളാണ്. മനുഷ്യന്റെ ഉത്ഭവകാലം മുതൽ ഇന്നുവരെയുള്ള ശാസ്ത്രസാങ്കേതിക വിദ്യകളുടെ വികാസം വിശാലമായ ലോകത്തിലെ എണ്ണിയാൽ തീരാത്ത ഡാറ്റയായി നമുക്ക് മുൻപിലുണ്ട്.

രാജ്യങ്ങളുടെ വികസനപ്രവർത്തനങ്ങൾ പരി സ്ഥിതിയുടെയും കാലാവസ്ഥയുടെയും നിലനിൽപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. മണ്ണ്, വെള്ളം, വായു, വന മേഖല ഇവയെല്ലാം വികസന സമയത്ത് പരമാവധി ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ഓരോ വർഷവും നിരത്തി ലിറങ്ങുന്ന വാഹനങ്ങളും, പ്രവർത്തിക്കുന്ന ഫാക്ടറികളും അന്തരീക്ഷത്തെ എത്രമാത്രം മലിനമാക്കുന്നു എന്ന് നമുക്ക റിയാം. സുസ്ഥിരവികസനമെന്നത് കാര്യക്ഷമമായി നട പ്പാക്കണമെങ്കിൽ ഓരോ കണക്കുകളിലും സൂക്ഷ്മത നില നിർത്തേണ്ടതുണ്ട്. എങ്കിലേ ഭാവിതലമുറയ്ക്കുകൂടി മണ്ണും വെള്ളവും ശുദ്ധവായുവും ലഭ്യമാകൂ. മനുഷ്യകുലം എന്നത് കഥകൾ മാത്രമായി മാറാതിരിക്കൂ.

ലോകത്തിന്റെ നിലനിൽപ്പു തന്നെ ഡാറ്റയിലാണ് എന്ന് നമുക്ക് നിസ്സംശയം പറയാം. ഇന്നലെയും ഇന്നും നാളെയും തമ്മിലുള്ള അന്തരം മനസിലാക്കുവാനും, പുതിയ ലോകം കെട്ടിപ്പടുക്കുവാനും വ്യക്തമായ ഡാറ്റയുടെ അടിത്തറ തീർച്ചയായും ഉണ്ടായിരിക്കണം.



# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും ഡാറ്റയും

**ജസ്റ്റിൻ എം. ജെ.**
റിസർച്ച് ഓഫീസർ
ജില്ലാ ഓഫീസ്, കോട്ടയം

ഔദ്യോഗിക ഡാറ്റാ ദാതാവ് എന്ന നിലയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പ്രാധാന്യം വളരെ വിലപ്പെട്ടതാണ്. നിരവധി സ്ഥാപനങ്ങളും വ്യക്തികളും തങ്ങളുടെ പ്രവർത്തന മേഖലയുടെ അടിസ്ഥാനമായി വകുപ്പിന്റെ ഡാറ്റാ ഉപയോഗപ്പെടുത്തുന്നു. സ്റ്റേറ്റ് പ്ലാനിങ് ബോർഡ് തയ്യാറാക്കുന്ന സാമ്പത്തിക അവലോകന റിപ്പോർട്ടിലും സംസ്ഥാനവരുമാനം കണക്കാക്കുന്നതിലും സുസ്ഥിരവികസന സൂചികയിൽ സ്ഥാനം പരിഗണിക്കുന്നതിലും വകുപ്പ് നൽകുന്ന ഡാറ്റാകൾക്ക് പ്രത്യേകം ചൂണ്ടിക്കാണിക്കപ്പെടേണ്ട സ്ഥാനമുണ്ട്. ഇത്തരത്തിലുള്ള ഔദ്യോഗിക ഉപയോഗങ്ങൾക്ക് പുറമെ ധാരാളം വ്യക്തികൾ തങ്ങളുടെ ഗവേഷണ വിശകലന ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതും വകുപ്പിന്റെ ഡാറ്റായാണ്. നമ്മുടെ വകുപ്പിന്റെ നട്ടെല്ല് തന്നെയായ ഇ.എ.ആർ.എ.എസ്-ലൂടെ നടത്തുന്ന വിവരശേഖരണത്തിന്റെ ഉപയോഗവ്യാപ്തി വ്യക്തമാക്കുന്ന ചില പരിശോധനകൾ ആണ് ഇവിടെ ഉദ്ദേശിക്കുന്നത്.

സാമ്പത്തിക അവലോകന റിപ്പോർട്ട് 2021, ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ വിശകലനമാണ്. അതിനായി വിവിധ മേഖലകളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നു. നമുക്ക് അറിയുന്ന പോലെ കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷി ഒരു തന്ത്രപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ സമ്പദ്‌വ്യവസ്ഥയുടെ മാറ്റത്തിൽ ഘടനാപരമായ സംഭാവന നൽകാൻ കാർഷിക മേഖലയ്ക്ക് ആകും. 2013-14 ൽ കേരളത്തിന്റെ മൊത്ത സംസ്ഥാന മൂല്യവർദ്ധിതത്തിൽ (GSVA) കൃഷിയുടെ പങ്ക് 12.37 % ആയിരുന്നു.

2020-21 ആയപ്പോൾ അത് 9.44% ആയി കുറഞ്ഞിരിക്കുന്നു. ലോകത്ത് ആകമാനം പടർന്നു പിടിച്ച

കോവിഡ് 19 മഹാമാരിയുടെ ആഘാതം ആയിട്ടാണ് ഈ കുറവിനെ വിലയിരുത്തുന്നത്.




രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ് കേരളത്തിന്റെ ഭൂവിനിയോഗവും കൃഷി രീതിയും. ഭൂമിയുടെ കാർഷികേതര ഉപയോഗത്തിലെ വർദ്ധനവും തരിശു പ്രദേശത്തിന്റെ വർദ്ധനവും ഇക്കാലയളവിൽ നിരീക്ഷിക്കാവുന്നതാണ്. എന്നാൽ 2019-20 നേക്കാൾ 2020-21 ൽ കാർഷികമേഖലയുടെ മൊത്തത്തിലുള്ള പ്രകടനം സംസ്ഥാനത്ത് പുരോഗതി കാണിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള ഡാറ്റാ അനുസരിച്ച് കൃഷിയുടെയും അനുബന്ധമേഖലയുടെയും മൊത്തം സംസ്ഥാന മൂല്യ വർദ്ധിത വിഹിതം 2019-20 ലെ 8.38% ത്തിൽ നിന്നും 2020-21 ൽ 9.44% ആയി വർദ്ധിച്ചിട്ടുണ്ട്. അതുപോലെ തന്നെ കഴിഞ്ഞ അഞ്ചു വർഷത്തെ കാർഷികവളർച്ച പോസിറ്റീവ് നിരക്കാണ് കാണിക്കുന്നത് 2020-21 ൽ അത് 3.38% ആണ്.

പോയ വർഷങ്ങളിൽ ഭൂവിനിയോഗ രീതിയിലും വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഭക്ഷ്യ വിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റങ്ങളും കാർഷികേതര ഉപയോഗത്തിലെ വർദ്ധനവും ഒക്കെ പ്രത്യേകം ശ്രദ്ധേയമാണ്. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.69 ലക്ഷം ഹെക്ടർ കൃഷിയിടമാണ്, അതായത് 66.10%. 2019-20 നെ അപേക്ഷിച്ച് പയർ, മില്ലെറ്റ് എന്നിവയുടെ ഉൽപാദനത്തിൽ വർദ്ധനവ് കാണിക്കുന്നില്ലെങ്കിലും അരി (6.8%), മരച്ചീനി (16.8%) മധുരക്കിഴങ്ങ് (56.6%) എന്നിവയുടെ ഉൽപാദനത്തിൽ 2020-21 ൽ വർദ്ധനവ് കാണിക്കുന്നുണ്ട്. സുഗന്ധവ്യഞ്ജനങ്ങളിൽ കുരുമുളകിന്റെ ഉൽപാദനത്തിൽ കുറവ് കാണിച്ചപ്പോൾ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉൽപാദനത്തിൽ വർദ്ധനവുകാണിച്ചു. തോട്ടവിളകളായ തേയില, കാപ്പി, ഏലം എന്നിവയുടെ ഉൽപാദനവും വർദ്ധിച്ചിട്ടുണ്ട്. ഏത്തവാഴയുടെ ഉൽപാദനം കുറഞ്ഞപ്പോൾ മറ്റുവാഴയുടെ ഉൽപാദനം 1.5% വർദ്ധനവ് രേഖപ്പെടുത്തി. സംസ്ഥാനത്തിന്റെ മൊത്തം കൃഷിവിസ്തൃതിയിൽ നാളികേരം 29.9% വും, റബർ 21.43% വും, നെല്ല് 7.86% വുംആണ്.

**Table 3.1.2** *Share of agriculture and allied sectors in GVA/GSVA National and State level, constant prices 2011-12*

| Year | Share of Agriculture and allied sectors in Total GVA (India) (%) | Share of Agriculture and allied sectors in GSVA (Kerala) (%) |
|---|---|---|
| 2013-14 | 17.8 | 12.37 |
| 2014-15 | 16.5 | 11.92 |
| 2015-16 | 15.4 | 10.74 |
| 2016-17 | 15.2 | 9.96 |
| 2017-18 | 15.1 | 9.61 |
| 2018-19 | 14.6. | 9.03 |
| 2019-20 | 14.8 | 8.38 (P) |
| 2020-21 | 16.38 (P) | 9.44 (Q) |

*Source: National Accounts Statistics 2021, GoI; Directorate of Economics and Statistics, GoK*
*Note: (P) Provisional, (Q) Quick*

64 | ECONOMIC REVIEW 2021 | CHAPTER 3

നെൽകൃഷിയെ പ്രത്യേകമായി പരിശോധിക്കുമ്പോൾ ലോകത്ത് ചൈന കഴിഞ്ഞാൽ നെല്ല് ഉൽപാദനത്തിൽ രണ്ടും മൂന്നും സ്ഥാനത്തു നിൽക്കുന്ന രാജ്യങ്ങളാണ് ഇന്ത്യയും ഇന്തോനേഷ്യയും. 2020-21 ൽ കേരളത്തിൽ 2.02 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുകയും 6.27 ലക്ഷം ടൺ അരി ഉത്പാദനം നടത്തുകയും ചെയ്തു. അതായത് 2019-20 ലെ 5.7% ഉൽപാദനത്തിൽ നിന്നും 6.8% ആയി ഉൽപാദനം വർദ്ധിച്ചു.

സംസ്ഥാനത്തെ മൊത്തം അരി ഉൽപാദനത്തിന്റെ 78.9% വും നൽകുന്നത് പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളാണ് (പാലക്കാട് 38%, ആലപ്പുഴ 19.8%,

തൃശ്ശൂർ 11.8%, കോട്ടയം 9.2%). സാമ്പത്തിക അവലോകനവുമായി ബന്ധപ്പെട്ട ഈ വിവരങ്ങളുടെ മുഖ്യ സ്രോതസ്സ് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ആണ്.

വകുപ്പ് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന മറ്റൊരു ഔദ്യോഗിക രേഖയാണ് സംസ്ഥാന വരുമാനം. സംസ്ഥാന സമ്പദ്ഘടനയുടെ സംസ്ഥാനതല പ്രകടനം വിശകലനം ചെയ്യുന്നത് നിലവിലെ വിലയിലും സ്ഥിരവിലയിലും വാർഷികമായി തയ്യാറാക്കുന്ന സംസ്ഥാന ആഭ്യന്തര ഉൽപാദനം നിരക്ക് (GDP) അടിസ്ഥാനമാക്കിയാണ്. സമ്പദ് വ്യവസ്ഥയെ പ്രാഥമികം, ദ്വിതീയം, ത്രിതീയം എന്നീ മേഖലകളായി തരം തിരിച്ചിരിക്കുന്നു.




കാർഷിക മേഖലയിലെ ജിഡിപി കണക്കാക്കുന്നത് ഉൽപാദന അടിസ്ഥാനത്തിലുള്ള വരുമാനം കണക്കാക്കിയാണ്. സംഘടിത ഉൽപാദന മേഖലയിൽ നിന്നുള്ള വരുമാനം കണക്കാക്കുന്നതിന് ASI സർവേ വിവരങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അസംഘടിത ഉൽപാദന മേഖലയിലെ വരുമാനം എസ്റ്റിമേറ്റ് ചെയ്യുന്നത് സാമ്പത്തിക സെൻസസ്, ലേബർ ഫോഴ്സ് എന്നിവയുടെ തുടർ സർവേകളിൽ ഓരോ തൊഴിലാളികളുടെയും മൂല്യം ചേർത്തുള്ള കണക്കുകൾ ഉപയോഗിച്ചാണ് .

ഉൽപ്പാദനക്ഷമത കൂടി എന്നാൽ ഇൻപുട്ടിൽ കുറവ് വരുത്തിക്കൊണ്ട് ലഭ്യമായി കൊണ്ടിരിക്കുന്ന ഔട്ട്പുട്ട് ഉണ്ടാക്കുക എന്നതാണ്. എന്നാൽ കാർഷിക ഉത്പന്നങ്ങളുടെ അമിതമായ വിതരണം ആ ഉൽപ്പന്നത്തിന്റെ വില കുറയുന്നതിനും കാർഷിക ഉത്പാദനമൂല്യത്തിന്റെ കുറഞ്ഞ അനുപാതത്തിലേക്ക് നയിക്കുകയും ചെയ്യും. വികസിത രാജ്യങ്ങളെ സംബന്ധിച്ച് അവർക്ക് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ കൂടുതൽ സ്രോതസ്സുകളും അതിനാവശ്യമായ മൂലധനവും ഉണ്ടാകും. എന്നാൽ വികസ്വര രാജ്യങ്ങളുടെ സ്ഥിതി അതല്ല അവർക്ക് ആവശ്യമായത് ലഭ്യമാക്കാൻ അവർ കൂടുതൽ സ്വയംപര്യാപ്തതയിലേക്ക് അടുക്കേണ്ടിവരും. ഇത്തരത്തിൽ വളരെ സങ്കീർണമായ സാഹചര്യമാണ് കാർഷിക മേഖലയ്ക്കുള്ളത്. അതിനാൽ തന്നെ ആ മേഖലയിൽ നിന്നും സംസ്ഥാന വരുമാനത്തിലേക്കുള്ള പങ്ക് കണ്ടുപിടിക്കാൻ ഡാറ്റാ മൈനിങ് അടക്കമുള്ള നൂതന സാങ്കേതികത ഉപയോഗപ്പെടുത്തേണ്ടിവരാറുണ്ട്.

ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ് സുസ്ഥിരവികസനം. വികസനം എപ്പോഴും സ്ഥിരം ആയതും പ്രകൃതി സൗഹാർദമായതും സമതുലിതമായതും ആയിരിക്കണം. ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാന പ്രകാരം ലോകരാജ്യങ്ങൾ എല്ലാം ഈ പാതയിലാണ് ഇന്ത്യയും അതേമാർഗ്ഗം പിന്തുടരുന്നു. 17 ഗോളുകൾ അല്ലെങ്കിൽ ലക്ഷ്യങ്ങൾ നേടുന്നതിലൂടെ ആണ് അത് പൂർത്തീകരിക്കുക.

ലക്ഷ്യത്തിലേക്കുള്ള യാത്ര കാര്യക്ഷമമാകണമെങ്കിൽ അത് വിശകലനം ചെയ്യപ്പെടണം. അതിലൂടെ ലക്ഷ്യം വച്ച ടാർജറ്റുകൾ നേടിയെടുക്കണം ഇത് പരിശോധിക്കാൻ ചില ഇൻഡിക്കേറ്ററുകൾ ഉപയോഗപ്പെടുത്തുന്നു. നമ്മുടെ സംസ്ഥാനത്ത് ഈ ഇൻഡിക്കേറ്ററുകൾക്ക് ഉത്തരം നൽകേണ്ടത് ഡാറ്റാപാർട്ട്ണർ എന്ന നിലയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കുവകുപ്പിന്റെ ചുമതലയാണ്. ഇ.എ.ആർ.എ.എസ് അടക്കമുള്ള സർവേകളിലൂടെ അക്കാര്യം നമ്മൾ നിർവഹിച്ചു കൊണ്ടിരിക്കുന്നു. അരിയുടെയും ഗോതമ്പിന്റെയും ഉൽപ്പാദനക്ഷമത, ഓരോ ജോലിക്കും കാർഷിക മേഖലയിൽ കൂട്ടിച്ചേർക്കപ്പെടുന്ന മൊത്തം മൂല്യം, കാർഷിക ഉത്പാദനവുമായി ബന്ധപ്പെട്ട വായ്പയുടെ അനുപാതം തുടങ്ങി കാർഷിക മേഖലയിലെ വാർഷിക വളർച്ചനിരക്ക് വരെ വിവിധ ഇൻഡിക്കേറ്ററുകൾക്കുള്ള മറുപടി ആയി നൽകി വരുന്നു.

നാടിന്റെ പുരോഗതിയും സമ്പദ്വ്യവസ്ഥ അവലോകനം ചെയ്യുന്നതിലും വകുപ്പിന് അതിപ്രധാനമായ സ്ഥാനമാണുള്ളത്. ഇത് തുടരേണ്ടതുണ്ട്. അതിനായി വകുപ്പിലെ ജീവനക്കാർ എന്നനിലയിൽ നമ്മുടെ ഓരോരുത്തരുടേയും പങ്ക് ആത്മാർത്ഥതയോടേയും ആത്മാഭിമാനത്തോടേയും നിർവ്വഹിക്കാം.

# The Galaxy of Brave New Data Science World

**A. Meera Sahib***

Data Science, big data analytics, digital repository, metadata, and IoT in the Statistical regime look great. Data science is the field of study that combines domain expertise, programming skills, and knowledge of mathematics and statistics to extract meaningful insights from data. Data science practitioners apply machine learning algorithms to numbers, text, images, video, audio, and more to produce artificial intelligence (AI) systems to perform tasks that ordinarily require human intelligence. In turn, these systems generate insights which analysts and business users can translate into tangible business value.' Further data Science refers to the umbrella of techniques where you are trying to extract information and insights from data. This includes MIS reporting on the lowest level to building predictive models on the higher level. The volume of data that one has to deal with has detonated to incredible levels in the past decade, and at the same time, the price of data storage has systematically taken the edge off. Private companies, research institutions, and data centers of Govt including the Planning Board, Statistics departments, and Universities capture terabytes of data about their users' interactions, business, social media, and also sensors from devices such as mobile phones, etc. The challenge of this era is to make sense of this ocean of data.

> In the fast-growing digital space, the dissemination of data in the form of publications has many limitations.




Courtesy: Brendan Tierney

Big Data Analytics largely involves collecting data from different sources, munge it in a way that it becomes available to be consumed by analysts, and finally delivering data products useful to the organization's business. The process of converting large amounts of unstructured raw data, retrieved from different sources to a data product useful for organizations forms the core of Bigdata Analytics. I am not venturing into discussing the most fundamental concepts and methods of Big Data Analytics now. But this is the need of the time to

share our thought on data science and big data analytics.

Data Mining refers to the science of collecting all the past data and then searching for patterns in this data. You look for consistent patterns and/or relationships between variables. Once you find these insights, you validate the findings by applying the detected patterns to new subsets of data. The ultimate goal of data mining is prediction - and predictive data mining is the most common type of data mining and one that has the most direct business applications. Data Analysis is a loosely used term. People running reporting also say that they are analyzing data and so do predictive modelers. I would just take this as any attempt to make sense of data can be called data analysis.

The data scientists should also think deeply to form a Digital repository of their own. The digital repository is a long-needed project to bring all data on a common platform and provide users with the direct capability to drill into the data according to their own selections of data dimensions in an interactive way. This is done through advanced data warehousing software like SAS and substantial efforts are necessary for harmonizing data. This is actually a continuation of efforts initiated sometime in early 2000 to data warehousing technology.

The Directorate of Economics and Statistics (DES) has to acquire, preserve, and provide access to materials in digital formats that are indispensable to the research and teaching modules of the State Academy on Statistical Administration (SASA). The DES computer center should support several digital repositories to address the varying needs of different kinds of materials and provide services to members of the research communities in the Universities as well as to the core statisticians and economists in DES and other departments in the state. Some other states have initiated data portals along the lines of the national portal, which is a platform for supporting the Open Data initiatives of the governments. There are e-District - Transaction Statistics linked to it.  The portals are designed to be used by Departments/Organizations of the concerned Governments to publish datasets, documents, services, tools, and applications collected by them for public use. It aims to increase transparency in the functioning of the state governments and also open avenues for many more innovative uses of Government Data to give a different perspective. The help of the National Informatics Centre (NIC) can be sought in this mission. In the fast-growing digital space, the dissemination of data in the form of publications has many limitations. The main stated objective is to create a decision support system that will also serve as a knowledge repository for various information seekers such as researchers, academics, and the general public. Now the reports available in analog mode are not updatable. All past data should be converted to a digital mode. This is a major concern. The data science group (such a dedicated group has to be established within the directorate, can monitor the status and prompt the concerned officers to act. Now DES computer division is doing some exemplary initiatives in this line. But a project has to be sanctioned by the Government to digitalize all valuable past data, especially Prices data. which is available from the pre-independence era.

The website and data portal with an updated data dashboard should focus more on data

dissemination and data analytics, which would attract the public and researchers who seek data on official and administrative statistics. The statistical wings, of other departments' functioning with the competent statistical personnel of the parent department (DES) and known as temporary addition in other departments, should also initiate web portals - data portals- and dashboards in the respective departments, with a link to the DES Web portal, and vice versa. These statistical wings are functioning since the pre-independence period and subscribe to the statistical database of the state., An open forum participating all stakeholders may be organized to discuss the viability of this in the presence of the officers at the helm of affairs. In the initial stage of the 1970s, the data tabulated in the DES were in analog mode and subsequently in typewritten and then in EXCEL sheets. Data published in the first two forms are not suitable for further processing and analysis in the hand of researchers and policymakers who needs to go beyond pre-decided cross-tabulations and do more incisive analysis to study changes and causes. Needless to add, the publications bring delays in dissemination besides additional human efforts, not always justified in terms of value addition and utility. Researchers and policymakers need to go beyond pre-decided cross-tabulations and do more incisive analyses to study changes and causes. Needless to add, the publications bring delays in dissemination besides additional human efforts, not always justified in terms of value addition and utility. The data analytics group can begin with creating visual representations for the website.

The department too needs a metadata library. Metadata is data that provides information about other data. In other words, it is "data about data." It's one of the core components of data governance as it imposes management disciplines on the collection and control of data. Data scientists spend a significant amount of time gathering and understanding data. We can generate faster insights when we have access to underlying metadata. Ultimately the department has to voyage into the Internet of Things (IoT), the concept of connecting any device (so long as it has an on/off switch) to the Internet and to other connected devices. The IoT is a giant network of connected things and people – all of which collect and share data about the way they are used and about the environment around them. Hope the next generation -current also- with initiative and drive will join the digital revolution and drive the department to new heights.

DES should initiate a digital library to acquire and provide access to unique and important print and multimedia, such as archival and audio and visual materials on the basic and advanced subjects relate to the disciplines. The Digital Collections program should digitize and preserve many of these materials and makes them easily searchable and openly accessible to all online. Acquired Materials - DES should acquire or organize from archives including historical data, newspapers, e-books, data sets, and more. We, in the DES, published two publications viz. Statistics since Independence and Statistics through (Five years) Plans by collecting data from various sources and validating. The majority of these collections are available in Archives -State and National -and or in national Digital repositories.

*Author is one of the former Directors of Economics and Statistics Department and present Director General of Institute for Monitoring Economic Growth, Thiruvananthapuram.




**ഇ.എ.ആർ.എ.എസ് വിഭാഗം**
ഡയറക്ടറേറ്റ്

ഭാരത സർക്കാരിന്റെ കൃഷി കർഷകക്ഷേമ മന്ത്രാലയം നടപ്പിലാക്കി വരുന്ന ഇംപ്രൂവ്മെൻറ് ഓഫ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് എന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ.എ.ആർ.എ.എസ്. സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസിയാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്. ഓരോ കാർഷിക വർഷങ്ങളിലും കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, കാർഷികവിളകളുടെ വിസ്തൃതി ഉത്പാദനം, ജലസേചനസംബന്ധമായ വിവരങ്ങൾ ഉടങ്ങിയ സുപ്രധാന വിവരങ്ങൾ ടി സർവ്വേയിലൂടെ ശേഖരിക്കുന്നു.

**നെല്ല്:-**

കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന ധാന്യവിളയാണ് നെല്ല്. വളർച്ചയുടെ സമയത്ത് ധാരാളം ജലം അവശ്യമായി വരുന്ന ഒന്നാണ് നെൽച്ചെടി. നെൽച്ചെടിയുടെ വളർച്ചയ്ക്ക് മണ്ണും കാലാവസ്ഥയും വളരെ ഗണ്യമായ പങ്കാണ് വഹിക്കുന്നത്.

**കൃഷി വേളകൾ**

മണ്ണിന്റെ പ്രത്യേകതയും കാലാവസ്ഥയും അടിസ്ഥാനമാക്കി 3 സീസണുകളിലാണ് നെൽകൃഷി ചെയ്യുന്നത്.

1. വിരിപ്പ് (ജൂലൈ – ഒക്ടോബർ)
   മെയ്-ജൂൺ മാസങ്ങളിൽ കൃഷിയിറക്കി സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ കൊയ്യുകയാണ് പതിവ്.
2. മുണ്ടകൻ (നവംബർ-ഫെബ്രുവരി)
   ഒക്ടോബർ/നവംബർ മാസങ്ങളിൽ കൃഷിയിറക്കി ജനുവരി/ഫെബ്രുവരി മാസങ്ങളിൽ കൊയ്യുകയാണ് പതിവ്.
3. പുഞ്ച (മാർച്ച് –ജൂൺ)
   മൂന്നാം വിളയായിട്ടാണ് പൊതുവെ പുഞ്ചകൃഷി ചെയ്യുന്നത്. കുട്ടനാട് പൊതുവെ പുഞ്ചകൃഷിയ്ക്ക് പേരു കേട്ടതാണ്.

## നെല്ല് - വിരിപ്പ്

### ജില്ല തിരിച്ചുള്ളവിസ്തൃതി - ഹെക്ടറിൽ

| Year | Tvm | Klm | Pta | Alp | Ktm | Idk | Ekm | Tsr | Pkd | Mlp | Kzd | Wyd | Knr | Kgd | State |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **2011-12** | 1205 | 620 | 45 | 9966 | 6810 | 260 | 3135 | 2740 | 37933 | 767 | 116 | 0 | 2517 | 2021 | **68135** |
| **2012-13** | 596 | 171 | 34 | 10758 | 4360 | 208 | 1370 | 2577 | 37021 | 493 | 143 | 0 | 3618 | 1883 | **63232** |
| **2013-14** | 875 | 275 | 8 | 6339 | 1106 | 62 | 911 | 1810 | 35561 | 121 | 79 | 0 | 2684 | 2091 | **51922** |
| **2014-15** | 963 | 374 | 35 | 11073 | 5059 | 89 | 1330 | 2864 | 37371 | 494 | 62 | 0 | 2638 | 1629 | **63981** |
| **2015-16** | 1074 | 417 | 28 | 10217 | 3661 | 81 | 1246 | 1865 | 36244 | 395 | 47 | 0 | 2750 | 2393 | **60418** |
| **2016-17** | 791 | 297 | 43 | 8874 | 3192 | 129 | 1837 | 1362 | 35524 | 269 | 58 | 0 | 2666 | 1559 | **56601** |
| **2017-18** | 689 | 311 | 81 | 9197 | 4622 | 125 | 1306 | 1638 | 35972 | 338 | 52 | 0 | 2803 | 1144 | **58278** |
| **2018-19** | 998 | 354 | 24 | 11156 | 5609 | 91 | 1312 | 1720 | 35103 | 265 | 29 | 0 | 2872 | 1184 | **60718** |
| **2019-20** | 888 | 391 | 54 | 9580 | 1851 | 53 | 984 | 1833 | 34523 | 243 | 26 | 0 | 2985 | 1283 | **54694** |
| **2020-21** | 1107 | 808 | 18 | 8414 | 3141 | 201 | 1062 | 2198 | 34249 | 456 | 219 | 0 | 4447 | 2049 | **58369** |




കേരളത്തിൽ വിരിപ്പ് നെല്ലിന്റെ വിസ്തൃതി 2011-12 നേക്കാൾ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ഈ കാലയളവിൽ വയനാട് ജില്ലയിൽ വിരിപ്പ് നെല്ല് കൃഷി ചെയ്തിട്ടില്ല. വിരിപ്പ് നെല്ലിന്റെ വിസ്തൃതി ഏറ്റവും കുറവ് 2013-14 ലാണ് (51922 ഹെക്ടർ). തുടർന്നുള്ള വർഷങ്ങളിൽ വിരിപ്പ് നെല്ലിന്റെ വിസ്തൃതി വർദ്ധിച്ചതായി കാണുന്നു. എന്നാൽ 2019-20ൽ വിരിപ്പ് നെല്ലിന്റെ വിസ്തൃതി 54694 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. 2020–21 വീണ്ടും വിരിപ്പ് നെല്ലിന്റെ വിസ്തൃതി വർദ്ധിച്ച് 58369 ഹെക്ടറിലെത്തി. കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസറകോഡ് എന്നീ ജില്ലകളിൽ വിരിപ്പ് സീസണിൽ 2011-12 ലെ നെൽ കൃഷിയുടെ വിസ്തൃതിയെക്കാൾ വർദ്ധനവാണ് 2020-21 കാർഷിക വർഷത്തെ നെൽ കൃഷിയുടെ വിസ്തൃതി. മറ്റ ജില്ലകളിൽ കുറവായിട്ടാണ് കാണുന്നത്.

## നെല്ല് - മുണ്ടകൻ

### ജില്ല തിരിച്ചുള്ള വിസ്തൃതി - ഹെക്ടറിൽ

| Year | Tvm | Klm | Pta | Alp | Ktm | Idk | Ekm | Tsr | Pkd | Mlp | Kzd | Wyd | Knr | Kgd | State |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **2011-12** | 1078 | 1453 | 475 | 9115 | 2964 | 938 | 3877 | 10727 | 42405 | 5141 | 2276 | 7658 | 3127 | 1501 | 92735 |
| **2012-13** | 1180 | 1071 | 399 | 5112 | 2309 | 877 | 2227 | 13045 | 39502 | 4723 | 2737 | 9196 | 3010 | 1363 | 86751 |
| **2013-14** | 993 | 1083 | 489 | 11438 | 6817 | 560 | 2708 | 12580 | 42693 | 5630 | 1791 | 9959 | 2376 | 1707 | 100824 |
| **2014-15** | 1064 | 952 | 473 | 4657 | 2890 | 575 | 2924 | 13236 | 42846 | 5968 | 1708 | 8651 | 2306 | 740 | 88990 |
| **2015-16** | 903 | 1132 | 419 | 1697 | 4251 | 759 | 4048 | 13891 | 41037 | 6134 | 2377 | 8587 | 2721 | 1162 | 89118 |
| **2016-17** | 290 | 886 | 529 | 3475 | 4685 | 559 | 2218 | 13048 | 29533 | 4989 | 1497 | 7495 | 1991 | 1058 | 72253 |
| **2017-18** | 664 | 1285 | 369 | 5439 | 4504 | 636 | 2972 | 10994 | 37299 | 4996 | 1567 | 7391 | 2375 | 624 | 81115 |
| **2018-19** | 844 | 1286 | 418 | 8606 | 6785 | 558 | 2946 | 10336 | 39297 | 5465 | 1519 | 7266 | 2262 | 862 | 88450 |
| **2019-20** | 779 | 1370 | 513 | 3570 | 5131 | 558 | 2766 | 9203 | 38999 | 5679 | 1445 | 6901 | 2361 | 808 | 80049 |
| **2020-21** | 953 | 1570 | 783 | 5754 | 6040 | 606 | 2961 | 11160 | 39968 | 6187 | 1466 | 7627 | 2595 | 837 | 88507 |




ഈ കാലയളവിൽ കേരള ത്തിൽ മുണ്ടകൻ നെല്ലിന്റെ വിസ്തൃതി ഏറ്റവും കൂടുതൽ 2013–14 കാർഷികവർഷ ത്തിലാണ് (100824 ഹെക്ടർ). പിന്നീ ടുള്ള വർഷങ്ങളിൽ മുണ്ടകൻ നെല്ലി ന്റെ വിസ്തൃതി കുറയുകയും, 2016–17 കാർഷിക വർഷത്തിൽ മുണ്ടകൻ നെല്ലിന്റെ വിസ്തൃതി ഏറ്റവും കുറയുകയും (72253 ഹെക്ടർ) പിന്നീട് വർദ്ധിച്ച് വരുന്നതായും കാണുന്നു. തുടർന്ന് 2020–21 കാർഷിക വർഷം മുണ്ടകൻ നെല്ലിന്റെ വിസ്തൃതി 88507 ഹെക്ടർ ആയി വർദ്ധിച്ചു.

കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ 2011-12 ലെ നെൽ കൃഷിയുടെ വിസ്തൃതി യെക്കാൾ വർദ്ധനവാണ് 2020-21 കാർഷികവർഷത്തെ നെൽകൃഷിയുടെ വിസ്തൃതി. മറ്റ ജില്ലകളിൽ കുറവായി ട്ടാണ് കാണുന്നത്.

**നെല്ല്–പുഞ്ച**

**ജില്ല തിരിച്ചുള്ളവിസ്തൃതി - ഹെക്ടറിൽ**

| Year | Tvm | Klm | Pta | Alp | Ktm | Idk | Ekm | Tsr | Pkd | Mlp | Kzd | Wyd | Knr | Kgd | State |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2011-12 | 112 | 24 | 2282 | 17170 | 11636 | 66 | 719 | 7705 | 3660 | 1620 | 528 | 1337 | 96 | 335 | 47290 |
| 2012-13 | 40 | 145 | 1847 | 20325 | 10902 | 91 | 343 | 7476 | 2678 | 1458 | 631 | 1034 | 56 | 268 | 47294 |
| 2013-14 | 133 | 5 | 1970 | 19626 | 7823 | 39 | 433 | 7884 | 4642 | 1798 | 563 | 1522 | 20 | 407 | 46865 |
| 2014-15 | 66 | 1 | 2084 | 18685 | 9346 | 33 | 390 | 8051 | 2695 | 1940 | 551 | 1039 | 11 | 296 | 45188 |
| 2015-16 | 142 | 6 | 2087 | 19810 | 8360 | 47 | 656 | 8869 | 3839 | 2158 | 448 | 617 | 7 | 288 | 47334 |
| 2016-17 | 311 | 119 | 2068 | 20104 | 9339 | 7 | 675 | 6690 | 456 | 1882 | 432 | 327 | 14 | 120 | 42544 |
| 2017-18 | 384 | 327 | 2637 | 21689 | 8300 | 64 | 1136 | 8846 | 2005 | 2456 | 909 | 635 | 12 | 293 | 49693 |
| 2018-19 | 126 | 334 | 2727 | 18861 | 9778 | 28 | 743 | 9925 | 2542 | 2475 | 627 | 496 | 7 | 189 | 48858 |
| 2019-20 | 143 | 336 | 2935 | 22504 | 10643 | 26 | 894 | 11597 | 3261 | 2703 | 657 | 425 | 6 | 178 | 56308 |
| 2020-21 | 87.02 | 218 | 2951 | 26176 | 10509 | 13 | 718 | 10588 | 2699 | 2897 | 600 | 438 | 4 | 266 | 58164 |




ഈ കാലയളവിൽ കേരളത്തിൽ പുഞ്ച നെല്ലിന്റെ വിസ്തൃതി വർദ്ധിച്ചു വരുന്നതായി കാണാം. 2020–21 കാർഷിക വർഷത്തിലാണ് പുഞ്ചനെല്ലി ന്റെ വിസ്തൃതി ഏറ്റവും കൂടുത ലായി കാണുന്നത് (58164 ഹെക്ടർ).

2011–12 മുതൽ 2020–21 വരെ കേരളത്തിൽ കൃഷി ചെയ്ത വിരിപ്പ്, മുണ്ടകൻ, പുഞ്ച നെല്ലി ന്റെ വിസ്തൃതി ചുവടെ ചേർ ക്കുന്നു.

| വർഷം | വിരിപ്പ് നെല്ല് | മുണ്ടകൻ നെല്ല് | പുഞ്ച നെല്ല് | ആകെ വിസ്തൃതി |
|---|---|---|---|---|
| 2011-12 | 68135 | 92735 | 47290 | 208160 |
| 2012-13 | 63232 | 86751 | 47294 | 197277 |
| 2013-14 | 51922 | 100824 | 46865 | 199611 |
| 2014-15 | 63981 | 88990 | 45188 | 198159 |
| 2015-16 | 60418 | 89118 | 47334 | 196870 |
| 2016-17 | 56601 | 72253 | 42544 | 171398 |
| 2017-18 | 58278 | 81115 | 49693 | 189086 |
| 2018-19 | 60718 | 88450 | 48858 | 198026 |
| 2019-20 | 54694 | 80049 | 56308 | 191051 |
| 2020-21 | 58369 | 88507 | 58164 | 205040 |

2011–12 മുതൽ 2020–21 വരെ കേരളത്തിൽ കൃഷി ചെയ്ത വിരിപ്പ്, മുണ്ടകൻ, പുഞ്ചനെല്ലിന്റെ വിസ്തൃതി സൂചിപ്പിക്കുന്ന ഡയഗ്രം ചുവടെ ചേർക്കുന്നു.




2011–12 മുതൽ 2020–21 വരെയുള്ള കാലയളവിൽ മൂന്ന് സീസണുകളിലും കൂടിയുള്ള നെല്ലിന്റെ ആകെ വിസ്തൃതി ഏറ്റവും കൂടുതലുള്ളത് 2011–12 ലാണ് (208160 ഹെക്ടർ). നെല്ലിന്റെ ആകെ വിസ്തൃതി ഏറ്റവും കുറവ് 2016–17 കാർഷിക വർഷത്തിലുമാണ് (171396 ഹെക്ടർ). പിന്നീടുള്ള വർഷങ്ങളിൽ നെല്ലിന്റെ ആകെ വിസ്തൃതി വർദ്ധിച്ച് വരുന്നതായി കാണുന്നു. 2020–21 കാർഷിക വർഷത്തിൽ നെല്ലിന്റെ ആകെ വിസ്തൃതി 205040 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും 2011-12 കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2020-21 കാർഷിക വർഷത്തിൽ 1.5 % ആകെ വിസ്തൃതിയിൽ കുറവുണ്ടായിട്ടുണ്ട്.



2011–12 മുതൽ 2020–21 വരെ കേരളത്തിൽ കൃഷി ചെയ്ത വിരിപ്പ്, മുണ്ടകൻ, പുഞ്ച നെല്ലിന്റെ ആകെ വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| Yea | Tvm | Klm | Pta | Alp | Ktm | Idk | Ekm | Tsr | Pkd | Mlp | Kzd | Wyd | Knr | Kgd | State |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2011-12 | 2395 | 2097 | 2802 | 36251 | 21410 | 1264 | 7731 | 21172 | 83998 | 7528 | 2920 | 8995 | 5740 | 3857 | 208160 |
| 2012-13 | 1816 | 1387 | 2280 | 36195 | 17571 | 1176 | 3940 | 23098 | 79201 | 6674 | 3511 | 10230 | 6684 | 3514 | 197277 |
| 2013-14 | 2001 | 1363 | 2467 | 37403 | 15746 | 661 | 4052 | 22274 | 82896 | 7549 | 2433 | 11481 | 5080 | 4205 | 199611 |
| 2014-15 | 2093 | 1327 | 2592 | 34415 | 17295 | 697 | 4644 | 24151 | 82912 | 8402 | 2321 | 9690 | 4955 | 2665 | 198159 |
| 2015-16 | 2119 | 1555 | 2534 | 31724 | 16272 | 887 | 5950 | 24625 | 81120 | 8687 | 2872 | 9204 | 5478 | 3843 | 196870 |
| 2016-17 | 1392 | 1302 | 2640 | 32453 | 17216 | 695 | 4730 | 21100 | 65513 | 7140 | 1987 | 7822 | 4671 | 2737 | 171398 |
| 2017-18 | 1737 | 1923 | 3087 | 36325 | 17426 | 825 | 5414 | 21478 | 75276 | 7790 | 2528 | 8026 | 5190 | 2061 | 189086 |
| 2018-19 | 19689 | 1974 | 3169 | 38623 | 22172. | 677 | 5001 | 21981 | 76942 | 8205 | 2175 | 77612 | 5141 | 2235 | 198026 |
| 2019-20 | 1810 | 2097 | 3502 | 35654 | 17625 | 603 | 4644 | 22633 | 76783 | 8625 | 2128 | 7326 | 5352 | 2269 | 191051 |
| 2020-21 | 2147.02 | 2596 | 3752.04 | 40344 | 19690 | 820 | 4741 | 23946 | 76916 | 9540.4 | 2285 | 8065 | 7046 | 3152 | 205040 |

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള ജില്ല പാലക്കാടാണ്. 2011–12 കാർഷിക വർഷം സംസ്ഥാനത്ത് ആകെയുള്ള നെൽകൃഷി 208160 ഹെക്ടറാണ്. അതിൽ 83998 ഹെക്ടർ നെൽകൃഷി ചെയ്തിട്ടുള്ളത് പാലക്കാട് ജില്ലയിലാണ്. 2011–12 കാർഷിക വർഷം 40.35 % വും, 2020–21 കാർഷിക വർഷം 37.5% വും പാലക്കാട് ജില്ലയിലാണ് കൃഷി ചെയ്തിട്ടുള്ളത്.







ecostat news

**ഡി. എസ്. ഷിബുകുമാർ**
ഡെപ്യൂട്ടി ഡയറക്ടർ
ഡയറക്ടറേറ്റ്




കേരളസംസ്ഥാനം രൂപീകൃതമായ 1956 കാലഘട്ടത്തിൽ 135 ലക്ഷം ജനസംഖ്യയുണ്ടായിരുന്ന കേരളത്തിൽ 23 ലക്ഷം പേർ കാർഷികമേഖലയെ അടിസ്ഥാനമാക്കിയാണ് കഴിഞ്ഞിരുന്നത്, അതായത് 17%പേർ. ഇത് അക്കാലത്തെ ആകെ working force ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പറഞ്ഞാൽ 51% ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയായിരുന്നു. 1956 കാലയളവിൽ രാജ്യത്ത് 70% ജനതയും കാർഷിക വൃത്തിയിലാണ് ഏർപ്പെട്ടിരുന്നത്.

**സംസ്ഥാനത്തിന്റെ ഔദ്യോഗികകണക്കുകൾ പ്രകാരം നെൽകൃഷിയുടെ വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് 1974-75 ൽ 8.81 ലക്ഷം ഹെക്ടർ ഉം ഉൽപാദനത്തിന്റെ കാര്യത്തിൽ 1972-73 ൽ 13.76 ലക്ഷം മെട്രിക് ടണ്ണും ആണ്. ആധുനിക കൃഷിരീതികൾ അവലംബിക്കുന്നതു കൊണ്ടും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രയോഗിക്കുന്നതു കൊണ്ടും അരിയുടെ ഉൽപ്പാദനക്ഷമത വർഷം തോറും വർദ്ധിച്ച് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.**

ഇപ്പോൾ ലഭ്യമായ 2011ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 26.7 ലക്ഷം ജനങ്ങൾ കാർഷിക മേഖലയെ അടിസ്ഥാനമാക്കിയാണ് കഴിയുന്നത്, അതായത് ആകെ ജനസംഖ്യയുടെ 7.9%. എന്നാൽ ഇത് 2011 ലെ ആകെ working force ജനസംഖ്യയുടെ വെറും 12.5% മാത്രമായി ചുരുങ്ങിയിട്ടുണ്ട് എന്ന് കാണാവുന്നതാണ്.

| | 1956 | | 2011 | |
|---|---|---|---|---|
| | എണ്ണം ലക്ഷത്തിൽ) | ശതമാനം | എണ്ണം (ലക്ഷത്തിൽ) | ശതമാനം |
| ആകെ ജനസംഖ്യ | 135 | 100% | 334 | 100% |
| ആകെ working force | 45 | 33% | 213 | 64% |
| കാർഷിക മേഖലയിലെ working force | 23 | 17.1 % | 26.7% | 8% |

## സംസ്ഥാനത്തെ കാർഷിക സമ്പദ്ഘടന

1956-57ൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 53% (NSDP യുടെ അടിസ്ഥാനത്തിൽ) കാർഷിക മേഖലയിൽ നിന്നും ആയിരുന്നു.മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കേരളത്തിൽ കാർഷിക മേഖലയിൽ നിന്നുമുള്ള വരുമാനത്തിന്റെ തോത് അന്നു മുതലേ കുറവാണെന്ന് കാണാവുന്നതാണ്.

ലഭ്യമായ ഏറ്റവും പുതിയ 2020-21 വർഷത്തെ കണക്ക്പ്രകാരം ഇന്ന് കാർഷിക അനുബന്ധ മേഖലയിൽ നിന്നുമുള്ള വരുമാനത്തിന്റെ 10.2% (NSDP തനത് വിലയുടെ അടിസ്ഥാനത്തിൽ) മാത്രമാണ്. കാർഷിക വിളകളിൽ നിന്നുമുള്ള വരുമാനം മാത്രമെടുത്താൽ ഇത് 2.2% മാത്രമാണ്.

| ഇനം | 1956-57 | 2020-21 |
|---|---|---|
| **കാർഷിക മേഖലയുടെ പങ്ക് (%)** | **53%** | **10.2%** |
| **കാർഷികമേഖലയിൽ നിന്നുമുള്ള ആളോഹരി വരുമാനം (Rs.)** | 243 | 18420 |

1956-57 മുതൽ 2020-21 വരെയുള്ള 64 വർഷത്തി നിടയിൽ കാർഷിക മേഖലയിൽ നിന്നുമുള്ള ആളോഹരി വരുമാനം 243 രൂപയിൽ നിന്നും 18420 രൂപയായി മാത്രമാണ് വർദ്ധിച്ചിട്ടുള്ളത്.

## ഭൂവിനിയോഗം

1955-56 വർഷത്തെ കേരളത്തിന്റെ ഭൂവിനിയോഗം പരിശോധിച്ചാൽ ആകെ ഭൂവിസ്തൃതിയുടെ 47.6 ശതമാനമായിരുന്നു കൃഷിക്കായി ഉപയോഗിച്ചിരുന്നത് (Net area sown) എന്ന് കാണാവുന്നതാണ്. എന്നാൽ കാലികവിളകൾ (Seasonal Crops) ധാരാളമായി ഇടവിളയായും മറ്റും കൃഷി ചെയ്തിരുന്ന സംസ്ഥാനത്ത് 10.5% കൃഷി ഭൂമിയിൽ ഒന്നിലേറെ തവണ കൃഷിയിറക്കിയിരുന്നു എന്നത് കൂടി കണക്കിലെടുത്താൽ ആകെ കൃഷിചെയ്ത വിസ്തൃതി (Gross Cropped Area) 58.1% വരും.

ഇപ്പോൾ ലഭ്യമായ ഏറ്റവും പുതിയ സ്റ്റാറ്റിസ്റ്റിക്സ് (2020-21 കാർഷിക വർഷം) പരിശോധിച്ചാൽ Net Sown area 52.4% ആയും Gross Cropped area 66.1% ആയും വർദ്ധിച്ചതായി കാണാവുന്നതാണ്. എന്നാൽ 1955-56-ൽ ഉണ്ടായിരുന്ന ഭൂമിയുടെ കാർഷകേതര ഉപയോഗം 5% ൽ നിന്നും 2020-21 ആയപ്പോഴേക്കും 11.9% ആയി വർദ്ധിച്ചിട്ടുണ്ട്.

1955-56ൽ ആളോഹരി കാർഷിക ഭൂമിയുടെ വിസ്തൃതി 30 സെന്റ് ഉണ്ടായിരുന്നത് ഇന്ന് 2020-21 ആയപ്പോഴേക്കും 14.4 സെന്റായി കുറഞ്ഞിട്ടുണ്ട് Cropping intensity. ഇക്കാലയളവിൽ 122-ൽ നിന്നും 126 ആയി വർദ്ധിച്ചിട്ടുണ്ട്.

| | 1955-56 | | 2020-21 | |
|---|---|---|---|---|
| | വിസ്തൃതി (സെന്റിൽ) | ശതമാനം | വിസ്തൃതി (സെന്റിൽ) | ശതമാനം |
| കാർഷികേതര ഉപയോഗം | 190611 | 50% | 460917 | 11.9% |
| തൽക്കാല തരിശ് | 56657 | 1.5% | 54255 | 1.4% |
| മറ്റ് തരിശ് | 147309 | 3.9% | 42751 | 1.1% |
| കൃഷി ചെയ്ത ഭൂമി (Net area Sown) | 1811817 | 47.6% | 2035128 | 52.9% |
| ആകെ കൃഷി ചെയ്ത ഭൂമി(Gross Cropped Area) | 2212060 | 58.1% | 2568959 | 66.1% |
| ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്ത ഭൂമി | 400243 | 10.5% | 53831 | 13.7% |
| Cropping intensity | 122 | | 126 | |



## കേരളത്തിലെ നെൽകൃഷി

കേരളത്തിലെ പ്രധാന വിളകളിൽ ഒന്നായ നെല്ലിന്റെ കൃഷി വിസ്തൃതി 1956-57 ൽ 7.59 ലക്ഷം ഹെക്ടറും ഉൽപാദനം 8.69 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. രാജ്യത്തിന്റെ ആകെ നെൽ കൃഷിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ കേരളത്തിന്റെ സംഭാവന 1956-57ൽ വിസ്തൃതിയിൽ 2.4% ഉം ഉൽപാദനത്തിൽ 3.2% ഉം ആയിരുന്നു. എന്നാൽ നെല്ലിന്റെ ഉൽപാദനക്ഷമതയിൽ കേരളം എക്കാലവും രാജ്യത്തിന്റെ ശരാശരിയെക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതായി കാണാവുന്നതാണ്. 1955-56 ൽ ഇത് സംസ്ഥാനത്ത് ഹെക്ടർ ഒന്നിന് 1144 കിലോഗ്രാമും രാജ്യത്ത് 874 ഉം ആയിരുന്നു. 2020-21 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ നെൽകൃഷിയുടെ ആകെ വിസ്തൃതി 2.05 ലക്ഷം ഹെക്ടറും ഉൽപാദനം 6.34 ലക്ഷം മെട്രിക് ടണ്ണും ആണ്. ഉൽപാദനക്ഷമത 3092 കിലോഗ്രാം/ഹെക്ടർ ആയി വർദ്ധിച്ചിട്ടുള്ളതായും കാണാവുന്നതാണ്




സംസ്ഥാനത്തിന്റെ ഔദ്യോഗികകണക്കുകൾ പ്രകാരം നെൽകൃഷിയുടെ വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് 1974-75 ൽ 8.81 ലക്ഷം ഹെക്ടർ ഉം ഉൽപാദനത്തിന്റെ കാര്യത്തിൽ 1972-73 ൽ 13.76 ലക്ഷം മെടിക് ടണ്ണും ആണ്. ആധുനിക കൃഷിരീതികൾ അവലംബിക്കുന്നതു കൊണ്ടും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രയോഗിക്കുന്നതു കൊണ്ടും അരിയുടെ ഉൽപ്പാദനക്ഷമത വർഷം തോറും വർദ്ധിച്ച് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

| | വിസ്തൃതി (ലക്ഷം ഹെക്ടറിൽ) | ഉൽപാദനം (മെടിക് ടണ്ണിൽ) | ഉൽപാദനക്ഷമത കിലോഗ്രാം, ഹെക്ടർ |
|---|---|---|---|
| **1955-56** | 7.59 | 8.69 | 1144 |
| **2020-21** | 2.05 | 6.34 | 3092 |

**കേരളത്തിന്റെ നാളികേര ഉൽപ്പാദനം**

കേരവൃക്ഷങ്ങളാൽ സമൃദ്ധമായതും മറ്റെങ്ങും കാണാത്തവിധം നാളികേര വൃക്ഷച്ചോല കൊണ്ടും ഇതിനോട് ചേർന്ന കായലോരങ്ങൾ കൊണ്ടും സുന്ദരമായ സംസ്ഥാനത്തിന്റെ രൂപീകൃതവേളയിൽ കേരളം എന്ന ഔദ്യോഗിക നാമം സ്വീകരിക്കുകയും പിന്നീട് “ദൈവത്തിന്റെ സ്വന്തം നാട്”എന്ന വിളിപ്പേര് കൂടി കൂട്ടിച്ചേർക്കുകയും ചെയ്ത കേരളത്തിൽ 1955-56 വർഷം ഔദ്യോഗിക കണക്കുകൾ പ്രകാരം 4.47 ലക്ഷം ഹെക്ടർ തെങ്ങ് കൃഷി വിസ്തൃതിയും തേങ്ങയുടെ ഉൽപാദനം 3099 മില്ല്യൺ എണ്ണവും ആയിരുന്നു. അക്കാലത്ത് ദേശീയ തലത്തിൽ വിസ്തൃതിയിൽ 68.9% ഉൽപ്പാദനത്തിൽ 73.3% ഉം കേരളത്തിന്റെ സംഭാവനയായിരുന്നു.






മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉൽപാദനക്ഷമതയുടെ കാര്യത്തിലും മുന്നിലായിരുന്ന കേരളത്തിന്റെ തെങ്ങ് കൃഷി വിസ്തൃതി, ഉൽപ്പാദനം എന്നിവ ക്രമേണ 1955-56 മുതൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും രാജ്യ ത്തിന്റെ ആകെ തെങ്ങ് കൃഷിയുടെ വിസ്തൃതി ഉൽപാദനം എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് വിസ്തൃതിയിൽ 35% ഉം ഉൽപ്പാദനത്തിൽ 33.5% ഉം ആയി കേരളത്തിന്റെ സംഭാവന ചുരുങ്ങിയിട്ടുള്ളതായും ദേശീയ മന്ത്രാലയത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

ഏറ്റവും പുതിയ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 2020-21 കാർഷിക വർഷത്തിൽ കേരളത്തിന്റെ തെങ്ങ് കൃഷിയുടെ വിസ്തൃതി 7.69 ലക്ഷം ഹെക്ടറും ഉൽപാദനം 4788 മില്ല്യൺ നാളികേരവും ഉൽപ്പാദനക്ഷമതയും ഹെക്ടർ ഒന്നിന് 6228 നാളികേരവും ആണ്.

| | വിസ്തൃതി (ലക്ഷം ഹെക്ടറിൽ) | ഉൽപ്പാദനം (മില്ല്യൻ നാളികേരം) | ഉൽപ്പാദന ക്ഷമത (നാളികേരം / ഹെക്ടർ) |
|---|---|---|---|
| **1955-56** | 4.47 | 3099 | 6915 |
| **2020-21** | 7.69 | 4788 | 6228 |




**വിലയിരുത്തൽ വിഭാഗം**
ഡയറക്ടറേറ്റ്

ഒരു പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിന് അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സംരക്ഷണം, പുനരുല്പാദനം, നീതിപൂർവമായ ഉപയോഗം എന്നിവ അനിവാര്യമാണ്. ഗ്രാമീണ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും അവരുടെ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നത് കൃഷിയും അനു ബന്ധ തൊഴിലുകളുമായതിനാൽ തന്നെ പരസ്പരം പൂരക ങ്ങളായ അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണ ത്തിലൂന്നിയുള്ള സ്ഥായിയായ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ മാത്രമേ നാടിന്റെ യഥാർത്ഥ വികസനം സാധ്യമാകുകയുള്ളൂ. മണ്ണുസംരക്ഷണത്തിനായി പല തരത്തിലുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ പ്രധാനമായും ആവിഷ്കരി ക്കുന്നതും നടപ്പിലാക്കുന്നതും മണ്ണുപര്യവേക്ഷണ മണ്ണുസംര ക്ഷണ വകുപ്പാണ്. ഇത്തരത്തിൽ നടപ്പിലാക്കുന്ന മണ്ണു സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം എല്ലാ വർഷവും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നു.

ഇന്ത്യയിൽ ആസൂത്രിതമായ മണ്ണുസംരക്ഷണ പരിപാടികൾ ആരംഭിച്ചത് ഒന്നാം പഞ്ചവത്സര പദ്ധതി കാലയളവിലാണ്. 1953-ൽ കേന്ദ്രമണ്ണു സംരക്ഷണ ബോർഡ് സ്ഥാപിതമായി. ഭാവിതല മുറയുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടുള്ള മണ്ണുസംരക്ഷണമാണ് ഒന്നാം പദ്ധതിയിൽ വിഭാവനം ചെയ്തത്. മണ്ണൊലിപ്പിന്റെ തീവ്രത ലഘൂകരിക്കുന്നതിനായിട്ടാണ് മണ്ണുസംരക്ഷണ പദ്ധതി നിലവിൽ വന്നത്. മണ്ണൊലിപ്പ് തടയുന്നതിനുള്ള പല സ്കീമുകളും ഇതിന്റെ ഭാഗമായി നിലവിൽ വന്നു. ഭൂവിനിയോഗരീതി മെച്ചപ്പെടുത്തൽ, വനവൽക്കരണം, വനസംര ക്ഷണം, ഭൂമിയുടെ സ്വഭാവം അനുസരിച്ച് ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള സാങ്കേതിക വിദ്യകൾ എന്നിവയാണ് ഈ പദ്ധതികളിൽ വിഭാവനം ചെയ്തി ട്ടുള്ളത്. റിവർവാലിയുമായി ബന്ധപ്പെട്ട മണ്ണുസംരക്ഷണ പരിപാടികൾക്കാണ് രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയത്. രണ്ടാംപഞ്ച വത്സര പദ്ധതിയിലെ പ്രോജക്ടുകൾ നവീകരിച്ച് മൂന്നാം പഞ്ചവത്സര പദ്ധതി യിലും തുടർന്നുള്ള പഞ്ചവത്സര പദ്ധതികളിലും നടപ്പി ലാക്കി വരുന്നു.

**മണ്ണുസംരക്ഷണ പഠന സർവേയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

- ❖ പദ്ധതിയ്ക്കു മുൻപും ശേഷവുമുള്ള ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ വിലയിരുത്തുക.
- ❖ മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയതു മൂലം പദ്ധതി പ്രദേശത്തിനുണ്ടായ പുരോഗതി വിലയിരുത്തുക.
- ❖ ദീർഘകാല വിളകളുടേയും കാലിക വിളകളുടേയും വിസ്തൃതി വിലയിരുത്തുക.
- ❖ ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉല്പാദനം, മൂല്യം ഇവ വിലയിരുത്തുക.
- ❖ കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം, ചെലവ്, അറ്റാദായം ഇവ വിലയിരുത്തുക.
- ❖ പദ്ധതിയ്ക്കു ശേഷമുള്ള ജലലഭ്യത വിലയിരുത്തുക.

കാർഷിക വർഷം (July to June) അടിസ്ഥാനമാക്കിയാണ് മണ്ണുസംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിവരുന്നത്. മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ് പദ്ധതികൾ പൂർത്തീകരിച്ച പ്രദേശങ്ങളിൽ നിന്ന് ക്രമരഹിതമായി തെരഞ്ഞെടുക്കുന്ന പദ്ധതി പ്രദേശത്താണ് ഓരോ ജില്ലയിലും വിലയിരുത്തൽ പഠനം നടത്തുന്നത്.

മണ്ണിടിച്ചിൽ ഉള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ ത്തെ മണ്ണ് ജല സംരക്ഷണം, നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് സംരക്ഷണം എന്നിവയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ നടത്തുന്ന പ്രധാന പദ്ധതികൾ. ഇതിൽ മണ്ണുജല സംരക്ഷണ പദ്ധതി വെള്ളപ്പൊക്കവും വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികളാണ്. കോണ്ടൂർ ബണ്ടുകൾ, തട്ടുതിരിക്കൽ, പാർശ്വഭിത്തി നിർമ്മാണം, തടയണ നിർമ്മാണം, മഴക്കുഴി നിർമ്മാണം, തടമെടുക്കൽ, അഗ്രോ ഫോറസ്ട്രി, പുല്ലുവച്ചുപിടിപ്പിക്കൽ, പുതയിടൽ, ജല സംഭരണികൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും മണ്ണുപര്യവേഷണ, മണ്ണ സംരക്ഷണ വകുപ്പ നടത്തുന്ന പദ്ധതികളിൽ ഉൾപ്പെടുന്നത്. ഇതിൽ കോണ്ടൂർ ബണ്ടുകളും തട്ടുതിരിക്കലും പ്രധാനമായും നീർത്തട സംരക്ഷണ പദ്ധതികളിൽ ഉൾപ്പെട്ടവയാണ്. പാർശ്വഭിത്തിനിർമ്മാണം വെള്ളക്കെട്ടുനിവാരണ പദ്ധതികളിലാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

മണ്ണുസംരക്ഷണ പദ്ധതി പഠന സർവേയ്ക്കായി മണ്ണുസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർ മൂന്ന് വർഷം മുൻപ് നടപ്പിലാക്കിയ പദ്ധതിയിൽ നിന്നും ഒരു പദ്ധതി തെരഞ്ഞെടുത്ത് പദ്ധതിയിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളേയും സർവേ നടത്തുന്നു. താരതമ്യ പഠനത്തിനായി പ്രദേശത്തിന് ചുറ്റുമുള്ള കുടുംബങ്ങളിൽ നിന്ന് (ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ 20%) കൺട്രോൾ പ്ലോട്ടുകൾ തെരഞ്ഞെടുത്ത് സർവേ നടത്തുന്നു. പഠനശേഷം ജില്ലാ തല റിപ്പോർട്ടുകൾ തയ്യാറാക്കി മണ്ണുസംരക്ഷണ വകുപ്പ്, പഞ്ചായത്ത്, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവയ്ക്കു നൽകുന്നു. ഇതുവഴി പഠന വിധേയമാക്കിയ നീർത്തടത്തിൽ തുടർ വികസനവും ഇതേ മാതൃകയിൽ മറ്റ് വാട്ടർ ഷെഡുകളിൽ സംരക്ഷണ പ്രവർത്തികളും നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

**നടപ്പിലാക്കിയ പദ്ധതിയുടെ പഠനവിധേയമാക്കിയ സൂചകങ്ങൾ**

| 1 | ജനസംഖ്യ | സ്ത്രീ- പുരുഷ അനുപാതം, ജനസാന്ദ്രത |
|---|---|---|
| 2 | പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ പ്രധാന തൊഴിൽ | കുടുംബങ്ങളെ ഹോൾഡിംഗ് വിസ്തൃതിയുടെ അടിസ്ഥാനത്തിൽ സ്ലാറ്റ ങ്ങളായി തിരിച്ച് പ്രധാന തൊഴിലിനെ കൃഷി, കാർഷികേതരം തരംതി രിച്ചാണ് പഠനം നടത്തുന്നത്. |
| 3 | ഭൂവിനിയോഗം | ഹോൾഡിംഗുകളുടെ ആകെ വിസ്തൃതിയെ കൃഷി ചെയ്യുന്ന ഭൂമി, കൃഷിയ്ക്ക് ഉപയുക്തമല്ലാത്തത്, തരിശ് എന്നിങ്ങനെ തരംതിരിച്ചാണ് പഠനം നടത്തുന്നത് |
| 4 | വിള വിസ്തൃതിയും ഉല്പാദനവും | ഹ്രസ്വകാല വിളകളുടെയും ദീർഘകാല വിളകളുടെയും കൃഷി, ഉല്പാദനം, വരുമാനം എന്നിവയിൽ പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായ വ്യത്യാ സങ്ങൾ. |
| 5 | മണ്ണിന്റെ ഫലഭൂയിഷ്ടത, ഘടന | പദ്ധതി നടപ്പിലാക്കിയതുമൂലം മണ്ണിന്റെ ഫലഭൂയിഷ്ടതയിലും ഘടനയിലും ഉണ്ടായ മാറ്റം. |
| 6 | ജലവിതാനം | പദ്ധതിയ്ക്കു മുൻപും പദ്ധതിയ്ക്ക് ശേഷവും പ്രദേശത്തെ കിണറുകളിലേയും തോടുകളിലേയും ജലവിതാനം സംബന്ധിച്ച വിവരങ്ങൾ |

| | | |
|---|---|---|
| 7 | മണ്ണ് ജല സംരക്ഷണ പ്രവർത്തന ങ്ങളെക്കുറിച്ച് ഗുണഭോക്താ ക്കൾക്കുള്ള അടിസ്ഥാന അവബോധം | പദ്ധതികൾക്ക് മുൻപും ശേഷവും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെപ്പറ്റി ഗുണഭോക്താക്കൾക്കുള്ള അടിസ്ഥാന അവബോധം സർവേ വിലയിരുത്തുന്നു. |
| 8 | ഗുണഭോക്തൃ കമ്മിറ്റി | പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ഗുണഭോക്തൃ കമ്മിറ്റിയുടെ പ്രവർത്ത നങ്ങൾ വിലയിരുത്തുന്നു. |
| 9 | പാരിസ്ഥിതിക പ്രശ്നങ്ങൾ | പദ്ധതിയ്ക്ക് മുൻപും ശേഷവും പ്രദേശവാസികൾ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ. |
| 10 | ഭൂക്ഷമത | പദ്ധതിയ്ക്ക് മുൻപും ശേഷവുമുള്ള ഭൂക്ഷമത. |
| 11 | ഗുണഭോക്താക്കളുടെ അനുബന്ധ വരുമാനം | പദ്ധതിയ്ക്ക് മുൻപും ശേഷവും ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിലുകളിൽ നിന്നുള്ള വരുമാന വ്യത്യാസം വിലയിരുത്തുന്നു. |

മേൽ സൂചിപ്പിച്ച പ്രകാരമുള്ള രീതി അവലംബിച്ച് 2020-21 വർഷം വിലയിരുത്തൽ വിഭാഗം മണ്ണുസംരക്ഷണ പഠന സർവേയ്ക്കായി തെരഞ്ഞെടുത്ത പദ്ധതികളുടെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം. | ജില്ല | തെരഞ്ഞെടുത്ത പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | ചായം നീർത്തട പദ്ധതി | 431 |
| 2 | കൊല്ലം | മുതുകുന്ന് നീർത്തട പദ്ധതി | 214 |
| 3 | പത്തനംതിട്ട | ഉളുക്കർതോട് മൈക്രോ നീർത്തട പദ്ധതി | 347 |
| 4 | ആലപ്പുഴ | കോടംതുരുത്തു വെള്ളക്കെട്ടു നിവാരണ പദ്ധതി | 95 |
| 5 | കോട്ടയം | ആലിപ്പുഴ മരോട്ടിപ്പുഴ-നീർത്തട പദ്ധതി | 166 |
| 6 | ഇടുക്കി | 27 പുതുവൽ ലാൻഡ് സ്ലൈഡ് സ്റ്റെബിലൈസേഷൻ സ്കീം | 91 |
| 7 | എറണാകുളം | കടവുങ്കൽതോട് ഡ്രയിനേജ് &ഫ്ലഡ് കൺട്രോൾ സ്കീം | 191 |
| 8 | തൃശ്ശൂർ | കപ്പത്തോട് നീർത്തട പദ്ധതി | 197 |
| 9 | പാലക്കാട് | കാരക്കാട് തോട് ഡ്രയിനേജ് &ഫ്ലഡ് കൺട്രോൾ സ്കീം | 135 |
| 10 | മലപ്പുറം | പുളിയക്കോട് നീർത്തട പദ്ധതി | 155 |
| 11 | കോഴിക്കോട് | ആനയാംകുന്ന് പാറത്തോട് നീർത്തട പദ്ധതി | 196 |
| 12 | വയനാട് | ഇരിങ്ങോഴ നീർത്തട പദ്ധതി | 181 |
| 13 | കണ്ണൂർ | രണ്ടാംകടവ് നീർത്തട പദ്ധതി | 110 |
| 14 | കാസർഗോഡ് | അടുക്കളംപാടി നീർത്തട പദ്ധതി | 242 |

# 79-ാം റൗണ്ട് ദേശീയ സാമ്പിൾ സർവേ

**ഫ്രാൻസിസ് തോമസ്**
അസിസ്റ്റന്റ് ഡയറക്ടർ
എൻ.എസ്.എസ് വിഭാഗം.

സാമൂഹിക പുരോഗതിക്ക് ഉതകുന്ന പദ്ധതികളുടെ ആസൂത്രണത്തിനും അവയുടെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ സാമൂഹിക സാമ്പത്തിക മേഖലകളെ സംബന്ധിക്കുന്ന വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1950 ൽ നാഷണൽ സാമ്പിൾ സർവേയ്ക്കു രൂപം നൽകി.

ഭാരതസർക്കാരിന്റെ സ്ഥിതിവിവരക്കണക്ക് പദ്ധതി നിർവഹണ മന്ത്രാലയമാണ് ഈ സർവേയുടെ നടത്തിപ്പുകാർ. ദേശവ്യാപകമായി നടത്തിവരുന്ന ഈ സർവേയിലൂടെ സംസ്ഥാനതലത്തിലുള്ള വിവരങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ആയതിനാൽ ജില്ലാതല ത്തിലുള്ള വിവരങ്ങൾ കൂടിലഭ്യമാക്കുക എന്ന ലക്ഷ്യത്തിനായി നമ്മുടെ സംസ്ഥാനവും മറ്റ് സംസ്ഥാനങ്ങളോടൊപ്പം ഈ സർവേയിൽ പങ്കുചേരുന്നു. സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പാണ് ഈ സർവേ നടത്തി വരുന്നത്.

### ദേശീയസാമ്പിൾ സർവേയുടെ വിഷയ പരിധി

1950-ൽ ആരംഭിച്ച ഈ സർവേയിലൂടെ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക ഘടനയെകുറിച്ച് പഠനങ്ങൾ നടത്തുന്നതിനായി താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് വിവിധ റൗണ്ടുകളിലൂടെ വിവരങ്ങൾ ശേഖരിക്കുന്നു

1. കൈവശ ഭൂമി, കന്നുകാലിസമ്പത്ത്
2. കടബാധ്യത, നിക്ഷേപം.
3. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നിവയുടെ സാമൂഹിക ഉപഭോഗം.
4. കുടുംബ ഉപഭോഗചെലവുകൾ.
5. തൊഴിലും തൊഴിലില്ലായ്മയും.
6. അസംഘടിത മേഖലയിലെ കാർഷികേതര സംരംഭങ്ങൾ
7. കുടിവെള്ളം, ശുചിത്വം, പാർപ്പിടസ്ഥിതി, ഭിന്നശേഷിക്കാരുടെഅവസ്ഥ
8. കേന്ദ്ര മന്ത്രാലയങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും മറ്റ് ഗവേഷണ സ്ഥാപനങ്ങൾക്കും ആവശ്യമായ വിവരങ്ങൾ

### 79-ാം റൗണ്ട് ദേശീയസാമ്പിൾ സർവേ

2022 ജൂലൈ 1 ന് ആരംഭിച്ച് 2023 ജൂൺ 30 ന് അവസാനിക്കുന്ന തരത്തിലാണ് 79-ാം റൗണ്ട് നാഷണൽ സാമ്പിൾ സർവേ സംഘടിപ്പിച്ചിരിക്കുന്നത്.




ആഗോള സുസ്ഥിര വികസന സൂചികകളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ Comprehensive Annual Modular Survey (CAMS) യിലൂടെയും ആയുഷ് ചികിത്സാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ Ayurveda, Yoga & Naturopathy, Unani, Siddha and Homoeopathy (AYUSH) സർവേയിലൂടെയും ശേഖരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ശാസ്ത്രീയമായി തിരഞ്ഞെടുക്കപ്പെട്ട വീടുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.

2030-ൽ രാജ്യം കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികകൾ തയ്യാറാക്കുന്നതിനു വേണ്ടി ആരോഗ്യം, കുടിവെള്ളം, ശുചിത്വസേവനങ്ങൾ ഉപയോഗിക്കുന്നവരുടെ വിവരങ്ങൾ, കമ്പ്യൂട്ടർ, മൊബൈൽ ടെലിഫോൺ, സ്മാർട്ട്ഫോൺ ലാപ്ടോപ്, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം, ബാങ്ക് അക്കൗണ്ടുള്ള മുതിർന്നവരേയും സ്ത്രീകളേയും സംബന്ധിച്ച വിവരങ്ങൾ, ജനനം രജിസ്റ്റർ ചെയ്ത അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികളെയും സംബന്ധിച്ച വിവരങ്ങൾ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ശരാശരി ദൈർഘ്യം, ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസത്തിലും പരിശീലനത്തിലും യുവാക്കളുടെയും മുതിർന്നവരുടെയും പങ്കാളിത്തം, പൊതുഗതാഗത സൗകര്യം തുടങ്ങിയവ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ഈ സർവേയിലൂടെ ശേഖരിക്കുന്നു.

ഇന്ത്യയിലെ വിവിധ ചികിത്സാ രീതികളെ സംയോജിപ്പിച്ചുകൊണ്ട് 09/11/2014-ൽ ഭാരത സർക്കാർ ആയുഷ് മന്ത്രാലയം രൂപീകരിക്കുകയുണ്ടായി. ആയുർവേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ രീതികളുടെ സംക്ഷിപ്തമാണ് ആയുഷ്. മിനിസ്ട്രി ഓഫ് ആയുഷ് നിലവിൽ വന്നതിനു ശേഷം ആയുഷ്-നെ കുറിച്ച് പൂർണമായ സർവേ നടന്നിട്ടില്ല. ഈ സർവേയുടെ പ്രധാനലക്ഷ്യം ആയുഷ് ചികിത്സാ രീതികളെക്കുറിച്ച് പോതുജനങ്ങൾക്കുള്ള അറിവും, എത്രമാത്രം ജനങ്ങളാണ് ചികിത്സാരീതികൾ അവലംബിക്കുന്നത് എന്നറിയുകയും അതുവഴി ചികിത്സാരീതികളുടെ മേന്മയും പോരായ്മകളും മനസിലാക്കി കൂടുതൽ ജനകിയമാക്കുന്നതിന് സ്വീകരിക്കുക എന്നതാണ്.

സർവേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി ഉപയോഗിക്കുന്നു.

**വിവരശേഖരണം**

സർവേയ്ക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഫോറങ്ങളിലൂടെ വിവരശേഖരണം നടത്തുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥരാണ്. ഈ ഉദ്യോഗസ്ഥർ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന നഗര ഗ്രാമപ്രദേശങ്ങൾ സന്ദർശിച്ച് പാർപ്പിടങ്ങളുടെയും, പാർപ്പിട നിവാസികളുടെയും പട്ടിക തയ്യാറാക്കി, തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു.



**നിലവിൽ സർവേ നേരിടുന്ന വെല്ലുവിളികൾ**

സർവേക്കായി ഫീൽഡിൽ പോകുമ്പോൾ ഇൻവെസ്റ്റിഗേറ്റർമാർക്ക പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. നവമാധ്യമങ്ങളിലൂടെ ഉള്ളതെറ്റായ പ്രചാരണങ്ങളും, ശരിയായ വിവരങ്ങൾ നൽകിയാൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടിവരുമോ എന്ന ജനങ്ങളുടെ ആശങ്കയും ആണ് പ്രധാനമായുള്ളത്. ഇൻവെസ്റ്റിഗേറ്റർമാരെ വീടുകളിൽ കയറ്റാതിരിക്കുകയും ശരിയായ വിവരങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നസ്ഥിതിയും ഉണ്ടാകാറുണ്ട്.

എന്നാൽ ശരിയായ വിവരങ്ങൾ നൽകുന്നതിനുള്ള പൊതുജനങ്ങളുടെ സഹകരണമാണ് ഈ സർവേയുടെ വിജയത്തിന് സഹായകമാകുന്നത്. ഏതെങ്കിലും വ്യക്തിയിൽ നിന്നോകുടുംബത്തിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഇത്തരം സർവേകളിലൂടെ ശേഖരിക്കുന്ന വ്യക്തിഗതവിവരങ്ങൾ പൂർണ്ണമായും രഹസ്യമായി സൂക്ഷിക്കുന്നതോടൊപ്പം അവമറ്റാർക്കും കൈമാറുന്നില്ല എന്നും ഉറപ്പ വരുത്തിയിട്ടുണ്ട്. ആയതിനാൽ വിവരശേഖരണത്തിനായി സമീപിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശരിയായ വിവരങ്ങൾ നൽകി നാടിന്റെ പുരോഗതിയിൽ പങ്കുചേരുക.




**കാർഷിക സെൻസസ് വിഭാഗം**
ഡയറക്ടറേറ്റ്

ഐക്യരാഷ്ട്ര സംഘടനയുടെ Food & Agriculture Organisation (FAO) എല്ലാ രാജ്യങ്ങളിലും വ്യാപകമായി സംഘടിപ്പിച്ചുവരുന്ന ലോക കാർഷിക സെൻസസിന്റെ ഭാഗമായാണ് ഇൻഡ്യയിലും കേന്ദ്ര സർക്കാർ കാർഷിക സെൻസസ് നടത്തിവരുന്നത്. 1970-ലെ 1-ാം ലോക കാർഷിക സെൻസസ് മുതൽ ഓരോ അഞ്ചു വർഷത്തിലും ഓരോ കാർഷിക സെൻസസ് മുടക്കം കൂടാതെ നടത്തിവരുന്നു. ഇപ്രകാരം 2015-16 വരെ പത്ത് കാർഷിക സെൻസസ് സംസ്ഥാനത്ത് പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെയാണ് കാർഷിക സെൻസസ് നടത്തിവരുന്നത്.

11-ാമത് കാർഷിക സെൻസസ് രാജ്യമൊട്ടാകെ 2021-22 അടിസ്ഥാന വർഷമാക്കി 2022-23 വർഷത്തിൽ നടക്കുകയാണ്. 11-ാമത് സെൻസസിന്റെ ഔദ്യോഗിക ഉദ്ഘാടനം 28/07/2022 ന് കേന്ദ്രകാർഷിക കർഷക ക്ഷേമ വകുപ്പ് മന്ത്രി ഡൽഹിയിൽ വച്ച് നിർവഹിച്ചു. തുടർന്ന് 10/08/2022 ന് സംസ്ഥാനങ്ങളുടെ മാസ്റ്റർ ട്രെയിനേഴ്സിനുള്ള പരിശീലന പരിപാടി ഡൽഹിയിൽ വച്ച് നടക്കുകയുണ്ടായി. ഈ വർഷം മുതൽ കാർഷിക സെൻസസ് മൊബൈൽ ആപ്പ് മുഖേനയാണ് വിവരശേഖരണം നടത്തുന്നത്.

## 1. ലക്ഷ്യം

ഇൻഡ്യൻ സമ്പദ്ഘടനയുടെ നട്ടെല്ല് എന്നറിയപ്പെടുന്ന കാർഷിക മേഖലയുടെ അടിത്തറയെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുക, കൃഷി ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ, ഭൂവിനിയോഗം, ഉടമസ്ഥത, കാർഷിക വിളകളുടെ വിപണനം, ജലസേചനം, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം, കാർഷിക ഉപകരണങ്ങളുടെ ഉപയോഗം തുടങ്ങിയ വിവരശേഖരണമാണ് സർവ്വേയുടെ പ്രധാന ലക്ഷ്യം. കൂടാതെ പുത്തൻ കാർഷിക നയരൂപീകരണത്തിനും വിലയിരുത്തലിനും ആവശ്യ മായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക ഭാവിയിലെ കാർഷിക സർവ്വേ നടത്തുന്നതിനാവശ്യമായ ചട്ടക്കൂട് തയ്യാറാക്കുക എന്നിവയും സർവ്വേയുടെ ലക്ഷ്യങ്ങളിൽപെടുന്നതാണ്.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 11-ാമത് കാർഷിക സെൻസസിന്റെ പ്രാരംഭപ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. മൂന്നു ഘട്ടങ്ങളിലായി നടത്തപ്പെടുന്ന കാർഷിക സെൻസസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലെയും മുഴുവൻ ഭൂമിയുടെയും ഉടമസ്ഥരെയും, പ്രസ്തുത ഭൂമിയിൽ കൃഷി നടത്തുന്നവരെയും ഉൾപ്പെടുത്തി വിവരശേഖരണം നടത്തണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. വാർഡുകളിലെ ഒരോ ഭൂമിയും സംബന്ധിച്ച അന്വേഷണം നടത്തി അതത് വാർഡിലെ

കൃഷിഭൂമി കൈവശാനുഭവ കർഷകന്റെയും കൈവശാനുഭവഭൂമിയുടെയും വിവരങ്ങൾ സാമൂഹിക വിഭാഗം തിരിച്ചും ശേഖരിക്കുന്നു. സ്ഥാപനങ്ങളിലെ കാർഷിക പ്രവർത്തി സംബന്ധിച്ചും പ്രത്യേക വിവരവും ശേഖരിക്കുന്നു. വിവര ശേഖരണത്തിനായി കേന്ദ്രസർക്കാരിന്റെ ഏജൻസി യായ National Institute of Electronics and Information Technology (NIELIT) പ്രത്യേക software വികസിപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ReLIS software-ൽ നിന്നുള്ള ഡാറ്റാ കാർഷിക സെൻസസിനായി തയ്യാറാക്കിയ application software–ൽ ഷെയർ ചെയ്ത് പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ചാണ് വിവരശേഖരണം നടത്തുന്നത്.

**2. സമീപനം**

കാർഷികസെൻസസിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്നു ഘട്ടങ്ങളിലായാണ് നടത്തുന്നത്.

1. **ഒന്നാം ഘട്ടം (ലിസ്റ്റിംഗ്)**

എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലെയും മുഴുവൻ ഭൂമിയുടെയും ഉടമസ്ഥരുടെയും കാർഷിക പ്രവർത്തി നടത്തുന്നവരുടെ എണ്ണവും, ഭൂവിസ്തൃതിയും, സാമൂഹ്യ വിഭാഗം, ജെൻഡർ, ഉടമസ്ഥത, ഹോൾഡിംഗിന്റെ തരം തുടങ്ങിയ പ്രാഥമിക വിവരങ്ങളും ശേഖരിക്കുന്നു.

2. **രണ്ടാം ഘട്ടം (പ്രധാന സർവ്വേ)**

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ വാർഡുകളുടെ 20% വാർഡുകളിൽ നിന്നുള്ള തിരഞ്ഞെടുക്കുന്ന ഹോൾഡിംഗുകളിൽ നിന്ന് കൃഷി രീതി, ജലസേചനം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നു.

3. **മൂന്നാം ഘട്ടം (പ്രധാന സർവ്വേ)**

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ വാർഡുകളുടെ 7% സാമ്പിൾ വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഹോൾഡിംഗുകളുടെ ഇൻപുട്ട് ഉപയോഗ രീതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

**നടത്തിപ്പ്**

ജില്ലാ തലത്തിൽ കാർഷിക സെൻസസിന്റെ നടത്തിപ്പുചുമതല ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിനായിരിക്കും. സെൻസസിന്റെ ഫീൽഡു ജോലികൾ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I&II മാരുടെ മേൽ നോട്ടത്തിൽ താല്ക്കാലികമായി തിരഞ്ഞെടുത്ത എന്യൂമറേറ്റർമാർ ആണ് ചെയ്യുന്നത്.



**കാർഷിക സെൻസസ് 2021-22ൻറെ പ്രത്യേക തകൾ**

1. Smart Phone, Tablet, Laptop, Computer എന്നിവ ഉപയോഗിച്ച് സർവേയ്ക്കായി പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് വിവര ശേഖരണം നടത്തുന്നത്.
2. ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് നിലവിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ കൂടി സർവേയ്ക്കായി തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതു ഭൂമിയുടെ ഉടമയെ സംബന്ധിച്ച് ശരിയായ വിവരങ്ങൾ വളരെവേഗം ശേഖരിക്കുവാൻ സഹായിക്കും.
3. സംസ്ഥാനത്തെ എല്ലാ ഭൂമിയും തദ്ദേശ സ്വയം ഭരണ വാർഡ് അടിസ്ഥാനത്തിൽ ശേഖരിക്കുന്നു.
4. തത്സമയ റിപ്പോർട്ടിങ്ങും, സൂക്ഷ്മപരിശോധനയും വെബ്പോർട്ടലിന്റെ സഹായത്താൽ നടപ്പിലാക്കുന്നു.

ഇന്ത്യയിൽ നടത്തിയ കാർഷിക സെൻസസുകളുടെ വിവിധ തലത്തിലുള്ള അവലോകനം ചുവടെ ചേർക്കുന്നു.

1970-71 മുതൽ 2015-16 കാലയളവ് വരെ ഇന്ത്യയിൽ നടത്തിയ കാർഷിക സെൻസസിന്റെ അവലോകനത്തിന്റെ ഗ്രാഫ് ചുവടെ ചേർക്കുന്നു.




2010-11, 2015-16 എന്നീ വർഷങ്ങളിൽ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നി സംസ്ഥാനങ്ങളിലെ ഓപ്പറേഷണൽ ഹോൾഡിംഗ്സിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## Average size of Operational holdings – Southern States (2015-16 & 2010-11)

| Sl No | States | Average size (in Hectares) | |
|---|---|---|---|
| | | 2010-11 | 2015-16 |
| 1 | Karnataka | 1.55 | 1.35 |
| 2 | Telangana | 1.12 | 1.00 |
| 3 | Andhra Pradesh | 1.06 | 0.94 |
| 4 | Tamil Nadu | 0.80 | 0.75 |
| 5 | Kerala | 0.22 | 0.18 |
| All India | | 1.15 | 1.08 |

2010-11, 2015-16 എന്നീ വർഷങ്ങളിലെ കേരളത്തിലെ സ്ത്രീപുരുഷ അടിസ്ഥാനത്തിലുള്ള ഓപ്പറേഷണൽ ഹോൾഡിംഗ്സിന്റെ എണ്ണവും, വിസ്തീർണ്ണവും ഗ്രാഫിൽ ചുവടെ ചേർത്തിരിക്കുന്നു.

## Gender-wise distribution of number of holdings 2010-11 & 2015-16




## Gender-wise distribution of area of holdings 2010-11 & 2015-16




കേരളത്തിലെ 2005-06 മുതൽ 2015-16 വരെയുള്ള ജോയിന്റ് ഓപ്പറേഷണൽ ഹോൾഡിംഗ്സിന്റെ എണ്ണവും, വിസ്തീർണ്ണവും ചുവടെ ഗ്രാഫിൽ ചേർത്തിരിക്കുന്നു.

## Number & area of Joint Holdings from 2005-06 to 2015-16



# ആഭ്യന്തര മൊത്ത വരുമാനം (ജി.എസ്.ഡി.പി)



**സംസ്ഥാനവരുമാന വിഭാഗം**
ഡയറക്ടറേറ്റ്

ഒരു സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്തവരുമാനം (ജി.എസ്.ഡി.പി) എന്നാൽ ആ സംസ്ഥാനത്തിന്റെ ഒരു വർഷം ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ, നടത്തപ്പെടുന്നപ്രവർത്തനങ്ങൾ, സേവനപ്രവർത്തനങ്ങൾ എന്നിവയുടെ എല്ലാം ആകെ മൂല്യം രൂപയിൽ കണക്കാക്കുന്നതാണ്. വ്യത്യസ്തമായയൂണിറ്റുകളിൽ ശേഖരിക്കുന്ന ഇവ ആയതിന്റെ മൂല്യത്തിനനുസരിച്ച് രൂപയിൽ അളന്നെടുത്ത് ഏകീകരിച്ചാണ് ജി.എസ്.ഡി.പി കണക്കാക്കുന്നത്.

- സംസ്ഥാന വരുമാനവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ കീഴിലുള്ള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തയ്യാറാക്കുന്ന ഈ റിപ്പോർട്ടിൽ, കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര വരുമാനം സ്ഥിരമായ നിരക്കിലും (Constant Price @ 2011-12) നിലവിലെ വിലയിലും (Current Price) ഉൾപ്പെടുത്തിയിരിക്കുന്നു.
- കൊവിഡ്-19-ന്റെ നിയന്ത്രണ നടപടികളുടെ ഫലമായി കേരളത്തിന്റെ സാമ്പത്തിക വളർച്ച രാജ്യത്തിന്റെയും ലോകത്തിന്റെയും പല ഭാഗങ്ങളിലുമെന്ന പോലെ നെഗറ്റീവ് ആയിരുന്നു. നിലവിലെ വിലയിൽ, 2019-20 ലെ 3.13 ശതമാനം വളർച്ചയിൽ നിന്ന് 2020-21 ൽ - 5.16 ശതമാനമായും GSVA 4.89 ശതമാനം വളർച്ചയിൽ നിന്ന് - 6.27 ശതമാനമായി കുറയുകയും ചെയ്തിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്ന് കരകയറിയ സമ്പദ്‌വ്യവസ്ഥ കോവിഡിന് മുൻപുള്ള വളർച്ചയെ മറികടന്ന് 2021-22 കാലയളവിൽ 15 ശതമാനത്തിന് മുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പലമേഖലകളിലും വളർച്ചാനിരക്ക് 2021-22ൽ കുതിച്ചുയരുന്നതായും തകർച്ച മറികടന്ന

തായും വിലയിരുത്തുന്നു. മുൻവർഷത്തെ അപേക്ഷിച്ച് പ്രതിശീർഷ വരുമാനത്തിൽ ഉണ്ടായ - 5.63 ശതമാനം സങ്കോചത്തിൽ നിന്നും 2021-22 ൽ 17 ശതമാനത്തി ലധികം വർദ്ധനവാണ് രേഖപ്പെടുത്തുന്നത്.

- മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദന ത്തിന്റെ (GSDP) സ്ഥിരമായ വിലയിൽ (GSDP@ Constant Price; Base Year@2011-12), 2020-21 വർഷത്തെ പ്രൊവി ഷണൽ എസ്റ്റിമേറ്റായ 5,12,07,608/- ലക്ഷം രൂപ 2021-22 വർഷത്തിൽ Quick എസ്റ്റിമേറ്റ് പ്രകാരം 5.7 കോടി ലക്ഷം രൂപയിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. 2020-21 ലെ (-8.43%) സങ്കോചവുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ലെ GSDP യിൽ 11 ശതമാനത്തിനു മുകളിൽ വർദ്ധ നവ് ആണ് കാണപ്പെടുന്നത്.

- ഇപ്രകാരം മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാ ദനത്തിന്റെ നിലവിലെ വിലയിൽ (GSDP@ Current Price) 2020-21 വർഷത്തെ പ്രൊവിഷണൽ എസ്റ്റിമേറ്റായ 7,71,00,866/- ലക്ഷം രൂപ, 2021-22 വർഷത്തിലെ എസ്റ്റി മേറ്റ് പ്രകാരം 17 ശതമാനത്തിനു മുകളിൽ വർദ്ധനവ് രേഖ പ്പെടുത്തിക്കൊണ്ട് 9 കോടി ലക്ഷം രൂപയിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു.

- 2019-20, 2020-21 കാലയളവിൽ മത്സ്യമേഖല യിലുണ്ടായ തകർച്ച 2021-22 ൽ മറികടന്ന് രണ്ടക്ക വളർ ച്ചാനിരക്ക് രേഖപ്പെടുത്തുന്നു.




**മേഖല തിരിച്ചുള്ള വിശകലനം**

നിലവിലെ വിലയിൽ 2019-20 വർഷത്തിൽ പ്രാഥമിക മേഖലയിൽ നിന്നും 11.49% ആണ് മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലേക്കുണ്ടായിരുന്ന സംഭാവന. 2020-21 വർഷം 12.88% ആയും തുടർന്ന് 2021-22 വർഷം 12% ആയി മാറുകയും ചെയ്തിട്ടുണ്ട്.

2020-21, 2021-22 വർഷങ്ങൾ താരതമ്യം ചെയ്യുമ്പോൾ Current Price-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാ ദനത്തിന്റെ (GSDP) പ്രാഥമികമേഖലയിൽ 5% വളർച്ച നിരക്ക് ഉണ്ടായിരുന്നത് 7 ശതമാനത്തിനുമുകളിൽ ആയും ദ്വിതീയമേഖലയിൽ (-2.09%) ആയിരുന്നത് 17 ശതമാന ത്തിനുമുകളിൽ ആയും ത്രിതീയമേഖലയിൽ -9.75 ആയി രുന്നതു 20 ശതമാനത്തിനു മുകളിൽ ആയും വർദ്ധിച്ചിട്ടുണ്ട്. സേവനമേഖലയിലാണ് 2021-22 വർഷം ഏറ്റവും കൂടുതൽ വളർച്ചാനിരക്ക് കൈവരിച്ചിട്ടുള്ളത്.




2020-21 ൽ Constant Price-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) പ്രാഥമിക മേഖലയിൽ (0.79%) ആയിരുന്ന വളർച്ച നിരക്ക് 2021-22 ലെ എസ്റ്റിമേറ്റ് പ്രകാരം 3 ശതമാനത്തിനു മുകളിൽ ആയി ഉയർന്നു. ദ്വിതീയ മേഖലയിൽ (-2.82%) ആയിരുന്നത് 3 ശതമാനത്തിനു മുകളിൽ ആയും ത്രിതീയ മേഖലയിൽ (-14.44%) ആയിരുന്നത് 17 ശതമാനത്തിനു മുകളിൽ ആയും വർദ്ധിച്ചിട്ടുണ്ട്.

2020-21, 2021-22 വർഷങ്ങൾ താരതമ്യം ചെയ്യുമ്പോൾ Current Price-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ പ്രാഥമിക മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ച മൽസ്യമേഖലയിലും ഏറ്റവും കുറവ് ഖനനത്തിലുമാണ്.

Current Price-ൽ ദ്വിതീയമേഖലയിൽ നിന്നും മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലേക്കുള്ള

2019-20 വർഷത്തെ 23.3% സംഭാവന ഉണ്ടായിരുന്നത് 2020-21, 2021-22 വർഷങ്ങളിൽ 24 ശതമാനമായി. ഈ മൂന്ന് വർഷങ്ങളിലും ദ്വിതീയമേഖലയിൽ നിന്നും ഏറ്റവും കൂടുതൽ സംഭാവന ലഭിച്ചിട്ടുള്ളത് നിർമ്മാണമേഖലയിൽ നിന്നാണ്. 2021-22-ൽ ദ്വിതീയമേഖലയിലെ വളർച്ചാ നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള വൈദ്യുതി ജലവിതരണം ഗ്യാസ് ഉൾപ്പെടുന്ന മേഖലയിലും ഏറ്റവും കുറവ് നിർമാണമേഖലയിലുമാണ്.

സേവനമേഖലയിൽ 2020-21ൽ വാർത്താവിനിമയം, ബാങ്കിങ്, ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ്, സ്റ്റോറേജ് ഒഴികെയുള്ള എല്ലാ മേഖലകളിലും വളർച്ച നിരക്ക് താഴേക്കായിരുന്നു. എന്നാൽ 2021-22 ൽ എല്ലാ മേഖലകളും വളർച്ചാ നിരക്കിൽ വർധനവ് കൈവരിച്ചു. എയർ ട്രാൻസ്പോർട്ട്, ഹോട്ടൽ & റെസ്റ്റോറന്റ് മേഖലകളിലാണ് ഏറ്റവും കൂടുതൽ വർദ്ധനവ്വന്നിട്ടുള്ളത്. ഗതാഗതം, വാർത്താ വിനിമയം, സംഭരണം മുതലായവ അടങ്ങുന്നത് ത്രിതീയമേഖലയിൽ നിന്നും ആണ് സംസ്ഥാനമൊത്ത ആഭ്യന്തര വരുമാനത്തിലേക്കുള്ള (GSDP) വലിയ പങ്കു ലഭിക്കുന്നത്. GSDP യുടെ സംഭാവന 60 ശതമാനത്തിനു മുകളിൽ സേവന മേഖലയിൽ നിന്നാണ്. 2021-22 ലും ഈ രീതിയിൽ തുടരുന്നു.

2021-22 വർഷത്തെ Quick Estimate പ്രകാരം വിവിധ മേഖലകളിൽ നിന്നും Current Price-ൽ സംസ്ഥാന മൊത്ത ആഭ്യന്തര വരുമാനത്തിലേക്കുള്ള സംഭാവന (Contribution) വിലയിരുത്തുമ്പോൾ 64 ശതമാനവും സേവന മേഖലയിൽ നിന്നാണെന്നും ആയതിൽ തന്നെയുള്ള ട്രേഡ്, ഹോട്ടൽ &റെസ്റ്റോറന്റ് ഉപമേഖലയിൽ നിന്നാണ് വലിയ പങ്കും ലഭിക്കുന്നതെന്നും കാണാൻ കഴിയും.

Sectoral Decomposition of GVA of Kerala 2021-22 സാമ്പത്തിക പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ Gross State Value at Basic Prices-




ന്റെ വാർഷിക എസ്റ്റിമേറ്റും ആയതിന്റെ പ്രതിവർഷം തോറുമുള്ള മാറ്റങ്ങൾ ശതമാനത്തിൽ കണക്കാക്കിയതും, മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ Gross State Value വാർഷിക എസ്റ്റിമേറ്റുകൾ, Per Capita Income എന്നിവ 2018-19, 2019-20 2020-21 വർഷങ്ങളിലെ സ്ഥിര വിലയിലും (2011-12) നിലവിലെ വിലയിലും പട്ടികകളായി നൽകിയിരിക്കുന്നു.

**TABLE:1 GROSS STATE DOMESTIC PRODUCT OF KERALA, 2018-19 to 2020-21 (At Current Prices)**

Base Year 2011-12

(Rs. in lakhs)

| Sl.No. | Item | 2018-19 | 2019-20 | 2020-21 (P) | Percentage Change Over Previous Year | |
|---|---|---|---|---|---|---|
| | | | | | 2019-20 | 2020-21 (P) |
| 1 | Primary | 8089528 | 8393434 | 8812745 | 3.76 | 5 |
| 2 | Secondary | 17008181 | 17015967 | 16660318 | 0.05 | -2.09 |
| 3 | Tertiary | 44520540 | 47609893 | 42969478 | 6.94 | -9.75 |
| 4. | TOTAL GSVA at basic prices | 69618249 | 73019294 | 68442541 | 4.89 | -6.27 |
| 5 | Gross State Domestic Product | 78828558 | 81293463 | 77100866 | 3.13 | -5.16 |

*P - Provisional Estimate*

Table 2 GROSS STATE DOMESTIC PRODUCT OF KERALA, , 2018-19 to 2020-21 (At Constant Prices)

Base Year 2011-12 (Rs. in lakhs)

| Sl. No | Item | 2018-19 | 2019-20 | 2020-21(P) | Percentage Change Over Previous Year | |
|---|---|---|---|---|---|---|
| | | | | | 2019-20 | 2020-21(P) |
| | Primary | 4611402 | 4430627 | 4465768 | -3.92 | 0.79 |
| | Secondary | 13045039 | 13248025 | 12874903 | 1.56 | -2.82 |
| | Tertiary | 30366164 | 31718772 | 27139314 | 4.45 | -14.44 |
| 12. | TOTAL GSVA at basic prices | 48022604 | 49397423 | 44479985 | 2.86 | -9.95 |
| 15. | Gross State Domestic Product | 55422831 | 55919418 | 51207608 | 0.90 | -8.43 |

Table 3- GROSS STATE VALUE OF KERALA BY ECONOMIC ACTIVITY (At 2011-12 Current Prices)

(Rs. in lakhs)

| Sl. No. | Item | 2018-19 | 2019-20 | 2020-21(P) | Percentage Change Over Previous Year | |
|---|---|---|---|---|---|---|
| | | | | | 2019-20 | 2020-21(P) |
| 1. | Agriculture, forestry and fishing | 7766775 | 8152343 | 8545065 | 4.96 | 4.82 |
| 1.1 | Crops | 3018556 | 3128047 | 3271372 | 3.63 | 4.58 |
| 1.2 | Livestock | 2265784 | 2435454 | 2603989 | 7.49 | 6.92 |
| 1.3 | Forestry and logging | 1335104 | 1531565 | 1604191 | 14.71 | 4.74 |
| 1.4 | Fishing and aquaculture | 1147331 | 1057278 | 1065513 | -7.85 | 0.78 |
| 2. | Mining and quarrying | 322753 | 241091 | 267680 | -25.3 | 11.03 |
| | ***Primary*** | **8089528** | **8393434** | **8812745** | 3.76 | 5 |
| 3. | Manufacturing | 6756751 | 6738146 | 6675600 | -0.28 | -0.93 |
| 4. | Electricity, gas, water supply & other utility services | 959636 | 1060465 | 1080068 | 10.51 | 1.85 |
| 5. | Construction | 9291794 | 9217356 | 8904650 | -0.8 | -3.39 |
| | ***Secondary*** | **17008181** | **17015967** | **16660318** | 0.05 | -2.09 |
| 6. | Trade, repair, hotels and restaurants | 13969141 | 15210848 | 11769938 | 8.89 | -22.62 |
| 6.1 | Trade & repair services | 12846879 | 13966302 | 11222259 | 8.71 | -19.65 |
| 6.2 | Hotels & restaurants | 1122262 | 1244546 | 547680 | 10.9 | -55.99 |
| 7. | Transport, storage, communication & services related to broadcasting | 4735035 | 5003563 | 4379755 | 5.67 | -12.47 |
| 7.1 | Railways | 213233 | 223357 | 216437 | 4.75 | -3.1 |
| 7.2 | Road transport | 3095288 | 3144015 | 2570443 | 1.57 | -18.24 |
| 7.3 | Water transport | 45943 | 46222 | 45287 | 0.61 | -2.02 |
| 7.4 | Air transport | 66961 | 121171 | 42811 | 80.96 | -64.67 |
| 7.5 | Services incidental to transport | 161930 | 162296 | 117974 | 0.23 | -27.31 |
| 7.6 | Storage | 11379 | 11803 | 12643 | 3.73 | 7.12 |
| 7.7 | Communication & services related to broadcasting | 1140300 | 1294699 | 1374160 | 13.54 | 6.14 |
| 8. | Financial services | 3255543 | 3482866 | 3643620 | 6.98 | 4.62 |
| 9. | Real estate, ownership of dwelling & professional services | 11481717 | 11961035 | 12427658 | 4.17 | 3.9 |
| 10. | Public administration | 2678873 | 2674445 | 2496223 | -0.17 | -6.66 |
| 11. | Other services | 8400231 | 9277137 | 8252285 | 10.44 | -11.05 |
| | ***Tertiary*** | **44520540** | **47609893** | **42969478** | 6.94 | -9.75 |
| 12. | **TOTAL GSVA at basic prices** | **69618249** | **73019294** | **68442541** | 4.89 | -6.27 |
| 13. | Taxes on Products | 9729215 | 8792102 | 9745453 | -9.63 | 10.84 |
| 14. | Subsidies on products | 518906 | 517933 | 1087128 | -0.19 | 109.90 |
| 15. | **Gross State Domestic Product** | **78828558** | **81293463** | **77100866** | 3.13 | -5.16 |
| 16. | Population ('00)* | 346656 | 348394 | 350147 | 0.50 | 0.50 |
| 17. | Per Capita GSDP (Rs.) | 227397 | 233338 | 220196 | 2.61 | -5.63 |

Table 4 GROSS STATE VALUE OF KERALA BY ECONOMIC ACTIVITY (At 2011-12 Constant Prices)

| Sl. No. | Item | 2018-19 | 2019-20 | 2020-21(P) | Percentage Change Over Previous Year | |
|---|---|---|---|---|---|---|
| | | | | | 2019-20 | 2020-21(P) |
| 1. | Agriculture, forestry and fishing | **4334271** | **4223374** | **4233349** | -2.56 | 0.24 |
| 1.1 | Crops | 2243944 | 2207388 | 2217508 | -1.63 | 0.46 |
| 1.2 | Livestock | 1168082 | 1146828 | 1170186 | -1.82 | 2.04 |
| 1.3 | Forestry and logging | 442348 | 469269 | 475152 | 6.09 | 1.25 |
| 1.4 | Fishing and aquaculture | 479897 | 399889 | 370503 | -16.67 | -7.35 |
| 2. | Mining and quarrying | 277131 | 207252 | 232419 | -25.21 | 12.14 |
| | *Primary* | **4611402** | **4430627** | **4465768** | -3.92 | 0.79 |
| 3. | Manufacturing | 5753666 | 5697196 | 5833120 | -0.98 | 2.39 |
| 4. | Electricity, gas, water supply & other utility services | 643629 | 653736 | 623178 | 1.57 | -4.67 |
| 5. | Construction | 6647744 | 6897093 | 6418605 | 3.75 | -6.94 |
| | *Secondary* | **13045039** | **13248025** | **12874903** | 1.56 | -2.82 |
| 6. | Trade, repair, hotels and restaurants | 8545828 | 9117191 | 6579642 | 6.69 | -27.83 |
| 6.1 | Trade & repair services | 7858256 | 8368973 | 6271057 | 6.5 | -25.07 |
| 6.2 | Hotels & restaurants | 687571 | 748218 | 308585 | 8.82 | -58.76 |
| 7. | Transport, storage, communication & services related to broadcasting | 3614947 | 3693878 | 3049037 | 2.18 | -17.46 |
| 7.1 | Railways | 157726 | 135689 | 106237 | -13.97 | -21.71 |
| 7.2 | Road transport | 2356840 | 2329236 | 1813023 | -1.17 | -22.16 |
| 7.3 | Water transport | 35343 | 33883 | 30583 | -4.13 | -9.74 |
| 7.4 | Air transport | 50838 | 88822 | 28911 | 74.72 | -67.45 |
| 7.5 | Services incidental to transport | 136562 | 133032 | 89194 | -2.58 | -32.95 |
| 7.6 | Storage | 8425 | 8273 | 8413 | -1.8 | 1.69 |
| 7.7 | Communication & services related to broadcasting | 869214 | 964943 | 972676 | 11.01 | 0.8 |
| 8. | Financial services | 2600609 | 2660129 | 2761402 | 2.29 | 3.81 |
| 9. | Real estate, ownership of dwelling & professional services | 8048627 | 8301889 | 8201673 | 3.15 | -1.21 |
| 10. | Public administration | 1731993 | 1669810 | 1440222 | -3.59 | -13.75 |
| 11. | Other services | 5824160 | 6275874 | 5107338 | 7.76 | -18.62 |
| | *Tertiary* | **30366164** | **31718772** | **27139314** | 4.45 | -14.44 |
| 12. | **TOTAL *GSVA* at basic prices** | **48022604** | **49397423** | **44479985** | 2.86 | -9.95 |
| 13. | Taxes on Products | 7817154 | 6930248 | 7572335 | -11.35 | 9.26 |
| 14. | Subsidies on products | 416927 | 408253 | 844712 | -2.08 | 106.91 |
| 15. | **Gross State Domestic Product** | **55422831** | **55919418** | **51207608** | 0.90 | -8.43 |
| 16. | Population ('00)* | 346656 | 348394 | 350147 | 0.50 | 0.50 |
| 17. | **Per Capita GSDP (Rs.)** | **159878** | **160506** | **146246** | 0.39 | -8.88 |



# കേരളത്തിലെ സംഘടിത ഉൽപാദന മേഖല - താരതമ്യ പഠനം

**വാർഷിക വ്യവസായ സർവേ വിഭാഗം**
ഡയറക്ടറേറ്റ്

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ മുഖ്യ പങ്ക് വഹിക്കുന്ന വ്യവസായ മേഖലയിലെ സംഘടിത ഉൽപാദന മേഖലയുടെ സ്ഥിതിവിവരക്കണക്കിന്റെ മുഖ്യ ശ്രോതസ്സാണ് ആന്വൽ സർവേ ഓഫ് ഇൻഡസ്ട്രീസ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടിതമേഖലയിലെ ഫാക്ടറികളുടെ എണ്ണം, നിക്ഷേപ മൂലധനം, ആകെ ഇൻപുട്ട്, ആകെ ഔട്ട്പുട്ട്, ഗ്രോസ് ഫിക്സഡ് കാപ്പിറ്റൽ ഫോർമേഷൻ, ഗ്രോസ് വാല്യൂ ആഡഡ്, നെറ്റ് വാല്യൂ ആഡഡ്, അറ്റാദായം, ലാഭം എന്നിവ കൂടാതെ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, തൊഴിൽ ദിനങ്ങൾ, ശമ്പളം എന്നീ ഘടകങ്ങളാണ് ഈ സർവേയിലൂടെ വിലയിരുത്തുന്നത്.

## 2011-12 മുതൽ 2018-19 വരെയുള്ള വിവിധ പ്രധാന ഉൽപാദന മേഖലയിലെ സവിശേഷതകളിലെ വാർഷിക പ്രവണതകൾ

| ക്രമ നം. | സവിശേഷതകൾ | സാമ്പത്തിക വർഷം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
| 1 | ഫാക്ടറികളുടെ എണ്ണം | 7021 | 7129 | 7132 | 7295 | 7584 | 7982 | 7596 | 7695 |
| 2 | സ്ഥിരം മൂലധനം | 1559998 | 1793601 | 2454515 | 3312566 | 4069375 | 4784549 | 4369284 | 4907497 |
| 3 | നിക്ഷേപ മൂലധനം | 2955044 | 3254204 | 4042414 | 4804167 | 5717150 | 6547340 | 6194820 | 7031597 |
| 4 | ആകെ ഔട്ട്പുട്ട് | 10986032 | 12064788 | 13573186 | 14237493 | 12052212 | 13942718 | 16573151 | 22651833 |
| 5 | ആകെ ഇൻപുട്ട് | 9803836 | 10774729 | 12014395 | 12680764 | 10237768 | 11643987 | 14256475 | 20185943 |
| 6 | ഗ്രോസ് വാല്യൂ ആഡഡ് | 1182196 | 1290059 | 1558791 | 1556729 | 1814445 | 2298731 | 2279897 | 2465890 |
| 7 | ഗ്രോസ് ഫിക്സഡ് കാപ്പിറ്റൽ ഫോർമേഷൻ | 214086 | 294297 | 802434 | 662239 | 947818 | 1154951 | 485582 | 696533 |
| 8 | നെറ്റ് വാല്യൂ ആഡഡ് | 1024346 | 1128481 | 1370155 | 1315095 | 1568912 | 2047964 | 1987576 | 2104452 |
| 9 | അറ്റാദായം | 919956 | 1009353 | 1235082 | 1092333 | 1377101 | 1863677 | 1799319 | 1861860 |
| 10 | ലാഭം | 313490 | 381847 | 573135 | 319992 | 509639 | 1043683 | 884010 | 824389 |

കേരളത്തിലെ സംഘടിത ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം 2011-12 ൽ 7021 ആയിരുന്നത് ഗണ്യമായി വർദ്ധിച്ച് 2018-19 വർഷത്തിൽ 7695 ആയി.

### തൊഴിലാളികളുടെ എണ്ണവും വേതന വ്യവസ്ഥയും

ഉൽപാദന മേഖലയിൽ ലിംഗസമത്വം വരുത്തുന്നതിന് തൊഴിൽ ഘടന പരിഷ്കരിക്കണം, പുതിയ വേതന വ്യവസ്ഥകൾ വികസിപ്പിക്കൽ, തൊഴിലാളികളുടെ വേതന പ്രവണതകൾ, തൊഴിലാളികളുടെ ലിംഗാധിഷ്ഠിത പങ്കാളിത്തം എന്നിവ വിലയിരുത്തേണ്ടതാണ്. ഫാക്ടറികളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണം ഉൽപ്പാദന മേഖലയിലെ തൊഴിൽ അവസ്ഥയെ പ്രതിഫലിപ്പിക്കുന്നു.

ടേബിൾ 1: 2011-12 മുതൽ 2018-19 വരെ സംസ്ഥാനത്തെ സംഘടിത ഉൽപാദന മേഖലയിലെ തൊഴിലാളികളുടെ എണ്ണം

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|---|---|
| **തൊഴിലാളികൾ** | 310398 | 362971 | 287071 | 294750 | 317472 | 259160 | 256090 | 271485 |
| **തൊഴിലാളികൾ ഒഴികെയുള്ള ജീവനക്കാർ** | 51440 | 54175 | 58514 | 82641 | 61857 | 65021 | 67045 | 68838 |
| **ശമ്പളം കൈപ്പറ്റാത്ത കുടുംബാംഗങ്ങൾ.** | 1407 | 786 | 1774 | 1943 | 1573 | 2463 | 1638 | 2143 |
| ആകെ | *363245* | *357932* | *347359* | *379334* | *380901* | *326644* | *324773* | *342465* |

ഫാക്ടറികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ നേരിട്ട് ജോലി ചെയ്യുന്നവരും കോൺട്രാക്ടർമാർ വഴി ജോലി ചെയ്യുന്നവരുമായി തരംതിരിച്ചിരിക്കുന്നു.

2011-12 കാലയളവിൽ നേരിട്ട് ജോലി ചെയ്യുന്ന തൊഴിലാളികളിൽ 33.8% പുരുഷന്മാരും 66.2% സ്ത്രീകളുമാണ്. 2018-19 കാലയളവിൽ ഇവ യഥാക്രമം 57% ഉം 43% ഉം ആയിരുന്നു.

**ടേബിൾ 2: നേരിട്ട് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശതമാനക്കണക്ക്**

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|---|---|
| **പുരുഷൻ** | 33.8 | 37.7 | 39.5 | 40.9 | 50 | 52.1 | 54 | 57 |
| **സ്ത്രീ** | 66.2 | 62.3 | 60.5 | 59.1 | 50 | 47.9 | 46 | 43 |

കേരളത്തിലെ സംഘടിത ഉൽപാദന മേഖലയിലെ ജീവനക്കാരുടെ സംഭാവന ഉൾപ്പെടെയുള്ള വേതനവും ശമ്പളവും 2011-12 വർഷം 5,62,506/- ലക്ഷം രൂപയിൽ നിന്നും ഗണ്യമായ വർദ്ധനവിലൂടെ 2018-19 വർഷം 10,37,471/- ലക്ഷം രൂപയായി.

ടേബിൾ3: സംഘടിത ഉൽപാദന മേഖലയിലെ ജീവനക്കാർക്ക് നൽകുന്ന വേതനം

| **സാമ്പത്തിക വർഷം** | ജീവനക്കാരുടെ സംഭാവന ഉൾപ്പെടെയുള്ള വേതനവും ശമ്പളവും (ലക്ഷം രൂപയിൽ) |
|---|---|
| **2011-12** | 562506 |
| **2012-13** | 627506 |
| **2013-14** | 661948 |
| **2014-15** | 781658 |
| **2015-16** | 867462 |
| **2016-17** | 819994 |
| **2017-18** | 915447 |
| **2018-19** | 1037471 |

## സ്ഥിര മൂലധനവും നിക്ഷേപ മൂലധനവും

2011-12 മുതൽ 2016-17 വരെ സ്ഥിരം മൂലധനവും നിക്ഷേപമൂലധനവും വർദ്ധിക്കുകയും 2017-18- ൽ നേരിയ ഇടിവ് കാണിക്കുകയും 2018-19- ൽ വീണ്ടും വർദ്ധനവ് കാണിക്കുന്നു.



## ഉൽപാദന മേഖലയിലെ ഇൻപുട്ടും ഔട്ട്പുട്ടും




2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഉൽപാദന മേഖലയിലെ ഇൻപുട്ടിലും ഔട്ട്പുട്ടിലും വർദ്ധിച്ചു വരുന്ന പ്രവണത കാണിക്കുന്നു. എന്നാൽ 2015-16 ൽ ഇടിവ് പ്രവണതയും തുടർന്നുള്ള 3 സാമ്പത്തിക വർഷങ്ങളിൽ (2016-17, 2017-18, 2018-19) വർദ്ധനവും കാണിക്കുന്നു.

## അറ്റാദായവും ലാഭവും




2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ അറ്റാദായവും ലാഭവും വർദ്ധിച്ചുവരുന്നു. ഇത് 2014-15 ൽ കുറവ് രേഖപ്പെടുത്തുകയും 2015-16 മുതൽ 2016-17 വരെയുള്ള കാലയളവിൽ വീണ്ടും വർദ്ധിച്ചതായി കാണുന്നു. 2017-18 ൽ അറ്റാദായം കുറഞ്ഞും 2018-19ൽ വർദ്ധനവും കാണിക്കുന്നു.

## ഗ്രോസ് ഫിക്സഡ് കാപ്പിറ്റൽ ഫോർമേഷൻ

2011-12 മുതൽ 2013-14 വരെ സംഘടിത ഉൽപാദന മേഖലയിലെ ഗ്രോസ് ഫിക്സഡ് കാപ്പിറ്റൽ ഫോർമേഷനും ലാഭവും ഒരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ 2014-15, 2017-18 വർഷങ്ങളിൽ കുത്തനെ കുറയുകയും 2018-19 ൽ വർദ്ധിക്കുകയും ചെയ്യുന്നു.



## ഗ്രോസ് വാല്യൂ ആഡഡ് (GVA)

ഫാക്ടറികളിലെ ഉൽപാദനത്തിന്റെ ഗ്രോസ് വാല്യൂ ആഡഡ് 2014-15, 2017-18 വർഷങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് നേരിയ കുറവ് കാണുന്നു. 2016-17 ൽ GVA 22,98,731/- ലക്ഷം രൂപയിൽ നിന്നും 2017-18- ൽ 22,79,897/- ലക്ഷം രൂപയായി കുറയുകയും 2018-19 ൽ 24,65,890/-ലക്ഷം രൂപയായി വർദ്ധിക്കുകയും ചെയ്തു




### തുടർച്ചയായ 2 സാമ്പത്തിക വർഷങ്ങളിൽ സംഘടിത ഉൽപാദന മേഖലയിലെ സവിശേഷതകളുടെ വളർച്ചാനിരക്ക്

2017-18, 2018-19 കാലയളവിലെ വളർച്ച വിശകലനം ചെയ്യുവാൻ നിരവധി ഫീച്ചറുകളുടെ നിരക്ക് ഉപയോഗിക്കുന്നു. ഡാറ്റാ അനുസരിച്ച് ഫാക്ടറികളുടെ എണ്ണം, സ്ഥിരമൂലധനം, നിക്ഷേപ മൂലധനം, മൊത്തം ഉൽപാദനം, മൊത്തം ഇൻപുട്ട്, ഗ്രോസ് വാല്യൂ ആഡഡ്, നെറ്റ് വാല്യൂ ആഡഡ്, ഗ്രോസ് ഫികസഡ് കാപിറ്റൽ ഫോർമേഷൻ, അറ്റാദായം, ലാഭം എന്നിവ വർദ്ധിക്കുന്ന പ്രവണത കാണുന്നു. ലാഭത്തിന്റെ വളർച്ചാനിരക്കിൽ (-6.74%) നെഗറ്റീവ് വളർച്ച കാണിക്കുന്നു. 2018-19 ൽ ഉൽപാദനത്തിന്റെ ഗ്രോസ് വാല്യൂ ആഡഡ് 8.16% ആണ്. കണക്കുകൾ പ്രകാരം ഫാക്ടറികളുടെ എണ്ണം 1.3%, സ്ഥിര മൂലധനം 12.3%, നിക്ഷേപമൂലധനം 13.51%, മൊത്തം ഔട്ട്പുട്ട് 36.81%, മൊത്തം ഇൻപുട്ട് 41.6%, ഗ്രോസ് വാല്യൂ ആഡഡ് 8.16%, ഗ്രോസ് ഫിക്സഡ് കാപിറ്റൽ ഫോർമേഷൻ 43.44% എന്നിവയാണ് വളർച്ചാനിരക്ക്. എന്നാൽ ഉൽപാദന മേഖലയിലെ അറ്റവരുമാനം 3.48% ആണ്.

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തയ്യാറാക്കുന്ന റിപ്പോർട്ടിലെ പ്രസക്ത ഘടകങ്ങളാണ് ഇതിൽ അവലോകനം ചെയ്തിട്ടുള്ളത്. നിർണ്ണയിച്ചിരിക്കുന്ന ഘടക ങ്ങൾ ഉൽപാദന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങളുടെ വികസനത്തിനായി പുതിയ തന്ത്രങ്ങൾ രൂപീകരിക്കുന്നതിനും മുഖ്യ പങ്ക് വഹിക്കുന്നു.




**വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം**
ഡയറക്ടറേറ്റ്



**ജനന നിരക്ക് സൂചകങ്ങളുടെ അവലോകനം**

ജനസംഖ്യയുടെയും അതിൻറെ ഘടകങ്ങളുടെയും പഠനത്തിൽ സ്ഥിതിവിവര കണക്കുകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. സർക്കാരിൻറെ വിവിധ ജനക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സാമൂഹികവും സാമ്പത്തികവുമായ വിവിധ പഠനങ്ങൾക്കും ജനസംഖ്യാപരമായ സ്ഥിതിവിവര കണക്കുകൾ അത്യന്താപേക്ഷിതമാണ്. ക്ഷേമ പരിപാടികളുടെ പ്രത്യേകിച്ചും ആരോഗ്യ രംഗത്തെ ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതിയും ഫലപ്രാപ്തിയും മറ്റും വിലയിരുത്തുന്നതിന് ചെറിയ കാലയളവിൽ ജനസംഖ്യയിൽ വരുന്ന മാറ്റം അറിയേണ്ടത് അത്യാവശ്യമായി വരുന്നു. ജനസംഖ്യയെ നിയന്ത്രിക്കുന്ന രണ്ട് പ്രധാന ഘടകങ്ങൾ ജനനവും മരണവുമാണല്ലോ. ആരോഗ്യ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജനസംഖ്യാ വളർച്ചയെപ്പറ്റി മനസ്സിലാക്കുന്നതിനും ജനന മരണ നിരക്കുകളെ കുറിച്ചുള്ള കണക്കുകൾ അനിവാര്യമാണ്.

**ജനനങ്ങളെ സംബന്ധിക്കുന്ന പ്രധാന നിരക്കുകളും അനുപാതങ്ങളും**

ജനനവുമായി ബന്ധപ്പെട്ട പ്രധാന സൂചകങ്ങൾ/ നിരക്കുകൾ ക്രൂഡ് ബർത്ത് റേറ്റ് (സി.ബി.ആർ) അഥവാ ജനന നിരക്ക്, ജനറൽ ഫെർട്ടിലിറ്റി റേറ്റ് (ജി.എഫ്. ആർ), ടോട്ടൽ ഫെർട്ടിലിറ്റിറേറ്റ് (ടി.എഫ്.ആർ), ജനന സമയത്തെ ആൺ പെൺ അനുപാതം (സെക്സ് റേഷ്യോ അറ്റ് ബർത്ത്) മുതലായവയാണ്. സാമ്പിൾ റജിസ്ട്രേഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ പ്രകാരം ഓരോ നിരക്കുകളെയും സംബന്ധിച്ച് ഇന്ത്യയിലെയും കേരളത്തിലെയും 2010 മുതൽ 2020 വർഷങ്ങളിലെ വിവരങ്ങൾ പട്ടികകളായി കൊടുത്തിട്ടുണ്ട്. ഇവ പരിശോധിച്ചാൽ കേരളത്തിലേയും ഇന്ത്യയിലേയും ജനന നിരക്കിൽ കുറയുന്ന പ്രവണത കാണാൻ കഴിയും. വിവിധ ടേബിളുകളിലെ റൂറൽ-അർബൻ തിരിച്ചുള്ള ഡാറ്റ പരിശോധിക്കുകയാണെങ്കിൽ നാഷണൽ ലെവലിൽ റൂറൽ-

അർബൻ വ്യതിയാനം പ്രകടമാണെങ്കിലും കേരളത്തിൽ ഇത് കുറവാണെന്നു കാണുവാൻ കഴിയും.

## ക്രൂഡ് ബർത്ത് റേറ്റ് (സി.ബി.ആർ)

ജനനങ്ങളെ സംബന്ധിക്കുന്ന നിരക്കുകളിൽ പ്രധാനമായതും വളരെയധികം പ്രചാരത്തിലിരിക്കുന്നതുമായ സൂചകമാണ് ക്രൂഡ് ബർത്ത് റേറ്റ് (സി.ബി.ആർ) അഥവാ ജനന നിരക്ക്. സജീവ ജനനങ്ങൾ (ലൈവ് ബർത്ത്) മാത്രമാണ് ഇത് കണക്കാക്കുന്നതിന് ഉപയോഗിക്കുന്നത്. 1000 ജനങ്ങൾക്ക് ഒരു വർഷം എത്ര സജീവ ജനനങ്ങൾ ഉണ്ടാകുന്നു എന്നാണ് ഇത് കാണിക്കുന്നത്.

ചുവടെ ചേർത്ത പട്ടിക പരിശോധിച്ചാൽ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ജനന നിരക്കിൽ കുറവ് സംഭവിക്കുന്നതായിട്ട് കാണാൻ കഴിയും. സാമ്പിൾ റജിസ്ട്രേഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിലെ ജനന നിരക്ക് 2010 ൽ 22.1 ആയിരുന്നത് 2020 ൽ 19.5 ആയി കുറഞ്ഞു. കേരളത്തിലാണെങ്കിൽ 2010 ൽ 14.8 ആയിരുന്നത് 2020 ൽ 13.2 ആയിട്ടാണ് കുറഞ്ഞിട്ടുള്ളത്. ചുവടെ ചേർത്തിട്ടുള്ള പട്ടികയിലെ റൂറൽ-അർബൻ തിരിച്ചുള്ള ഡാറ്റ പരിശോധിക്കുകയാണെങ്കിൽ ഗ്രാമീണ മേഖലയിൽ ഇന്ത്യയിലെ ജനന നിരക്ക് 2010 ൽ 23.7 ആയിരുന്നത് 2020 ൽ 21.1 ആയും നഗര മേഖലയിൽ ഇത് 18.0 ൽ നിന്ന് 16.1 ആയും കുറഞ്ഞതായിട്ട് കാണാൻ കഴിയും. എന്നാൽ 2010 ൽ കേരളത്തിൽ രണ്ട് മേഖലയിലും നിരക്ക് (14.8) ഒന്നു തന്നെയാണ്. എന്നാൽ 2020 ൽ ഗ്രാമീണ മേഖലയിൽ 13.1 ആയും നഗര മേഖലയിൽ 13.3 ആയും കുറഞ്ഞിട്ടുണ്ട്.

Table: 1 CBR (Crude Birth Rate) by Residence, India and Kerala

| Year | India | | | Kerala | | |
|---|---|---|---|---|---|---|
| | Total | Rural | Urban | Total | Rural | Urban |
| 2010 | 22.1 | 23.7 | 18.0 | 14.8 | 14.8 | 14.8 |
| 2011 | 21.8 | 23.3 | 17.6 | 15.2 | 15.4 | 14.4 |
| 2012 | 21.6 | 23.1 | 17.4 | 14.9 | 15.1 | 14.2 |
| 2013 | 21.4 | 22.9 | 17.3 | 14.7 | 15.0 | 14.0 |
| 2014 | 21.0 | 22.7 | 17.4 | 14.8 | 14.9 | 14.8 |
| 2015 | 20.8 | 22.4 | 17.3 | 14.8 | 14.8 | 14.8 |
| 2016 | 20.4 | 22.1 | 17.0 | 14.3 | 14.3 | 14.4 |
| 2017 | 20.2 | 21.8 | 16.8 | 14.2 | 14.1 | 14.2 |
| 2018 | 20.0 | 21.6 | 16.7 | 13.9 | 13.8 | 14.0 |
| 2019 | 19.7 | 21.4 | 16.4 | 13.5 | 13.4 | 13.7 |
| 2020 | 19.5 | 21.1 | 16.1 | 13.2 | 13.1 | 13.3 |

അവലംബം:- എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ (2010-2020)

Chart : 1 CBR (Crude Birth Rate) by Residence,India and Kerala




## ജനറൽ ഫെർട്ടിലിറ്റി റേറ്റ് (ജി.എഫ്.ആർ)

ജനനവുമായി ബന്ധപ്പെട്ട മറ്റൊരു നിരക്കാണ് ജനറൽ ഫെർട്ടിലിറ്റി റേറ്റ്. ഒരു വർഷത്തിൽ പ്രത്യുൽപാദന പ്രായത്തിലുള്ള (15-49 വയസ്സ്) 1000 സ്ത്രീകൾക്ക് ഉണ്ടാകുന്ന ജീവനുള്ള ജനനങ്ങളുടെ എണ്ണമാണ് ഈ നിരക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. 2010 ൽ ഇന്ത്യയിലെ ജനറൽ ഫെർട്ടിലിറ്റി റേറ്റ് 83.9 ഉം കേരളത്തിൽ 52.8 ഉം ആണ്. 2020 ൽ ജനറൽ ഫെർട്ടിലിറ്റി റേറ്റ് ഇന്ത്യയിൽ 67.0 ഉം കേരളത്തിൽ 45.3 ആയും കുറഞ്ഞു. റൂറൽ-അർബൻ തിരിച്ച് പരിശോധിച്ചാൽ 2010 ൽ ഇന്ത്യയിൽ ഗ്രാമീണ മേഖലയിൽ 91.9 ഉം നഗര മേഖലയിൽ 64.0 ഉം ആയിരുന്നത് 2020 ൽ ഇത് യഥാക്രമം 73.7 ഉം 53.7 ഉം ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ കേരളത്തിലെ ജനറൽ ഫെർട്ടിലിറ്റി റേറ്റ് 2010 ൽ ഗ്രാമീണ മേഖലയിൽ 53.0 ഉം നഗര മേഖലയിൽ 52.5 ഉം ആയിരുന്നു. ഇത് 2020 ആയപ്പോൾ ഗ്രാമീണ മേഖലയിൽ 45.1 ഉം നഗര മേഖലയിൽ 45.4 ഉം ആയിട്ട് കുറഞ്ഞിട്ടുണ്ട്.

Table 2:- GFR (General Fertility Rate) by residence, India and Kerala

| Year | India | | | Kerala | | |
|---|---|---|---|---|---|---|
| | Total | Rural | Urban | Total | Rural | Urban |
| 2010 | 83.9 | 91.9 | 64.0 | 52.8 | 53.0 | 52.5 |
| 2011 | 81.2 | 88.9 | 62.0 | 54.2 | 55.2 | 51.3 |
| 2012 | 80.3 | 87.6 | 61.5 | 53.4 | 54.3 | 50.9 |
| 2013 | 78.5 | 85.5 | 60.5 | 53.3 | 54.3 | 50.3 |
| 2014 | 77.6 | 85.4 | 61.7 | 53.5 | 54.4 | 52.7 |
| 2015 | 76.2 | 83.8 | 60.8 | 53.0 | 53.5 | 52.5 |
| 2016 | 74.4 | 81.8 | 59.5 | 51.1 | 51.5 | 50.7 |
| 2017 | 72.4 | 79.6 | 58.0 | 49.8 | 50.2 | 49.5 |
| 2018 | 70.4 | 77.4 | 56.7 | 48.6 | 48.7 | 48.4 |
| 2019 | 68.7 | 75.6 | 55.2 | 46.7 | 46.6 | 46.8 |
| 2020 | 67.0 | 73.7 | 53.7 | 45.3 | 45.1 | 45.4 |

അവലംബം:- എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ(2010-2020)

Chart 2:- GFR (General Fertility Rate) by residence, India and Kerala




**ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് (ടി.എഫ്.ആർ)**

ജനസംഖ്യാ വർദ്ധനവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട സൂചകമാണ് ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് (ടി.എഫ്.ആർ). സംസ്ഥാനത്ത് ടോട്ടൽ ഫെർട്ടിലിറ്റി റേറ്റും കുറയുന്നതായി കാണുവാൻ സാധിക്കും. കേരളത്തിൽ ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് 2010 ൽ 1.8 ആയിരുന്നത് 2020 ൽ 1.5 ആയി കുറഞ്ഞു. ഇന്ത്യയിൽ ഇത് 2.5 ൽ നിന്ന് 2.0 ആയിട്ട് കുറഞ്ഞിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള പട്ടിക പരിശോധിച്ചാൽ ചില വർഷങ്ങളിലൊഴികെ കേരളത്തിൽ ടോട്ടൽ ഫെർട്ടിലിറ്റി റേറ്റിൽ ഗ്രാമീണ നഗര വ്യത്യാസമില്ലായെന്ന് കാണുവാൻ കഴിയും. എന്നാൽ ഇന്ത്യയിൽ 2010 ൽ ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് ഗ്രാമീണ മേഖലയിൽ 2.8 ഉം നഗര മേഖലയിൽ 1.9 ഉം ആയിരുന്നത് 2020 ൽ ഇത് യഥാക്രമം 2.2 ഉം 1.6 ഉം ആണ്.

Table 3:- TFR (Total Fertility Rate) by residence, India and Kerala

| Year | India | | | Kerala | | |
|---|---|---|---|---|---|---|
| | Total | Rural | Urban | Total | Rural | Urban |
| 2010 | 2.5 | 2.8 | 1.9 | 1.8 | 1.8 | 1.8 |
| 2011 | 2.4 | 2.7 | 1.9 | 1.8 | 1.9 | 1.8 |
| 2012 | 2.4 | 2.6 | 1.8 | 1.8 | 1.9 | 1.8 |
| 2013 | 2.3 | 2.5 | 1.8 | 1.8 | 1.9 | 1.8 |
| 2014 | 2.3 | 2.5 | 1.8 | 1.9 | 1.9 | 1.8 |
| | | | | | | |
| 2015 | 2.3 | 2.5 | 1.8 | 1.8 | 1.8 | 1.8 |
| 2016 | 2.3 | 2.5 | 1.8 | 1.8 | 1.8 | 1.8 |
| 2017 | 2.2 | 2.4 | 1.7 | 1.7 | 1.7 | 1.7 |
| 2018 | 2.2 | 2.4 | 1.7 | 1.7 | 1.7 | 1.7 |
| 2019 | 2.1 | 2.3 | 1.7 | 1.6 | 1.6 | 1.6 |
| 2020 | 2.0 | 2.2 | 1.6 | 1.5 | 1.5 | 1.5 |

അവലംബം:-എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ (2010-2020)

Chart 3:- TFR (Total Fertility Rate) by residence, India and Kerala



## ജനന സമയത്തെ ആൺ പെൺ അനുപാതം ( സെക്സ് റേഷ്യോ അറ്റ് ബർത്ത്)

2011- ലെ സെൻസസ് പ്രകാരം കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1084 ആണ്. 0-6 വയസ്സ് വരെയുള്ള കുട്ടികളിൽ ഈ അനുപാതം 964 ആണ്. ഇന്ത്യയിലേയും കേരളത്തിലേയും 2010 മുതൽ 2020 വരെയുള്ള ജനന സമയത്തുള്ള അനുപാതം (സെക്സ് റേഷ്യോ അറ്റ് ബർത്ത്) ചുവടെ ചേർത്തിരിക്കുന്നു. പ്രസ്തുത പട്ടിക പ്രകാരം കേരളത്തിൽ 2010 ൽ  സെക്സ് റേഷ്യോ അറ്റ് ബർത്ത് 966 ആയിരുന്നു. എന്നാൽ 2020 ൽ 974 ആണ്. ഇന്ത്യയിൽ ഇത് യഥാക്രമം 905 ഉം 907 ഉം ആണ്. കേരളത്തിൽ 2010 ൽ ഗ്രാമീണ മേഖലയിലെ  സെക്സ് റേഷ്യോ അറ്റ് ബർത്ത് 963 ഉം  നഗര മേഖലയിലേത് 974 ഉം ആയിരുന്നത് 2020 ൽ ഇത് യഥാക്രമം 973 ഉം  975 ഉം ആയിട്ടുണ്ട്. ഇന്ത്യയിൽ 2010 ൽ ഗ്രാമീണ മേഖലയിൽ 907 ഉം നഗര മേഖലയിൽ 898 ഉം ആയിരുന്നത് 2020 ൽ ഇത് യഥാക്രമം 907 ഉം 910 ഉം ആണ്.

| Year | India | | | Kerala | | |
|---|---|---|---|---|---|---|
| | Total | Rural | Urban | Total | Rural | Urban |
| 2010 (2008-10) | 905 | 907 | 898 | 966 | 963 | 974 |
| 2011 (2009-11) | 906 | 907 | 900 | 965 | 961 | 977 |
| 2012 (2010-12) | 908 | 909 | 904 | 966 | 963 | 979 |
| 2013 (2011-13) | 909 | 910 | 906 | 966 | 961 | 983 |
| 2014 (2012-14) | 906 | 907 | 905 | 974 | 970 | 985 |
| 2015 (2013-15) | 900 | 903 | 890 | 967 | 978 | 950 |
| 2016 (2014-16) | 898 | 902 | 888 | 959 | 972 | 946 |
| 2017 (2015-17) | 896 | 898 | 890 | 948 | 965 | 931 |
| 2018 (2016-18) | 899 | 900 | 897 | 957 | 967 | 947 |
| 2019 (2017-19) | 904 | 904 | 906 | 968 | 980 | 955 |
| 2020 (2018-20) | 907 | 907 | 910 | 974 | 973 | 975 |

അവലംബം:-എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ (2010-2020)

Table 4:- Sex Ratio (female per 1000 male) at birth by Residence, India and Kerala






# മിഷൻ അന്ത്യോദയയും കേരളവും

**എ. ഉമ്മർ ഫാറൂക്ക്**
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
ദേവികുളം

ദാരിദ്ര്യരഹിത ഇന്ത്യ എന്ന കാഴ്ചപ്പാട് സാക്ഷാൽകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാക്കിയ പദ്ധതിയാണ് മിഷൻ അന്ത്യോദയ. താഴെ പറയുന്ന വിശാലമായ ലക്ഷ്യങ്ങളോടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തിയാണ് മിഷൻ അന്ത്യോദയ പദ്ധതിയ്ക്ക് തുടക്കമിട്ടത്.

- വിവിധ സർക്കാർ പദ്ധതികളെ ആസൂത്രണത്തിന്റെ അടിസ്ഥാന യൂണിറ്റായ ഗ്രാമപഞ്ചായത്തുകളുമായി സംയോജിപ്പിച്ച് വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുക.
- ഓരോ ദാരിദ്ര കുടുംബങ്ങൾക്കും സുസ്ഥിരമായ ഉപജീവനത്തിനായി കേന്ദ്രീകൃത മൈക്രോ പ്ലാൻ ഉപയോഗിച്ച് പ്രവർത്തിക്കുക.
- പുരോഗതി നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അളക്കാവുന്ന ഫലങ്ങളെക്കുറിച്ച് വാർഷിക സർവേ നടത്തുക.
- ഗ്രാമീണ മേഖലയിലുടനീളമുള്ള വികസന പ്രക്രിയ യിൽ ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയിലൂടെ (ജിപിഡിപി) പങ്കാളിത്ത ആസൂത്രണ പ്രക്രിയയെ പരിപോഷിപ്പിക്കുക. ആയത് സേവന വിതരണം മെച്ചപ്പെടുത്തുകയും പൗരത്വം വർദ്ധിപ്പിക്കുകയും ജനങ്ങളുടെയും

സ്ഥാപനങ്ങളുടെയും ഗ്രൂപ്പുകളുടെയും ഒത്തു ചേർന്ന പ്രവർത്തനത്തിന് വേഗത വർദ്ധിപ്പിക്കുകയും പ്രാദേശിക തലത്തിൽ ഭരണം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും.

- ഗ്രാമീണ ഉപജീവനമാർഗങ്ങളുടെ ഉപഭോഗം ത്വരിതപ്പെടുത്തുന്നതിന് പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ, സംരംഭങ്ങൾ എന്നിവയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

മിഷൻ അന്ത്യോദയയുടെ ഒരു പ്രധാന ഭാഗമാണ് രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലെ വാർഷിക സർവേ പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ പീപ്പിൾസ് പ്ലാൻ ക്യാമ്പയ്നുമായി (പി.പി.സി) സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെയുള്ള ഗ്രാമപഞ്ചായത്ത് വികസന പദ്ധതിക്ക് (ജി.പി.ഡി.പി) പിന്തുണ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

ഗ്രാമപഞ്ചായത്ത് തലത്തിൽ കൈമാറ്റം ചെയ്യപ്പെട്ട 29 വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സർവേയിലൂടെ ശേഖരിക്കുകയും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള റാങ്കിംഗ്, വികസനവിടവ് എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓരോ ഗ്രാമ പഞ്ചായത്തിനും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 29 വിഷയങ്ങളിലായി ലഭിക്കാവുന്ന പരമാവധി മാർക്ക് 100 ആണ്. (പട്ടിക-1)

പട്ടിക -1

| Sl No. | Sector | Max Marks |
|---|---|---|
| 1 | Agriculture | 7 |
| 2 | Land Improvement & Minor Irrigation | 9 |
| 3 | Animal Husbandry | 6 |
| 4 | Fisheries | 2 |
| 5 | Rural Housing | 4 |
| 6 | Drinking water | 3 |
| 7 | Roads | 8 |
| 8 | Rural Electrification | 3 |
| 9 | Non-Conventional Energy | 1 |
| 10 | Maintenance of Community Assets | 1 |
| 11 | Fuel & Fodder | 1 |
| 12 | Libraries | 1 |
| 13 | Cultural Activities | 1 |
| 14 | Financial & Communication Infrastructure | 9 |
| 15 | Public Distribution System | 2 |
| 16 | Education | 6 |
| 17 | Vocational Education | 2 |
| 18 | Markets & Fairs | 3 |
| 19 | Health & Sanitation | 11 |
| 20 | Women & Child Development | 7 |
| 21 | Social Welfare | 0 |
| 22 | Family Welfare | 1 |
| 23 | Welfare of the Weaker Sections | 0 |
| 24 | Poverty Alleviation Programme | 6 |
| 25 | Khadi, Village & Cottage Industries | 3 |
| 26 | Social Forestry | 1 |
| 27 | Minor Forest Produce | 0 |
| 28 | Small Scale Industries | 1 |
| 29 | Adult & Non-Formal Education | 1 |
| Total Score | | 100 |

കേരളത്തിൽ പ്രസ്തുത സർവ്വെ പ്രവർത്തനങ്ങൾ നടത്തിയത് സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. ഗ്രാമ പഞ്ചായത്തുകളുടെ ചാർജ്ജുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ മൊബൈൽ ആപ്പ് വഴി വിവരശേഖരണം നടത്തുകയും ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്) മേൽനോട്ടം വഹിക്കുകയും ചെയ്തു.

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണപ്രക്രിയയിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി രൂപീകരണത്തിന്റെ ആദ്യ പടിയായി ഓരോ വിഷയമേഖലയിലും ഉള്ള പ്രവർത്തക സമിതികൾ (Working Group) അവസ്ഥാരേഖ (Status Report) തയാറാക്കേണ്ടതുണ്ട്. ഓരോ വിഷയമേഖലയിലേയും വിപുലമായ സ്ഥിതിവിവരകണക്കുകളും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പരിഹരിക്കപ്പെടേണ്ട വിഷയങ്ങളും ആയതിനാവശ്യമായ ദീർഘകാല/ഹ്രസ്വകാല ലക്ഷ്യങ്ങളും പദ്ധതി നിർദ്ദേശങ്ങളും ആയതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും മിഷൻ അന്ത്യോദയ സർവേയിലൂടെ കണ്ടെത്തിയ വികസനവിടവ് സംബന്ധിച്ച റിപ്പോർട്ട് (GAP REPORT) ഉപയോഗപ്പെടുത്തേണ്ടതാണ്.

കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണ മാർഗരേഖയിൽ മിഷൻ അന്ത്യോദയ സർവേയിലൂടെ കണ്ടെത്തിയ വികസന വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതിന് ആവശ്യപ്പെടുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ പദ്ധതി രൂപീകരണ സംവിധാനമായ 'സുലേഖ'യിൽ ആയത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ ജനകീയാസൂത്രണം ആരംഭിച്ച് 25 വർഷം പിന്നിടുമ്പോൾ വികേന്ദ്രീകൃതാസൂത്രണം വഴി നേടിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ രാജ്യത്തെ മറ്റ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിനുള്ള ശ്രമമാണ് ഈ റിപ്പോർട്ടിലൂടെ (പട്ടിക-2) നടത്തിയിരിക്കുന്നത്. കൂടാതെ കേരളത്തിലെ ജില്ലകളുടെ മാർക്കുകളുടെ താരതമ്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. (പട്ടിക-3)

- രാജ്യത്താകെ സർവേയിൽ ഉൾപ്പെട്ട 2,67,466 ഗ്രാമ പഞ്ചായത്തുകളിൽ 70 മാർക്കിനു മുകളിൽ നേടിയത് 3130 ഗ്രാമ പഞ്ചായത്തുകൾ ആണ്. ആയത് 1% ആണ്. എന്നാൽ കേരളത്തിലെ 941 ഗ്രാമ പഞ്ചായത്തുകളിൽ 335 ഗ്രാമ പഞ്ചായത്തുകൾ 70നു മുകളിൽ മാർക്ക് വാങ്ങിയിട്ടുണ്ട്. ആയത് 36 ശതമാനം ആണ്.

- രാജ്യത്ത് 60 മാർക്കിനു മുകളിൽ 5% ഗ്രാമ പഞ്ചായത്തുകൾ നേടിയപ്പോൾ കേരളത്തിൽ ആയത് 84 ശതമാനം ആണ്.
- രാജ്യത്ത് 50 മാർക്കിനു മുകളിൽ 15% ഗ്രാമപഞ്ചായത്തുകൾ നേടിയപ്പോൾ കേരളത്തിൽ ആയത് 98 ശതമാനം ആണ്.
- രാജ്യത്ത് 40 മാർക്കിനു താഴെ 62% ഗ്രാമപഞ്ചായത്തുകൾ ഉള്ളപ്പോൾ കേരളത്തിലെ ഏക ഗിരിവർഗ ഗ്രാമപഞ്ചായത്ത് ആയ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് മാത്രമാണ് 40 മാർക്കിനു താഴെയുള്ളത്.
- കേരളത്തിലെ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളുടെ മാർക്കിന്റെ ശരാശരി 67.5 ആണ്.
- കേരളത്തിലെ എല്ലാ ജില്ലകളുടെയും മാർക്കുകളുടെ ശരാശരി 60 നു മുകളിൽ ആണ്.
- കേരളത്തിൽ 80 മാർക്കിൽ കൂടുതൽ നേടിയ 6 ഗ്രാമപഞ്ചായത്തുകൾ ഉണ്ട്.

*പട്ടിക - 2*

**Mission Antyodaya 2020**

| State Name | Total No. of GPs Covered | >70 Marks | | >60 Marks | | >50 Marks | | >40 Marks | | <40 Marks | |
|---|---|---|---|---|---|---|---|---|---|---|---|
| | | No. | % | No. | % | No. | % | No. | % | No. | % |
| **All India** | **267466** | **3130** | **1** | **14283** | **5** | **41041** | **15** | **101036** | **38** | **166430** | **62** |
| JAMMU AND KASHMIR | 4187 | 1 | 0 | 27 | 1 | 254 | 6 | 1368 | 33 | 2819 | 67 |
| HIMACHAL PRADESH | 3255 | 2 | 0 | 34 | 1 | 242 | 7 | 948 | 29 | 2307 | 71 |
| PUNJAB | 13282 | 155 | 1 | 495 | 4 | 1575 | 12 | 5153 | 39 | 8129 | 61 |
| UTTARAKHAND | 7791 | 7 | 0 | 55 | 1 | 303 | 4 | 1461 | 19 | 6330 | 81 |
| HARYANA | 6237 | 46 | 1 | 323 | 5 | 1548 | 25 | 4233 | 68 | 2004 | 32 |
| RAJASTHAN | 11341 | 76 | 1 | 328 | 3 | 879 | 8 | 2841 | 25 | 8500 | 75 |
| UTTAR PRADESH | 58701 | 100 | 0 | 480 | 1 | 2620 | 4 | 13439 | 23 | 45262 | 77 |
| BIHAR | 8387 | 22 | 0 | 120 | 1 | 624 | 7 | 2649 | 32 | 5738 | 68 |
| SIKKIM | 186 | 0 | 0 | 0 | 0 | 21 | 11 | 94 | 51 | 92 | 49 |
| ARUNACHAL PRADESH | 1994 | 0 | 0 | 2 | 0 | 14 | 1 | 73 | 4 | 1921 | 96 |
| NAGALAND | 1257 | 0 | 0 | 2 | 0 | 28 | 2 | 112 | 9 | 1145 | 91 |
| MANIPUR | 3087 | 0 | 0 | 4 | 0 | 26 | 1 | 144 | 5 | 2943 | 95 |
| MIZORAM | 834 | 0 | 0 | 33 | 4 | 194 | 23 | 439 | 53 | 395 | 47 |
| TRIPURA | 1181 | 5 | 0 | 60 | 5 | 337 | 29 | 820 | 69 | 361 | 31 |
| MEGHALAYA | 5993 | 1 | 0 | 7 | 0 | 53 | 1 | 377 | 6 | 5616 | 94 |
| ASSAM | 2691 | 0 | 0 | 6 | 0 | 35 | 1 | 260 | 10 | 2431 | 90 |
| WEST BENGAL | 3231 | 9 | 0 | 70 | 2 | 436 | 13 | 1536 | 48 | 1695 | 52 |
| JHARKHAND | 4359 | 7 | 0 | 32 | 1 | 141 | 3 | 505 | 12 | 3854 | 88 |
| ODISHA | 6798 | 24 | 0 | 65 | 1 | 254 | 4 | 1172 | 17 | 5626 | 83 |
| CHHATTISGARH | 11664 | 38 | 0 | 281 | 2 | 1324 | 11 | 4215 | 36 | 7449 | 64 |
| MADHYA PRADESH | 22782 | 34 | 0 | 227 | 1 | 1096 | 5 | 4304 | 19 | 18478 | 81 |
| GUJARAT | 14203 | 1712 | 12 | 6877 | 48 | 12163 | 86 | 13674 | 96 | 529 | 4 |
| MAHARASHTRA | 27890 | 136 | 0 | 858 | 3 | 3363 | 12 | 9955 | 36 | 17935 | 64 |
| ANDHRA PRADESH | 13369 | 89 | 1 | 851 | 6 | 3800 | 28 | 9375 | 70 | 3994 | 30 |
| KARNATAKA | 6008 | 41 | 1 | 228 | 4 | 794 | 13 | 2404 | 40 | 3604 | 60 |
| GOA | 191 | 2 | 1 | 8 | 4 | 72 | 38 | 154 | 81 | 37 | 19 |
| KERALA | **941** | **335** | **36** | **792** | **84** | **921** | **98** | **940** | **100** | **1** | **0** |
| TAMIL NADU | 12557 | 153 | 1 | 1197 | 10 | 4764 | 38 | 10239 | 82 | 2318 | 18 |
| ANDAMAN AND NICOBAR ISLANDS | 70 | 0 | 0 | 5 | 7 | 17 | 24 | 51 | 73 | 19 | 27 |
| TELANGANA | 12768 | 135 | 1 | 811 | 6 | 3120 | 24 | 8022 | 63 | 4746 | 37 |
| LADAKH | 193 | 0 | 0 | 0 | 0 | 5 | 3 | 47 | 24 | 146 | 76 |
| THE DADRA AND NAGAR HAVELI AND DAMAN AND DIU | 38 | 0 | 0 | 5 | 13 | 18 | 47 | 32 | 84 | 6 | 16 |







പട്ടിക -3

| Mission Antyodaya2020 | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| State Name | Total No. of GPs Covered | >80 Marks | | >60 Marks | | >50 Marks | | >40 Marks | | <40 Marks | | Avg. Marks |
| | | No. | % | No. | % | No. | % | No. | % | No. | % | |
| State Total | 941 | 6 | 0.6 | 792 | 84 | 921 | 98 | 940 | 100 | 1 | 0 | 67.5 |
| ALAPPUZHA | 72 | 0 | 0.0 | 58 | 81 | 70 | 97 | 72 | 100 | 0 | 0 | 66.6 |
| ERNAKULAM | 82 | 0 | 0.0 | 75 | 91 | 82 | 100 | 82 | 100 | 0 | 0 | 69.8 |
| IDUKKI | 52 | 0 | 0.0 | 30 | 58 | 49 | 94 | 51 | 98 | 1 | 2 | 62.8 |
| KANNUR | 71 | 0 | 0.0 | 70 | 99 | 71 | 100 | 71 | 100 | 0 | 0 | 71.7 |
| KASARAGOD | 38 | 0 | 0.0 | 24 | 63 | 36 | 95 | 38 | 100 | 0 | 0 | 62.1 |
| KOLLAM | 68 | 0 | 0.0 | 60 | 88 | 67 | 99 | 68 | 100 | 0 | 0 | 69.2 |
| KOTTAYAM | 71 | 0 | 0.0 | 44 | 62 | 64 | 90 | 71 | 100 | 0 | 0 | 61.5 |
| KOZHIKODE | 70 | 0 | 0.0 | 57 | 81 | 70 | 100 | 70 | 100 | 0 | 0 | 65.8 |
| MALAPPURAM | 94 | 1 | 1.1 | 88 | 94 | 94 | 100 | 94 | 100 | 0 | 0 | 68.2 |
| PALAKKAD | 88 | 1 | 1.1 | 77 | 88 | 86 | 98 | 88 | 100 | 0 | 0 | 67.4 |
| PATHANAMTHITTA | 53 | 1 | 1.9 | 52 | 98 | 53 | 100 | 53 | 100 | 0 | 0 | 73.0 |
| THIRUVANANTHAPURAM | 73 | 3 | 4.1 | 72 | 99 | 73 | 100 | 73 | 100 | 0 | 0 | 73.0 |
| THRISSUR | 86 | 0 | 0.0 | 67 | 78 | 83 | 97 | 86 | 100 | 0 | 0 | 65.3 |
| WAYANAD | 23 | 0 | 0.0 | 18 | 78 | 23 | 100 | 23 | 100 | 0 | 0 | 64.3 |






**അനീഷ്കുമാർ ബി.**
ഡെപ്യൂട്ടി ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം ജില്ല

## ദേശീയ കുടുംബാരോഗ്യ സർവേ

ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ-കുടുംബ ക്ഷേമമന്ത്രാലയം രാജ്യവ്യാപകമായി നടത്തിവരുന്ന സർവേയാണ് നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS). ഈ സർവേ നടത്തിപ്പിന്റെ നോഡൽ ഏജൻസി ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസ് (IIPS) ആണ്. ജനസംഖ്യ, ആരോഗ്യം, കുടുംബാസൂത്രണം, പോഷകാ ഹാരം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന സൂചകങ്ങളായ പ്രത്യുല്പാദനനിരക്ക്, മരണനിരക്ക്, മാതൃ-ശിശു, ആരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാ ഹാരം, ഗാർഹികപീഡനം തുടങ്ങിയ വിഷയ ങ്ങൾ ഈ സർവേയിൽ പഠന വിധേയമാക്കുന്നു.

ആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിനും മറ്റ് ഏജൻസികൾക്കും നയരൂപീകരണത്തിനും ആസൂത്ര ണത്തിനും ആവശ്യമായ ആരോഗ്യം, കുടുംബക്ഷേമം എന്നീ വിഷയങ്ങളെ സംബന്ധിച്ച് അവശ്യ വിവര ങ്ങൾ നൽകുക, അതോടൊപ്പം ആരോഗ്യ കുടുംബ ക്ഷേമ കാര്യങ്ങളിൽ ഉയർന്നു വരുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ അറിയുക എന്നിവയാണ് ഈ സർവേയുടെ പ്രധാനലക്ഷ്യങ്ങൾ.

1992-93 ലാണ് ആദ്യ ദേശീയ കുടുംബാ രോഗ്യ സർവേ (NFHS-1) നടത്തിയത്. സ്ത്രീകൾക്കും കുട്ടികൾക്കും ഊന്നൽ നൽകി ജനസംഖ്യ, ആരോഗ്യം, പോഷക ആഹാരം എന്നിവയെക്കുറിച്ചുള്ള വിപുലമായ വിവരങ്ങൾ ഈ സർവേ ശേഖരിച്ചു. തുടർന്ന് 1998-99 (NFHS-2), 2005-06 (NFHS-3), 2015-16 (NFHS-4) ലും ടി സർവേ രാജ്യത്ത് നടത്തുകയുണ്ടായി. ഈ ശ്രേണി യിലുള്ള അഞ്ചാമത്തെ സർവേ റിപ്പോർട്ട് NFHS-5 2019-20 ആണ് കേന്ദ്ര ആരോഗ്യമന്ത്രാലയം ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നത്.

രണ്ട് ഘട്ടങ്ങളിലായാണ് ദേശീയകുടുംബാരോഗ്യ സർവേ നടത്തിയത്. 2019 മുതൽ 2020 വരെയുള്ള ഒന്നാം ഘട്ടത്തിൽ 17 സംസ്ഥാനങ്ങളെയും 5 കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി. 11 സംസ്ഥാനങ്ങളേയും 3 കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തിയ രണ്ടാംഘട്ടം 2020 ജനുവരി മുതൽ 2021ഏപ്രിൽ വരെ ആയിരുന്നു.

NFHS 4 ൽ പരാമർശിച്ചിരുന്ന ജനസംഖ്യ, ആരോഗ്യം, കുടുംബക്ഷേമം, ജനസംഖ്യയുടെ സവിശേഷതകളെക്കുറിച്ചും പ്രത്യുല്പാദനനിരക്ക്, കുടുംബാസൂത്രണം, ശിശുമരണനിരക്ക്, അമ്മയുടെയും കുട്ടികളുടെയും ആരോഗ്യം, പോഷകാഹാരവും അനീമിയയും രോഗാവസ്ഥയും ആരോഗ്യ പരിപാലനവും, സ്ത്രീശാക്തീകരണം എന്നിവ കൂടാതെ, മരണ രജിസ്ട്രേഷൻ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് സംബന്ധിച്ച വിവരങ്ങൾ, കുട്ടികൾക്ക് ലഭ്യമാകുന്ന പോഷക ഘടകങ്ങൾ, ആർത്തവ ശുചിത്വം, മദ്യത്തിന്റെയും പുകയിലയുടെയും ഉപയോഗം, സാംക്രമികേതര രോഗങ്ങൾ, പ്രമേഹം തുടങ്ങിയ അധിക വിവരങ്ങൾ ഉൾപ്പെടുത്തിയാണ് NFHS-5 സർവേ പൂർത്തീ കരിച്ചത്. ഐക്യരാഷ്ട്രസഭ ഉടമ്പടിയനുസരിച്ച് നേടിയെടുക്കേണ്ട 17 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഉൽപന്നങ്ങളേയും അനന്തര ഫലങ്ങളേയും നിരീക്ഷണം നടത്തുന്നതിനും വിലയിരുത്തുന്നതിനും ദേശീയ കുടുംബാരോഗ്യ സർവേ ഫലങ്ങൾ വഴി കഴിയുന്നതാണ്.

കേരളം ആരോഗ്യ വിദ്യാഭ്യാസ രംഗത്തു കൈവരിച്ച നേട്ടങ്ങൾ ടി റിപ്പോർട്ടിൽ പ്രതിഫലിക്കുന്നത് കാണാവുന്നതാണ്. സ്ത്രീ ശാക്തീകരണവും ജെണ്ടർ ബജറ്റിങ്ങും നടപ്പാക്കുന്ന നമ്മുടെ സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മാറുന്ന ജീവിത ശൈലിയുമായി ബന്ധപ്പെട്ടുള്ള ആരോഗ്യ, സാമൂഹിക മാറ്റങ്ങളിൽ നാം കുറേക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

2015–16 ലെ കുടുംബാരോഗ്യ സർവേ അടിസ്ഥാനമാക്കിയുള്ള ദാരിദ്ര്യ സൂചികയിലും നീതി ആയോഗിന്റെ (Niti Aayog) ദാരിദ്ര്യ സൂചികയിലും ഏറ്റവും ദാരിദ്ര്യം കുറവുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും കേരളത്തിലെ കുട്ടികളിലും സ്ത്രീകളിലും പോഷകാഹാരത്തിന്റെ അപര്യാപ്തതമൂലമുള്ള വിളർച്ച കൂടിയതും, നല്ല കുടി വെള്ള

മുള്ള വീടുകളുടെ എണ്ണത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുള്ളതും, ചെറിയ കുട്ടികളിലെ അമിത വണ്ണവും, സ്ത്രീകളിലും പുരുഷ ന്മാരിലും അമിതഭാരമോ പൊണ്ണത്തടിയോ കൂടുന്നതും ഒക്കെ തന്നെ ആശങ്ക ഉളവാക്കുന്ന വസ്തുതകളാണ്.

## 1. ജനസംഖ്യയും അനുബന്ധ വിവരങ്ങളും

ആറു വയസ്സും അതിനുമുകളിലും പ്രായമുള്ളവരിൽ സ്കൂൾ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം. ഇക്കാര്യത്തിൽ നഗരഗ്രാമങ്ങളിൽ ഉൾപ്പെടെ ദേശീയ ശരാശരിക്കും മുകളിൽ ആണ് നമ്മുടെ സ്ഥാനം.

സെക്സ് റേഷ്യോയിൽ (1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ) ഇന്ത്യയിൽ ആദ്യമായി പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലായി സ്ത്രീകളുടെ എണ്ണം റിപ്പോർട്ട് ചെയ്തതായി കാണാവുന്നതാണ്. സ്ത്രീകളുടെ അനുപാതം NFHS-4 ൽ 991 ൽ നിന്നും NFHS-5ൽ 1020 ആയി ഉയർന്നു. NFHS-4 പ്രകാരം, 1000 ആൺകുട്ടികൾക്ക് 1047 പെൺകുട്ടികൾ എന്ന നിരക്കിൽ കേരളം ആയിരുന്നു രാജ്യത്ത് മുന്നിൽ. എന്നാൽ, NFHS-5 പ്രകാരം ഇത് 951ആയി കുറഞ്ഞു. ജനസംഖ്യ സംബന്ധമായ മറ്റ് സൂചികകളിൽ നാം ദേശീയശരാശരിക്ക് മുകളിൽ ആണെങ്കിൽ കുടി ശുദ്ധമായ കുടിവെള്ളം ലഭ്യമാകുന്ന വീടുകളുടെ എണ്ണത്തിൽ നേരിയ കുറവ് വന്നത് ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ്. മറ്റ് അനുബന്ധവിവരങ്ങൾ ചുവടെചേർത്തിരിക്കുന്നു.



| Sex Ratio | NFHS 4 | NFHS 5 |
|---|---|---|
| **കേരളം** | 1049 | 1121 |
| **ഇന്ത്യ** | 991 | 1020 |

| ജനസംഖ്യയും അനുബന്ധവിവരങ്ങളും (കണക്കുകൾ ശതമാനത്തിൽ) | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | ആറു വയസ്സും അതിനു മുകളിലും പ്രായമുള്ളവരിൽ സ്കൂൾവിദ്യാഭ്യാസം ലഭിച്ചവർ (വനിതകൾ )(%) | 95.5 | 71.8 |
| 2 | ലിംഗാനുപാദം(1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ) | 1121 | 1020 |
| 3 | അഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ സിവിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത ജനനങ്ങൾ (%) | 99.0 | 89.1 |
| 4 | കഴിഞ്ഞ മൂന്നു വർഷത്തിൽ സിവിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത മരണങ്ങൾ(%) | 97.4 | 70.8 |
| 5 | വൈദ്യുതീകരിച്ച വീടുകൾ (%) | 99.6 | 96.8 |
| 6 | ശുദ്ധമായ കുടിവെള്ള മുള്ള വീടുകൾ (%) | 94.9 | 95.9 |
| 7 | വൃത്തിയുള്ള ശൗചാലയമുള്ള വീടുകൾ (%) | 98.7 | 70.2 |
| 8 | നല്ല ഇന്ധനം ഉപയോഗിച്ചുള്ള പാചകം (%) | 72.1 | 58.6 |
| 9 | ഹെൽത്ത് ഇൻഷുറൻസ് ഉള്ള ഒരംഗമെങ്കിലും ഉള്ള കുടുംബം (%) | 51.5 | 41.0 |
| 10 | 2019–20 കാലയളവിൽ പ്രീപ്രൈമറി സ്കൂളിൽ പോയ അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾ . (%) | 29.0 | 13.6 |

## 2. വിദ്യാഭ്യാസവും ഇന്റർനെറ്റ് ഉപയോഗവും (മുതിർന്നവരിൽ)

സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും ഗ്രാമ നഗര വിത്യാസമില്ലാതെ കേരളം മുൻപന്തിയിൽ തന്നെയാണ്. കേരളത്തിൽ സ്ത്രീകളിലെയും പുരുഷ ന്മാരിലെയും ഇന്റർനെറ്റ് ഉപയോഗം ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതൽ ആണ്. ഇതിൽ തന്നെ ഗ്രാമപ്രാദേശങ്ങളിൽ സ്ത്രീകളുടെ ഇന്റ ർനെറ്റ് ഉപയോഗം ദേശീയ ഗ്രാമശരാ ശരിയേക്കാൾ 2 മടങ്ങ് കൂടുതൽ ആണ് എന്നത് എടുത്തുപറയേണ്ട വസ്തുത യാണ്.

| വിദ്യാദ്യാസവും ഇന്റെർനെറ് ഉപയോഗവും (മുതിർന്നവരിൽ) | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | സാക്ഷരരായ സ്ത്രീകൾ(%) | 98.3 | 71.5 |
| 2 | സാക്ഷരരായ പുരുഷന്മാർ(%) | 98.2 | 84.4 |
| 3 | പത്തു വർഷമോ അതിലേറെയോ സ്കൂൾവിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ(%) | 77.0 | 41.0 |
| 4 | പത്തു വർഷമോ അതിലേറെയോ സ്കൂൾവിദ്യാഭ്യാസം ലഭിച്ച പുരുഷന്മാർ(%) | 73.3 | 50.2 |
| 5 | ഇൻറർനെറ്റ് ഉപയോഗിക്കുന്ന സ്ത്രീകൾ(%) | 61.1 | 33.3 |
| 6 | ഇൻറർനെറ്റ് ഉപയോഗിക്കുന്ന പുരുഷന്മാർ(%) | 76.1 | 57.1 |

## 3. വിവാഹവും പ്രത്യുല്പാദനവും

ദേശീയ തലത്തിൽ പ്രായ പൂർത്തിയാകാത്ത വിവാഹങ്ങളുടെ ശരാശരി കുറഞ്ഞതായി കാണാം. NFHS-5 അനുസരിച്ച് രാജ്യത്ത് 23.3% സ്ത്രീകൾ നിയമാ നുസൃതമായ 18 വയസ്സ് തികയുന്നതിന ന് മുമ്പ് വിവാഹിതരായി. എന്നാൽ കേരളത്തിൽ ഇത് 6.3% ആണ്. കേരളത്തിൽ പ്രായപൂർത്തിയാകാത്ത വിവാഹ ങ്ങളുടെ ശരാശരി ദേശീയ ശരാശരിയേക്കാൾ 3 മടങ്ങോളം കുറവാണ്. പ്രായപൂർത്തിയാകാത്ത പുരുഷ ന്മാരുടെ വിവാഹം രാജ്യത്ത് NFHS-5 ൽ 17.7% ഉം NFHS-4ൽ 20.3% ഉം ആണ്. കേരളത്തിൽ ഇത് 1.4% ഉം 2.8% ആണ്. കൗമാരക്കാരിലെ ഗർഭധാരണം ദേശീയതലത്തിൽ 7.9% ൽ നിന്ന്6.8% ആയി കുറഞ്ഞു കേരളത്തിൽ ഇത് 1.8% മാത്രമാണ്.

| വിവാഹവും പ്രത്യുല്പാദനവും | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | പ്രായപൂർത്തിയാകാത്ത വിവാഹങ്ങൾ(%) | 6.3 | 23.3 |
| 2 | 21 വയസ്സിന് താഴെയുള്ള പുരുഷവിവാഹം (%) | 1.4 | 17.7 |
| 3 | കൗമാര ഗർഭധാരണം(%) | 2.4 | 6.8 |
| 4 | പ്രത്യുല്പാദന നിരക്ക് (%) | 1.8 | 2.0 |

രാജ്യത്ത് പ്രത്യുല്പാദന നിരക്ക് (ഒരു സ്ത്രീശരാശരി എത്ര കുട്ടികൾക്ക് ജന്മം നൽകുന്ന എന്നവിലയിരുത്തിയാണ് പ്രത്യുല്പാദന നിരക്ക് കണക്കാക്കുന്നത്) ഇന്ത്യയിൽ 2.2% ൽ നിന്നും 2% ആയി കുറഞ്ഞു. കേരളത്തിൽ ഇത് 1.8% ആണ്. രാജ്യത്ത് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിയിട്ടുള്ള കുടുംബാസൂത്രണ പദ്ധതികൾ വിജയം കൈവരിച്ച തിന്റെ സൂചനയാണിതെന്ന് അനുമാനിക്കാവുന്ന താണ്. NFHS-5 അനുസരിച്ച് രാജ്യത്ത് 66.7% ആളുകൾ കുടുംബാസൂത്രണ മാർഗങ്ങൾ അവലംബി ക്കുന്നു. NFHS-4 ൽ 53.5% ആയിരുന്നു ഇത്.




4. **ശിശുമരണ നിരക്ക്**

ഒരു നിശ്ചിത കാലയളവിൽ ആയിരം കുട്ടികൾ ജനിക്കുമ്പോൾ ഒരു വയസ്സിന് താഴെയുള്ള എത്ര കുട്ടികൾ മരണപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ശിശുമരണ നിരക്ക് കണക്കാക്കുന്നത്. കേരളത്തിലെ ശിശുമരണനിരക്ക് കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്. കേരളത്തിന്റെ 8 ഇരട്ടിയിൽ അധികമാണ് ശിശുമരണ നിരക്കിൽ ദേശീയ ശരാശരി.

ശിശുമരണ നിരക്ക്

| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | നവജാതശിശു മരണ നിരക്ക് (NNMR) | 6.3 | 24.9 |
| 2 | ശിശുമരണ നിരക്ക് | 4.4 | 35.2 |
| 3 | അഞ്ചു വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ മരണ നിരക്ക് | 5.2 | 41.9 |




5. **മാതൃത്വവും കുഞ്ഞിന്റെ ആരോഗ്യവും**

രാജ്യത്ത് ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്നപ്രസവങ്ങൾ 78.9% ൽ നിന്നും 88.6% ആയി ഉയർന്നിട്ടുണ്ട്. എന്നാൽ നമ്മുടെ കേരളത്തിൽ 99.8% പ്രസവങ്ങളും ആരോഗ്യ കേന്ദ്രങ്ങളിലാണ് നടക്കുന്നത്. ദേശീയ ശരാശരിയിൽ ഗ്രാമങ്ങളിൽ വസിക്കുന്ന 87% പ്രസവങ്ങൾ ആരോഗ്യകേന്ദ്രങ്ങളിൽ നടക്കുമ്പോൾ കേരളത്തിൽ ഇത് 99.8% ആണ്.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടക്കുന്ന ജനങ്ങൾ NFHS4-ൽ 38.3% ആയിരുന്നത് NFHS 5-ൽ 34.1% ആയി കുറഞ്ഞു. എന്നാൽ പ്രതിരോധ കുത്തിവയ്പിനായി സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ ശതമാനം NFHS-4 ൽ 77.6% ആയിരുന്നത് NFHS-5- ൽ 87.3% ആയി ഉയർന്നു.



## 6. കുട്ടികളുടെയും മുതിർന്നവരുടെയും പോഷകാഹാര നിലവാരം

വിളർച്ചയ്ക്കൊപ്പം പോഷകാഹാരക്കുറവിനെ തുടർന്നുണ്ടാകുന്ന വളർച്ച മുരടിപ്പ് കേരളത്തിലെ കുട്ടികളിൽ കൂടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. NFHS-4 ൽ 35.7% കുട്ടികൾക്കായിരുന്നു വിളർച്ചയെങ്കിൽ NFHS-5 ൽ ഇത് 39.4% ആയി വർധിച്ചു. കേരളത്തിൽ പ്രായത്തിനൊത്ത ഉയരമില്ലാത്ത അവസ്ഥ 23.4% പേർക്കും ഭാരക്കുറവ് 15.8% പേർക്കുമുണ്ട്. NFHS-4 ൽ ഇത്യഥാക്രമം 19.7%, 15.7% എന്നിങ്ങനെയായിരുന്നു. കുട്ടികളിൽ 4% പേർക്ക് അമിതവണ്ണം ഉള്ളവരായി കാണുന്നു ഇത് ശീയശരാശരിക്കും മുകളിലാണ്.







കേരളത്തിലെ സ്ത്രീകളിലും പുരുഷന്മാരിലും അമിതഭാരമോ പൊണ്ണത്തടിയോ കൂടുന്നതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. NFHS-4 ൽ സ്ത്രീകളിൽ 32.4%വും പുരുഷന്മാരിൽ 28.5% ആയിരുന്നെങ്കിൽ NFHS-5ൽ യഥാക്രമം 38.1%, 36.4% പേർക്കും അമിതഭാരമോ പൊണ്ണത്തടിയോ ഉണ്ട്

| കുട്ടികളുടെയും മുതിർന്നവരുടെയും പോഷകാഹാര നിലവാരം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | മുലപ്പാൽ നൽകുന്ന അമ്മമാർ(3 വയസ്സിന് താഴെ) (%) | 66.7 | 41.8 |
| 2 | വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%) | 23.4 | 35.5 |
| 3 | ഭാരക്കുറവ് ഉള്ള 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%) | 15.8 | 32.1 |
| 4 | അമിത വണ്ണം ഉള്ള 5 വയസ്സിന് താഴെയുള്ള കുട്ടികൾ | 4.0 | 3.4 |
| 5 | 6–59 മാസം പ്രായമുള്ള വിളർച്ചയുള്ള കുട്ടികൾ(%) | 39.4 | 67.1 |
| 6 | അമിതവണ്ണമോ പൊണ്ണത്തടിയോ ഉള്ള സ്ത്രീകൾ(%) | 38.1 | 24.0 |
| 7 | അമിതവണ്ണമോ പൊണ്ണത്തടിയോ ഉള്ള പുരുഷന്മാർ (%) | 36.4 | 22.9 |

## 7. ലിംഗവിവേചനവും അതിക്രമവും

രാജ്യത്ത് വിവാഹിതരായ സ്ത്രീകളിൽ 29.3% പേരും 18 വയസിനും 49 വയസ്സിനുമിടയിൽ ജീവിതപങ്കാളിയിൽ നിന്ന് പീഡനം നേരിടുന്നു. എന്നാൽ കേരളത്തിൽ ഇത് 9.9% മാത്രമാണ്. NFHS-4 ൽ രാജ്യത്ത് ഇത് 31.2% കേരളത്തിൽ 14.3% വും ആയിരുന്നു. ജീവിതപങ്കാളിയിൽ നിന്ന് പീഡനം നേരിടുന്നത് രാജ്യത്ത് 1.9 ശതമാനം കുറഞ്ഞപ്പോൾ കേരളത്തിൽ ഇത് 4.4% കുറഞ്ഞു.

| | കേരളം | ഇന്ത്യ |
|---|---|---|
| NFHS 5 | 9.9 | 29.3 |
| NFHS 4 | 14.3 | 31.2 |



ഗർഭിണികൾക്കെതിരായ ശാരീരിക അതിക്രമം സംസ്ഥാനശരാശരി 0.5% ഉം ദേശീയ ശരാശരി 3.1% വും ആണ്

.

8. **സ്ത്രീ ശാക്തീകരണം**

കേരളത്തിൽ 88.7% സ്ത്രീകളും രാജ്യത്ത് 71% സ്ത്രീകളും കുടുംബത്തിൽ തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളികളാകുന്നു. അതോടൊപ്പം സ്വന്തമായി ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ എണ്ണം രാജ്യത്ത് 78.6% ആയി ഉയർന്നു മുൻസർവേയിൽ ഇത് 53% ശതമാനം ആയിരുന്നു.

| സ്ത്രീ ശാക്തീകരണം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | കുടുംബത്തിൽ തീരുമാനങ്ങളെടുക്കുന്നതില് പങ്കാളികളാകുന്ന സ്ത്രീകൾ(%) | 94.1 | 88.7 |
| 2 | സ്വന്തമായി ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ എണ്ണം (%) | 78.5 | 78.6 |
| 3 | സ്വന്തമായി വീടോ കൂടാതെ/അല്ലെങ്കിൽ ഭൂമിയോ (ഒറ്റയ്ക്കോ മറ്റുള്ളവരുമായി സംയുക്തമായോ) ഉള്ള സ്ത്രീകൾ(%) | 27.3 | 43.3 |

9. **മുതിർന്നവർക്കിടയിലെപുകയില / മദ്യത്തിന്റെഉപയോഗം**

**(15 വയസും അതിന് മുകളിലും)**

മദ്യപാനത്തിൽ ദേശീയ ശരാശരിയെക്കാളും മുന്നിലാണ് കേരളം. രാജ്യത്ത് 18.8% പുരുഷന്മാരും, കേരളത്തിൽ 19.9% പുരുഷന്മാരും മദ്യം ഉപയോഗിക്കുന്നു. കേരളത്തിലെ ഗ്രാമീണ മേഖലകളിലെ 18.7% പുരുഷന്മാരും, നഗര മേഖലയിലെ 21% പുരുഷന്മാരും മദ്യപിക്കുന്ന വരാണെന്നും സർവേ ചൂണ്ടിക്കാണിക്കുന്നു.




| മുതിർന്നവർക്കിടയിലെ പുകയില / മദ്യത്തിന്റെ ഉപയോഗം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | പുകയില ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾ(%) | 2.2 | 8.9 |
| 2 | പുകയില ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർ(%) | 16.9 | 38 |
| 3 | മദ്യം ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾ(%) | 0.2 | 1.3 |
| 4 | മദ്യം ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർ(%) | 19.9 | 18.8 |



# 2022 -ൽ വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ

**1. ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ഉദ്ഘാടനം**

കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 19/02/2022 ലെ സ.ഉ(കൈ) 4/2022/ P&EA നമ്പർ ഉത്തരവ് പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് പുതിയതായി അനുവദിച്ച ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ ഉദ്ഘാടനം ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ 26/04/2022 ന് രാവിലെ കട്ടപ്പന പാറക്കടവിലുള്ള ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ നിർവ്വഹിച്ചു. അഡ്വ.ഡീൻ കുര്യാക്കോസ് എം.പി ഓഫീസിൽ സന്നിഹിതനായിരുന്നു. സർക്കാരിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും മികച്ച പങ്കാളിത്തം നൽകുന്ന പ്രവർത്തനമാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കാഴ്ചവയ്ക്കുന്നതെന്ന് മന്ത്രി ഉദ്ഘാടന ചടങ്ങിൽ പരാമർശിക്കുകയുണ്ടായി. വകുപ്പിന് ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ എന്നീ നാലു താലൂക്ക് സ്റ്റാറ്റസ്റ്റിക്സ് ഓഫീസുകളാണ് ഉണ്ടായിരുന്നത്. ഇതിൽ അതിവിസ്തൃതമായ ഉടുമ്പൻ ചോല താലൂക്ക് സ്റ്റാറ്റസ്റ്റിക്സ് ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളെ വിഭജിച്ചാണ് മാർക്കറ്റ് സെന്ററായ കട്ടപ്പന ആസ്ഥാനമാക്കി പുതിയ ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് രൂപീകരിച്ചത്.

ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തന ഉദ്ഘാടനം 17/08/2022 ന് ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ പി.കെ അജിത്കുമാർ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ പ്രവർത്തന ഉത്തരവ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പുതിയതായി നിയമിതനായ ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ശ്രീ നിഖിൽ എൻ.പിയ്ക്ക് കൈമാറി.

**2. കേരള മന്ത്രിസഭയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജില്ലാ ഓഫീസുകളിൽ സംഘടിപ്പിച്ച പരിപാടികൾ**

കേരള മന്ത്രിസഭയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജില്ലാ ഓഫീസുകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിച്ച 'എന്റെ കേരളം' മെഗാ എക്സിബിഷനിലും അതിനോടനുബന്ധിച്ച് നടത്തിയ സെമിനാറിലും തൃശ്ശൂർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടായി. 2022 ഏപ്രിൽ 18 മുതൽ 24 വരെ സംഘടിപ്പിച്ച പ്രദർശന വിപണന മേളിയിലെ വകുപ്പിന്റെ സ്റ്റാൾ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുകയുണ്ടായി.

കേരള മന്ത്രിസഭയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കൊല്ലം ജില്ലയിൽ 2022 ഏപ്രിൽ 25 മുതൽ മേയ് 1 വരെ കൊല്ലം ആശ്രാമം മൈതാനത്ത് പ്രദർശന-വിപണന മേള നടക്കുകയുണ്ടായി. ഏപ്രിൽ 25 വൈകിട്ട് 4.00 മണിയ്ക്ക് സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ മൈതാനത്ത് നിന്നും ആശ്രാമം മൈതാനത്തെ പ്രദർശന നഗരിയിലേയ്ക്ക് വിളംബര ഘോഷയാത്രയോടുകൂടി ആരംഭിച്ച ഉദ്ഘാടന സമ്മേളനം ശ്രീ.കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ ബഹു.കൊല്ലം ജില്ലാ കളക്ടറും സ്വാഗത സംഘം ചെയർപേഴ്സണുമായ ശ്രീമതി അഫ്സാന പർവീൻ, ഐ.എ.എസ് സ്വാഗതം ആശംസിക്കുകയും ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ.ചിഞ്ചുറാണി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പ്രദർശനത്തോടനുബന്ധിച്ച് എല്ലാ ദിവസവും വൈകിട്ട് 5.00 മണി മുതൽ വിവിധ കലാപരിപാടികൾ, അവബോധ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് മേളയിൽ അനുവദിച്ച തീം സ്റ്റാൾ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയകുമാർ വി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2022 മെയ് 10 മുതൽ 16 വരെ തിരൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് ഗ്രൗണ്ടിലുമായി നടന്ന പ്രദർശന വിപണനമേളയുടെ ഉദ്ഘാടനം ബഹു. കായിക വകുപ്പ് മന്ത്രി ശ്രീ വി. അബ്ദുൾ റഹ്മാൻ നിർവഹിച്ചു. ടി മേളയിൽ മലപ്പുറം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസിന്റെ രണ്ടു സ്റ്റാളുകൾ ഉണ്ടായിരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ലളിതമായി മനസ്സിലാക്കുന്നിനായി പ്രൈസ്, ഇ.എ.ആർ.എ.എസ്, വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് എന്നിവയുടെ റിപ്പോർട്ടുകൾ വകുപ്പ് പ്രസിദ്ധീകരണങ്ങൾ എന്നിവ സ്റ്റാളിൽ പ്രദർശിപ്പിക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 'എന്റെ കേരളം' വിപണന മേളയോടനുബന്ധിച്ച് 27/05/2022 മുതൽ 02/06/2022 വരെ കനകക്കുന്നിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ സ്റ്റാൾ സജ്ജീകരിച്ചിരുന്നു. ടി മേളയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി വകുപ്പിന്റെ പവലിയനിൽ വിവിധ സ്ഥിതിവിവരക്കണക്കുകൾ പ്രദർശിപ്പിക്കുകയും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

3. **ആസാദി കാ അമൃത് മഹോത്സവ്**



'ആസാദി കാ അമൃത് മഹോത്സവ്' എന്ന പരിപാടിയോടനുബന്ധിച്ചുള്ള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 02/06/2022 ന് 'പ്രാദേശിക സ്ഥിതിവിവരക്കണക്കുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രഭാഷണം സംഘടിപ്പിച്ചു. കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് ഡയറക്ടറുമായ ശ്രീ എസ്. എം. വിജയാനന്ദ് ഐ.എ.എസ് (റിട്ട.) ആയിരുന്നു പ്രഭാഷകൻ. ആസാദി കാ അമൃത് മഹോത്സവ് പരിപാടിയോടനുബന്ധിച്ചുള്ള ഈ വകുപ്പിലെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത പരിപാടിയുടെ നോഡൽ ഓഫീസറും ഇഎആർഎഎസ് വിഭാഗം ജോയിന്റ് ഡയറക്ടറുമായ ശ്രീ രജത്ത് ജി. എസ് നേതൃത്വം നൽകി.

5. **പുതിയ വെബ്സൈറ്റ്**



സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പുതിയ വെബ്സൈറ്റ് 'www.ecostat.kerala. gov.in' 22/06/2022 ന് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ ബഹു.വകുപ്പ് ഡയറക്ടർ ശ്രീ സജീവ് പി.പി, കമ്പ്യൂട്ടർ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ഷിബുകുമാർ ഡി.എസ് എന്നിവർ സന്നിഹിതരായി രുന്നു. Xocortx Advanced Systems LLP എന്ന സ്റ്റാർട്ടപ് കമ്പനിയാണ് പുതിയ വെബ്സൈറ്റ് തയ്യാറാക്കിയത്.

***പുതിയ വെബ്സൈറ്റിന്റെ പ്രത്യേകതകൾ***

•സംസ്ഥാനത്തിന്റെ ഇക്കണോമിയെ സംബന്ധിച്ച പ്രധാനപ്പെട്ട ഇൻഡിക്കേറ്ററുകൾ ഹോം ഡാഷ്ബോർഡ് രൂപത്തിൽ ലഭ്യമാണ്.

•പ്രധാനപ്പെട്ട സംസ്ഥാന-ജില്ലാതല ഡാറ്റായെ സംബന്ധിക്കുന്ന ഡാറ്റാ അനലിറ്റിക്സ് ഹോം പേജിൽ ലഭ്യമാണ്.

•വകുപ്പ് 2004-05 മുതൽ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള 480-ൽ പരം റിപ്പോർട്ടുകൾ PDF രൂപത്തിൽ വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

•റിപ്പോർട്ടുകൾ ഉപയോക്താവിന്റെ താല്പര്യ പ്രകാരം പ്രസിദ്ധീകരിച്ച വർഷം, Reference Year, പദ്ധതി, സെക്ടർ എന്നിവയുടെ അടിസ്ഥാനത്തിൽ വളരെ വേഗത്തിൽ തിരയാൻ (Filtering) സാധിക്കുന്നതാണ്.

•വകുപ്പിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചതും, വകുപ്പ് പുറപ്പെടുവിച്ചതുമായ ഉത്തരവുകൾ, സർക്കുലറുകൾ, അറിയിപ്പുകൾ എന്നിവ പ്രസിദ്ധീകരിച്ച തീയതി, വിഭാഗം എന്നിവയുടെ അടിസ്ഥാനത്തിൽ വേഗത്തിൽ തിരയാൻ സാധിക്കും.

•വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും വിവരങ്ങൾ പുതിയ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

•പുതിയ വെബ്സൈറ്റിലെ ഓരോ പേജിലേയും ലാസ്റ്റ് അപ്ഡേറ്റ് ഡേറ്റ്, വിസിറ്റർ കൗണ്ട് എന്നിവ ഉപയോക്താവിന് അറിയുവാൻ സാധിക്കും.

•ഹോം പേജിൽ നിന്നു തന്നെ എല്ലാ പേജുകളിലേക്കും, പദ്ധതികളിലേക്കും, റിപ്പോർട്ടുകളിലേക്കും, അറിയിപ്പുകളിലേക്കും അതിവേഗത്തിൽ എത്തുന്നതിനുള്ള നാവിഗേഷൻ സൗകര്യം ലഭ്യമാണ്.

•ഓരോ ജില്ലയ്ക്കും പ്രത്യേകം പേജുകൾ നൽകിയിട്ടുണ്ട്.

•ഏതു പേജിൽ നിന്നുകൊണ്ടും ലാംഗ്വേജ് സ്വിച്ചിങ് ബട്ടൺ ക്ലിക്ക് ചെയ്തുകൊണ്ട് ആ പേജ് തന്നെ മലയാളം, ഇംഗ്ലീഷ് എന്നീ രണ്ടു ഭാഷകളിൽ കാണുന്നതിന് സാധിക്കും.

## 5. സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രൊഫ.പി.സി. മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നു. 29/06/2022 ലെ ആഘോഷങ്ങൾ ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികളാണ് നടത്തിയത്. ഇതിന്റെ ഭാഗമായി 29/06/2022 ന് പതിനാറാമത് സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തോടനുബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ബഹു.വകുപ്പ് മേധാവിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് പരിശീലന ഹാളിൽ വച്ച് രാവിലെ ആരംഭിച്ച ആഘോഷ പരിപാടിയിൽ അഡീഷണൽ ഡയറക്ടർ (ജനറൽ) ശ്രീമതി.സി.എസ്.ലതാകുമാരി സ്വാഗതം ആശംസിക്കുകയും തുടർന്ന് ബഹു. ഡയറക്ടർ ശ്രീ.സജീവ് പി.പി, സ്റ്റാറ്റിസ്റ്റിക്സ് ദിനത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊള്ളിച്ച് കൊണ്ട് പ്രൊഫ.പി.സി. മഹലനോബിസിനെ അനുസ്മരിച്ച് കൊണ്ട് അദ്ധ്യക്ഷ പ്രസംഗം നടത്തുകയുണ്ടായി.



ബഹു.ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി ഷൈനി ജോർജ് പരിപാടി ഉദ്ഘാടനം ചെയ്യുകയും സംസ്ഥാനത്തിന്റെ ആസൂത്രണ സാമ്പത്തിക മേഖലകളിലെ പ്രവർത്തനങ്ങളുടെ ജീവനാഡിയാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പെന്നും, വകുപ്പ് ശേഖരിക്കുന്ന ഡാറ്റായുടെ പ്രാധാന്യത്തെ

ക്കുറിച്ചും ആയതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതിനെ കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രശാന്ത ചന്ദ്ര മഹലനോബിസിന്റെ ജീവചരിത്രവും വിവിധ മേഖലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും കമ്പ്യൂട്ടർ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ഡി.എസ് ഷിബുകുമാർ Power Point Presentation നടത്തുകയുണ്ടായി.

പതിനാറാമത് സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ പ്രതിപാദ്യ വിഷയമായ 'Data for Sustainable Development' സംബന്ധിച്ച് എൻ.എസ്.എസ് കോളേജ് നീറമൺകര അസിസ്റ്റന്റ് പ്രൊഫസർ ഡോ.ശുഭ. ആർ.നായർ മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. ഡാറ്റാ ശേഖരണത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ചും ഡാറ്റായുടെ ഗുണമേന്മ ഉയർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിവിധ തലങ്ങളിലെ ഡാറ്റായുടെ വളർച്ച സംബന്ധിച്ചും വിശദമായ അവതരണം നടത്തുകയുണ്ടായി. സീനിയർ ജോയിന്റ് ഡയറക്ടർ ശ്രീ.റ്റി.പി. വിനോദൻ യോഗത്തിൽ നന്ദി അറിയിക്കുകയും ചെയ്തു.

ജില്ലാ / താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ വിവിധ തരത്തിലുള്ള പ്രോഗ്രാമുകൾ, ഈ വർഷത്തെ തീം ആയി നിർദ്ദേശിച്ച 'Data for Sustainable Development' നെക്കുറിച്ചുള്ള ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ, പ്രഭാഷണങ്ങൾ, വകുപ്പ് ശേഖരിക്കുന്ന ഡാറ്റായുടെ പ്രാധാന്യം പൊതുസമൂഹത്തിലെത്തിക്കുന്നതിനുള്ള പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

### 6. ഇ.എ.ആർ.എ.എസ് വാർഷിക പരിശീലന പരിപാടി

2022 ജൂലൈ 5, 6 തീയതികളിൽ തൈക്കാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് 2022-23 കാർഷിക വർഷത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ഇ.എ.ആർ.എ.എസ് പരിശീലന പരിപാടി ബഹു.വകുപ്പ് ഡയറക്ടർ ശ്രീ സജീവ് പി.പി, ഉദ്ഘാടനം ചെയ്തു. നാഷണൽ സാമ്പിൾ സർവേ ഓഫീസ്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി, കേരള ഹോർട്ടികൾച്ചർ മിഷൻ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. എല്ലാ ജില്ലകളിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ഓഫീസർമാർ, അഡീഷണൽ ജില്ലാ ഓഫീസർമാർ, റിസർച്ച് ഓഫീസർമാർ എന്നിവർ കോൺഫറൻസിൽ പങ്കെടുത്തു.

### 7. എൻ.എസ്.എസ് പരിശീലന പരിപാടി

എൻ.എസ്.എസ് 79-ാം റൗണ്ട് സർവേയുടെ ഭാഗമായി സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എൻ.എസ്.എസ് ഡിവിഷൻ 2022 ജൂലൈ 7, 8 തീയതികളിലായി എൻ.എസ്.എസ് വിഭാഗം ജീവനക്കാർക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി തൈക്കാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ വച്ച് നടത്തുകയുണ്ടായി. പരിശീലന പരിപാടി ബഹു.വകുപ്പ് ഡയറക്ടർ ശ്രീ സജീവ് പി.പി, ഉദ്ഘാടനം ചെയ്തു. നാഷണൽ സാമ്പിൾ സർവേ 79-ാം റൗണ്ട് Comprehensive Annual Module Survey (CAMS), AYUSH എന്നീ വിഷയങ്ങളിലാണ് സർവേ നടത്തുന്നത്.

### 8. ഓണാഘോഷം 2022




–

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022 വർഷത്തെ ഓണാഘോഷത്തോട് അനുബന്ധിച്ച് 12/09/2022 ന് നടത്തിയ ഘോഷയാത്രയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളും സ്ഥിതി വിവരക്കണക്കുകളും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഫ്ലോട്ട് അവതരിപ്പിച്ചു. പ്രസ്തുത ഘോഷയാത്രയിൽ ഫ്ലോട്ടിനോടൊപ്പം ശിങ്കാരി

മേളം, മുത്തുക്കുട എന്നിവ ഉണ്ടായിരുന്നു. ഇവ ഘോഷയാത്രയിൽ വകുപ്പ് അവതരിപ്പിച്ച ഫ്ലോട്ടിന് കൂടുതൽ മിഴിവേകി. ഡയറക്ടർ ഉൾപ്പെടെ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഘോഷയാത്രയിൽ പങ്കെടുത്തു



**9. കാർഷിക സെൻസസ് 2021-22 ന്റെ സംസ്ഥാന തല പരിശീലന പരിപാടി**

കാർഷിക സെൻസസ് 2021-22ന്റെ സംസ്ഥാനതല പരിശീലന പരിപാടി 14/09/2022ന് തൈയ്ക്കാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ വച്ച് നടത്തുകയുണ്ടായി. ടി പരിശീലന പരിപാടിയുടെ ഉദ്ഘാടനം കേന്ദ്ര കാർഷിക സെൻസസ് കമ്മീഷണർ ഡോ.ഡലീപ് സിംഗ് ഓൺലൈനായി നിർവ്വഹിച്ചു. ബഹു.വകുപ്പ് ഡയറക്ടർ ശ്രീ.സജീവ് പി.പിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അഡീഷണൽ ഡയറക്ടർ (പ്രൈസ്) ശ്രീ ശ്രീകുമാർ ബി സ്വാഗതം ആശംസിച്ചു. ടി യോഗത്തിൽ അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം), ശ്രീ പി.ഡി.സന്തോഷ്കുമാർ എല്ലാ ജില്ലകളിൽ നിന്നുമുള്ള ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ഓഫീസർമാർ അഡീഷണൽ ജില്ലാ ഓഫീസർമാർ, റിസർച്ച് ഓഫീസർമാർ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**10. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (R/U/C) സംസ്ഥാന തല പരിശീലന പരിപാടി**

ഉപഭോക്തൃവില (റൂറൽ / അർബൻ / കമ്പയിൻഡ്) മായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേറ്റർമാരുടെയും സൂപ്പർവൈസർമാരുടേയും സംസ്ഥാനതല പരിശീലനം സെപ്റ്റംബർ 26, 27, 28 തീയതികളിൽ തിരുവനന്തപുരത്ത് നടന്നു. പരിപാടിയുടെ ഉദ്ഘാടനം 26/09/2022 ന് ശ്രീ ഡോ. വിനോജ് എബ്രഹാം (പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം) നിർവഹിച്ചു. യോഗത്തിൽ ഡയറക്ടർ ശ്രീ പി.പി.സജീവ് അധ്യക്ഷത വഹിച്ചു. ശ്രീ ശ്രീകുമാർ ബി (അഡീഷണൽ ഡയറക്ടർ) സ്വാഗതവും ശ്രീ.രാജേന്ദ്രൻ കുറ്റിക്കാട് (അസിസ്റ്റന്റ് ഡയറക്ടർ) നന്ദിയും പറഞ്ഞു. ശ്രീ.ജോസ് കുര്യൻ (ജോയിന്റ് ഡയറക്ടർ, പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം, എൻ.എസ്.ഒ, ന്യൂ ഡൽഹി), ശ്രീമതി സുനിത ഭാസ്കർ (ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.എസ്.ഒ, റീജിയണൽ ഓഫീസ്, തിരുവനന്തപുരം), ശ്രീമതി സി.എസ് ലതാകുമാരി അഡീഷണൽ ഡയറക്ടർ (ജനറൽ), ശ്രീമതി മായ എസ് (ഡെപ്യൂട്ടി ഡയറക്ടർ, ടൗൺ പ്ലാനിംഗ്, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം), ശ്രീമതി അനിതാര ഐ.പി (സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, എൻ.എസ്.ഒ, റീജിയണൽ ഓഫീസ്, തിരുവനന്തപുരം) എന്നിവർ ആശംസാ പ്രസംഗം നടത്തി.

ശ്രീ ജോസ് കുര്യൻ, ശ്രീമതി അനിതാര ഐ.പി, ശ്രീമതി മായ എസ്, ശ്രീ. രാജേന്ദ്രൻ കുറ്റിക്കാട്, ശ്രീമതി നസീറ, ശ്രീമതി ശാരുലത എന്നിവർ വിവിധ സെക്ഷനുകളിലായി ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

26/09/2022 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം

27/09/2022 ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്

28/09/2022 ന് വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

# സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ)




**ഡോ.** സി. രംഗരാജൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം രാജ്യത്തിന്റെ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ലോക ബാങ്കിന്റെ സഹായത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച India Statistical Strengthening Project (ISSP)-ൽ ഉൾപ്പെടുത്തി കേരള സർക്കാർ രൂപീകരിച്ച Kerala State Strategic Statistical Plan (KLSSSP) പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പഠന ഗവേഷണ പരിശീലന സ്ഥാപനമായ **സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ** (SASA) 2015 ൽ സ്ഥാപിച്ചു.

വകുപ്പിലെയും മറ്റു വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ വിവിധ വിഷയങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുക, സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ശില്പശാലകൾ / സെമിനാറുകൾ സംഘടിപ്പിക്കുക, പഠന ഗവേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക.ഇതര സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സാങ്കേതിക ഉപദേശം നല്കുക തുടങ്ങിയവയാണ് SASA-യുടെ പ്രധാന പ്രവർത്തനങ്ങൾ.

## VISION

ഡാറ്റാ അധിഷ്ഠിതമായ ഗവേഷണങ്ങളിലൂടെ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിൽ നയരൂപീകരണത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുകയും സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം നവീകരിക്കുകയും പരിശീലന പഠന ഗവേഷണത്തിൽ SASA യെ മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക.

## MISSION

- നൂതന ആശയങ്ങളും രീതിശാസ്ത്രങ്ങളും ശരിയായ രീതിയിൽ സമന്വയിപ്പിച്ച് പരിശീലനങ്ങളിലൂടെ ആസൂത്രണ പ്രക്രിയയ്ക്ക് ഉതകുന്ന രീതിയിൽ സ്ഥിതിവിവരക്കണക്ക് സംവിധാനം മെച്ചപ്പെടുത്തുക.

- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർക്കാരിന്റെ നയരൂപീകരണത്തിന് ആവശ്യമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തുക.

## പരിശീലന പരിപാടികൾ / സെമിനാർ / ശില്പശാലകൾ

SASA യുടെ പ്രവർത്തനം ആരംഭിച്ച 30/09/2015 മുതൽ 31/03/2022 വരെയുള്ള കാലയളവിൽ 37 പരിശീലന പരിപാടികൾ 2 ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും വകുപ്പിലെ 1245 ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു. Equitable Distribution of Socio – Economic Resources for Local Level Planning – Role and Responsibility of Department of Economics and Statistics എന്ന വിഷയത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നാഷണൽ സെമിനാറും സംഘടിപ്പിച്ചു.




സാസായുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ശിലാസ്ഥാപനം 2018 ജനുവരിയിൽ ബഹു.കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം മന്ത്രാലയം മന്ത്രി ശ്രീ സദാനന്ദ ഗൗഡ നിർവഹിക്കുകയും പൂർത്തീകരിച്ച കെട്ടിടത്തിന്റെ




ഉദ്ഘാടനം 2021 സെപ്തംബർ 9 ന് ബഹു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം മന്ത്രാലയം മന്ത്രി ശ്രീ റാവു. ഇന്ദർജിത്ത് സിംഗിന്റെ സാന്നിദ്ധ്യത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.

## 2022-23 വർഷം സാസാ നടത്തിയ പരിശീലനങ്ങൾ

2022-23 വർഷത്തെ പരിശീലന കലണ്ടർ പ്രകാരം താഴെ പറയുന്ന പരിശീലന പരിപാടികൾ സാസായിൽ സംഘടിപ്പിച്ചു.

1. Training on Big Data Analysis and Application in official statistics - 23-25 August 2022
2. Training on Effective office Management - 26-27 August 2022
3. Training on Data Presentation and report writing - 29 september, 14 October 2022
4. Trianing on Spatial Data Analysis - 20-22 October 2022

മേൽ പറഞ്ഞ പരിശീലന പരിപാടികളിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് മുതൽ ഡെപ്യൂട്ടി ഡയറക്ടർ വരെ വിവിധ കേഡറിലുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു.

## സാസായിൽ നടത്തിയ മറ്റ് പരിശീലന പരിപാടികൾ

സാസായുടെ ട്രെയിനിംഗ് കലണ്ടർ ഉൾപ്പെടുത്താനായി താഴെ പറയുന്ന പരിശീലന പരിപാടികളും സാസായിൽ വെച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഉദ്യോഗസ്ഥർക്കായി 2022 വർഷത്തിൽ നടത്തുകയുണ്ടായി.

1. ഒരു ദിവസത്തെ PFMS പരിശീലന പരിപാടി - 27/09/2022
2. ഒരു ദിവസത്തെ e-office പരിശീലന പരിപാടി - 18/10/2022.

# ഇക്കോസ്റ്റാറ്റ് ന്യൂസ്

DEPARTMENT OF ECONOMICS AND STATISTICS

★ KERALA ★

DES

*അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്:*
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ഫോൺ: 0471 2305318, ഇ മെയിൽ : ecostatdir@gmail.com, വെബ്സൈറ്റ്: www.ecostat.kerala.gov.in